"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ



| *Vol. XXXVII* | *2009 February* | *No. 2* |
|---|---|---|
| വാർഷിക വരിസംഖ്യ 120 രൂപ, | | ഒറ്റപ്രതി 10 രൂപ |

# ഉള്ളടക്കം


സർക്കുലർ - തിരുബാലസഖ്യദിനം ............................ 95
സർക്കുലർ ................................................................ 99
സർക്കുലർ ................................................................ 103
സ്വതന്ത്ര കുരിശുപള്ളിയായി
ഉയർത്തിക്കൊണ്ടുള്ള ഡിക്രി ........................... 108
ഇടവക സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി ........................ 111
രൂപതാ കച്ചേരി വാർത്തകൾ.................................... 115
വിദ്യാഭ്യാസ സഹായനിധി .......................................... 117
റീജിയണൽ വാർത്തകൾ .......................................... 120
മതബോധനരംഗം ...................................................... 123
ചെറുപുഷ്പമിഷൻലീഗ് ............................................. 126
കെ. സി. വൈ. എം. ................................................. 133
കുടുംബപ്രേഷിതത്വം ................................................ 143
സിയോൻ വാർത്തകൾ................................................ 149
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 153
ജയിൽ മിനിസ്ട്രി ....................................................... 156
സാമൂഹ്യസേവന രംഗം ............................................... 158
ക്രിസ്റ്റീൻ വാർത്തകൾ ................................................ 162
ദൈവവിളി ക്യാമ്പ് ................................................ 163
അറിയിപ്പുകൾ .......................................................... 164
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 166
ബിഷപ്സ് പ്രോഗ്രാം .................................................... 167

# സർക്കുലർ

## തിരുബാലസഖ്യദിനം

**ഫെബ്രുവരി 8**

ഈശോയിൽ പ്രിയ മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ, കുഞ്ഞുങ്ങളെ,

ഫെബ്രുവരി 8-ന് ആഗോളസഭ തിരുബാലസംഖ്യദിനമായി ആചരിക്കുകയാണല്ലോ. കുഞ്ഞുങ്ങളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വച്ച് കൊണ്ട് പ്രവർത്തിക്കുന്നതും ആഗോളകത്തോലിക്കാ സഭ മുഴുവൻ വ്യാപിച്ചു കിടക്കുന്നതുമായ കുട്ടികളുടെ സംഘടനയാണ് തിരുബാലസംഖ്യം. 1843 ൽ ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാക്സൺ ആണ് തിരുബാലസംഖ്യ സംഘടനാ സ്ഥാപകൻ. 1922-ൽ X-ാം പീയൂസ് മാർപ്പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേയ്ക്ക് ഉയർത്തുകയും 1950 - ൽ XI-ാം പീയൂസ് മാർപ്പാപ്പ തിരുബാലസഖ്യദിനം സാർവ്വത്രിക സഭ മുഴുവനും ആചരിക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ 2 -ാം ഞായറാഴ്ചയാണ് തിരുബാലസംഖ്യദിനമായി തിരുസഭ ആചരിക്കുന്നത്. അന്നേ ദിവസം തന്നെ നമ്മുടെ എല്ലാ ഇടവകയിലും തിരുബാലസഖ്യദിനം സമുചിതമായി ആചരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കുഞ്ഞുങ്ങൾ നാടിന്റെ നന്മയാണ്. രാഷ്ട്രത്തിന്റെയും സഭയുടേയും സമ്പത്തുമാണ്. അവരെ നന്മനിറഞ്ഞവരായി ഉത്തമ ദിശാബോധത്തോടെ വളർത്തുവാനുള്ള ഉത്തരവാദിത്വം എല്ലാ മാതാപിതാക്കന്മാർക്കുമുണ്ട്. നസ്രസിലെ പരിശുദ്ധ മാതാവും വി. യൗസേപ്പിതാവുമായിരിക്കണം ഈ കാര്യത്തിൽ മാതാപിതാക്കന്മാരുടെ മാതൃക. ഈശോ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നതു പോലെ നമ്മുടെ എല്ലാ കുഞ്ഞുങ്ങളും വളർന്ന് വരണം എന്നത് പിതാവായ ദൈവത്തിന്റെ സ്വപ്നമാണ്. കുഞ്ഞുങ്ങളെ അവരുടെ ചെറുപ്രായത്തിൽ തന്നെ സഭയോടൊത്ത് ചിന്തിക്കുവാനും ജീവിക്കുവാനും നാം

പ്രാപ്തരാക്കണം. അതിന് തിരുബാലസഖ്യ സംഘടന വഹിക്കുന്ന പങ്ക് വളരെ ശ്രദ്ധേയമാണ്.

എന്നാൽ അതിവേഗം മാറികൊണ്ടിരിക്കുന്ന സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ പരിതസ്ഥിതിയിൽ കുഞ്ഞുങ്ങളുടെ നന്മനിറഞ്ഞ ബാല്യം അപ്രത്യക്ഷമാകുകയാണ്. അനുദിനം മാറികൊണ്ടിരിക്കുന്ന ആശയവിനിമയ സംവിധാനങ്ങളും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമ സംസ്കാരവും കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ വളരെ വലുതാണ്. ഈ വിഷമ ഘട്ടത്തിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് ശരിയായ മൂല്യബോധവും പരിശീലനവും നൽകിയില്ലെങ്കിൽ അവർ ആധിപത്യമനോഭാവമുള്ളവരും സ്വാർത്ഥമതികളുമായി തീരുമെന്നതിൽ സംശയമില്ല. സഹനത്തിനും ത്യാഗത്തിനും സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് കുടുംബബന്ധങ്ങളിൽ പോലും ഉലച്ചിൽ സംഭവിക്കുന്നു. അതുകൊണ്ട് കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ മാതാപിതാക്കന്മാർ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു... “മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻ മൂലം നന്മയുണ്ടാകും സ്നേഹിതരുടെ മുമ്പിൽ അവനെക്കുറിച്ച് അഭിമാനിക്കുകയും ചെയ്യും” (പ്രഭാ: 30:2)

നമ്മുടെ കുഞ്ഞുങ്ങളെ സഭാവിരോധികളും നിരീശ്വരവാദികളുമാക്കി തീർക്കുവാൻ നടക്കുന്ന ശ്രമങ്ങളെ കണ്ടില്ലെന്ന് നടിക്കുവാനാവില്ല. ക്രൈസ്തവർക്കെതിരെ ബൗദ്ധികവും കായികവുമായി അധിനിവേശം നടക്കുകയാണ്. ജനിക്കുവാനും ജീവിക്കുവാനുമുള്ള മനുഷ്യന്റെ മൗലിക അവകാശങ്ങൾക്കുമേൽ പോലും നിയമനിർമ്മാണം നടത്തുന്നു. വിവിധ രാഷ്ട്രീയ പാർട്ടികൾ തങ്ങൾക്ക് അണികളെ വാർത്തെടുക്കുവാൻ വേണ്ടി കുഞ്ഞുങ്ങളിലേയ്ക്ക് ഇറങ്ങി വരുന്നു. സഭയെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യത്തെയും അവഹേളനാപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കുവാൻ ആസൂത്രിത ശ്രമങ്ങൾ നടക്കുന്നതിനേയും നിസാരമായി തള്ളിക്കളയുവാനാവില്ല. ഈ പ്രതിസന്ധിയുടെ കാലഘട്ടത്തിൽ തിരുബാലസഖ്യസംഘടനയുടെ പ്രസക്തി ഏറുകയാണ്.

ആദ്യകുർബാന സ്വീകരിക്കുന്നതുവരെയാണ് കുട്ടികൾ തിരുബാലസഖ്യത്തിൽ പ്രവർത്തിക്കുന്നത്. കുഞ്ഞുങ്ങളുടെ സ്വഭാവരൂപീകരണത്തിൽ പ്രധാനപ്പെട്ടയൊരു കാലയളവാണിത്. നമ്മുടെ നേഴ്സറി

കളും, എൽ.കെ.ജി, യു.കെ.ജി ക്ലാസുകളും നമ്മൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകത ഞാൻ നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഉണ്ണീശോയുടെ സംരക്ഷണയിലാണ് തിരുബാല സഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യാമറിയം മദ്ധ്യസ്ഥയും വി. യൗസേപ്പിതാവും കാവൽമാലാഖയും ഉപമദ്ധ്യസ്ഥരുമാണ്. ഇവരുടെ ആദ്ധ്യാത്മിക സംരക്ഷണയിൽ കുഞ്ഞുങ്ങളെ വളർത്തുവാൻ തിരു ബാലസഖ്യത്തിന് സാധിക്കുന്നു.

ഈ വർഷം ഫെബ്രുവരി 8 നാണ് ആഗോളസഭ തിരുബാലസ ഖ്യദിനമായി ആചരിക്കുന്നത്. "കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായി ക്കട്ടെ. കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്ന താണ് തിരുബാലസഖ്യത്തിന്റെ ആപ്തവാക്യം. തിരുബാലസഖ്യ ദിനാ ചരണത്തിലൂടെ ലോകമെങ്ങുമുള്ള കുഞ്ഞുങ്ങൾ സാർവ്വത്രിക സഭ യുടെ കൂട്ടായ്മയിൽ പങ്കുചേർന്ന് പരസ്പരം സ്നേഹിച്ച് സഭയുടെ വിശ്വാസം ഏറ്റു പറയുന്നു. അന്നേ ദിവസം എല്ലാ ഇടവകകളിലും കുട്ടി കൾക്കുവേണ്ടി വി.കുർബാനയും പൊതുസമ്മേളനവും റാലിയും നട ത്തുവാൻ ശ്രദ്ധിക്കുമല്ലോ. തിരുബാലസഖ്യദിനമാചരിക്കുന്ന ഞായറാ ഴ്ചയിലെ ദിവ്യബലി മദ്ധ്യേ എടുക്കുന്ന സ്തോത്രകാഴ്ചയും തിരുബാ ലസഖ്യാംഗങ്ങൾ ഭവനസന്ദർശനവും മറ്റു പരിപാടികളും വഴി ശേഖ രിക്കുന്ന തുക കൂടി ലോകമെമ്പാടുമുള്ള അനാഥകുഞ്ഞുങ്ങളുടെ സംര ക്ഷണത്തിനും അവരുടെ വിദ്യാഭ്യാസത്തിനുമായി നൽകുന്നതിന് ഫെബ്രുവരി 28-ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

നമ്മുടെ ഇടവകകളിലെ എല്ലാ കത്തോലിക്കാ ബാലികാബാല ന്മാരും ഈ സംഘടനയിൽ അംഗങ്ങളായി ഒന്നിച്ച് പ്രവർത്തിച്ച് ഉണ്ണീ ശോയുടെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. അതി നായി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന രൂപതാ ഫൊറോന ഇടവകാ പ്രവർത്തകരും ബഹു. വികാരിയച്ചന്മാരും ആനിമേറ്റേഴ്സും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. തിരുബാലസഖ്യാംഗങ്ങൾക്ക് ഇടവക, ഫൊറോന, രൂപതാതല പരിപാടികൾ ആസൂത്രണം ചെയ്യുവാൻ എല്ലാ രൂപതാ ഡയറക്ടർമാരും ശ്രദ്ധിക്കേണ്ടതാണ്. സെമിനാറുകൾ, ധ്യാന ങ്ങൾ, കലാമത്സരങ്ങൾ മുതലായവ നടത്താവുന്നതാണ്. എല്ലാ ഇടവ കകളിലും ഒരു സിസ്റ്ററിനെ തിരുബാലസഖ്യ ആനിമേറ്ററായി നിയമി ക്കുന്നത് ഉചിതമാണ്. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാല

സഖ്യാഗങ്ങൾ ആനിമേറ്ററിന്റെ നേതൃത്വത്തിൽ ഒന്നിച്ചുകൂടി പ്രാർത്ഥന നടത്തേണ്ടതും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും ചെയ്യേണ്ടതാണ്. അങ്ങനെ ഭാവി സമൂഹത്തിന് നമുക്ക് അടിത്തറ പണിയാം.

പ്രിയ കുഞ്ഞുങ്ങളെ നിങ്ങളെ എല്ലാവരേയും ഉണ്ണീശോയ്ക്ക് ഞാൻ സമർപ്പിക്കുന്നു. ഈശോയെപ്പോലെ നിങ്ങളും സ്വർഗ്ഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായി തീരുവാൻ പ്രാർത്ഥിക്കുന്നു.

സ്നേഹാശംസകളോടെ,

**ബിഷപ്പ് ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്**
കെ.സി.ബി.സി. ചെയർമാൻ. ബത്തേരി

NB:- ഈ സർക്കുലർ ഫെബ്രുവരി 8 ന് ഞായറാഴ്ച പള്ളികളിൽ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# സർക്കുലർ

*Circular Letter No. 02/2009*
*Prot. No. 7621/2009*

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

കേരള കത്തോലിയ്ക്കാ യുവജന സംഘടനയായ കെ.സി.വൈ.എം. വളരെ സജീവമായി നമ്മുടെ രൂപതയിലും പ്രവർത്തിക്കുന്ന വിവരം നിങ്ങൾക്കേവർക്കും അറിവുള്ള കാര്യമാണല്ലോ. സഭയുടേയും സമൂഹത്തിന്റേയും ഭാവി ഇന്നത്തെ യുവജനങ്ങളുടെ കൈകളിലാണ് നിക്ഷിപ്തമായിരിക്കുന്നത് എന്ന് പറഞ്ഞാൽ അത് അതിശയോക്തിയാകുകയില്ല. ഇത്തരുണത്തിൽ കെ.സി.വൈ.എം. രൂപതാഡയറക്ടർ കൊല്ലാർതോട്ടം ബഹുമാനപ്പെട്ട സണ്ണിയച്ചനെയും ആനിമേറ്റർ ബഹുമാനപ്പെട്ട സിസ്റ്റർ മോളിയേയും രൂപത ഭാരവാഹികളായി പുതുതായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന പ്രസിഡന്റ്:- അനീഷ് ഒമക്കര, വൈസ് പ്രസിഡന്റ്:- ലിജി കളരിക്കൽ - വിളമ്പുകണ്ടം, ജനറൽസെക്രട്ടറി :- സജിൻ ജോസ് ചാലിൽ -പയ്യമ്പള്ളി, സെക്രട്ടറിമാർ:- റിൻസി കൊച്ചുകുടിയിൽ -പ്രശാന്തഗിരി, സന്തോഷ് ഞാറക്കുളം - ചെന്നലോട്, ട്രഷറർ: - ഷിന്റോ മുള്ളൻകുഴിയിൽ-കരിമ്പിൽ, കോർഡിനേറ്റർ:- ജെസോയി മൂങ്ങനാനിയിൽ -വാഴവറ്റ. എന്നിവരേയും നന്ദിപൂർവ്വം ഓർക്കുകയും അവർക്ക് എല്ലാവിധ ദൈവാനുഗ്രഹവും വിജയവും നേരുകയും ചെയ്യുന്നു. അതോടൊപ്പം യുവജനങ്ങളുടെ ക്രൈസ്തവവും ധാർമ്മികവുമായ രൂപീകരണത്തിൽ അതീവ ശ്രദ്ധ പുലർത്തുന്ന ബഹുമാനപ്പെട്ട ഫൊറോനാ ഡയറക്ടർമാരേയും വികാരിയച്ചന്മാരേയും കെ. സി. വൈ. എം. പ്രവർത്തകരായ എല്ലാ യുവജനങ്ങളേയും ഏറെ സ്നേഹത്തോടെ ഓർക്കുന്നു.

എല്ലാവരും ഒരേ മനസ്സോടെയും ഒരേ ലക്ഷ്യത്തോടെയും കഠിനാദ്ധ്വാനം ചെയ്യുകയും പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ അത്ഭുതങ്ങൾതന്നെ പ്രവർത്തിയ്ക്കാൻ കഴിയും എന്നത് നിസ്സംശ

യമാണ്. കേവലം 47 വയസ്സ് മാത്രം പ്രായമുള്ളയാളും ഒരു ആഫ്രിക്കൻ കുടിയേറ്റക്കാരന്റെ മകനുമായ ഇപ്പോഴത്തെ അമേരിക്കൻ പ്രസിഡന്റ് ശ്രീ. ബരാക് ഒബാമയ്ക്ക് ആ പദത്തിൽ എത്താൻ കഴിഞ്ഞെങ്കിൽ തത്തുല്ല്യമായ രീതിയിൽ ഉയരാൻ നമുക്കും കഴിയും. കടുത്ത വർണ്ണവിവേചനം നിലവിലിരുന്ന രാജ്യമാണ് അമേരിയ്ക്ക. കറുത്ത വർഗ്ഗക്കാരുടെ അവകാശങ്ങൾക്ക് വേണ്ടി പ്രവർത്തിച്ച ശ്രീ. മാർട്ടിൻ ലൂതർ കിംഗ് അദ്ദേഹത്തിന്റെ പ്രവർത്തനത്തിന്റെ പേരിൽ വെടിവച്ച് കൊല്ലപ്പെട്ടിട്ട് കഷ്ടിച്ച് അരനൂറ്റാണ്ട് മാത്രമേ ആയിട്ടുള്ളു എന്ന വസ്തുത നാം ഓർക്കണം. പക്ഷേ അദ്ദേഹത്തിനൊരു സ്വപ്നമുണ്ടായിരുന്നു. ആ സ്വപ്നത്തിന്റെ പൂർത്തീകരണമാണ് നാം പ്രസിഡന്റ് ഒബാമയിൽ കാണുന്നത്. ആ സ്വപ്നം എന്നും ഹൃദയത്തിൽ കൊണ്ടു നടന്ന ആളായിരുന്നു ശ്രീ. ഒബാമ. നമ്മുടെ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാം നിരന്തരം നമ്മുടെ രാജ്യത്തെ ജനങ്ങളെ പൊതുവിലും കുട്ടികളെ പ്രത്യേകമായും ഓർമ്മപ്പെടുത്തിയിരുന്ന ഒരു കാര്യമാണ്, നാമെല്ലാം സ്വപ്നം കാണുന്നവരാകണം എന്നത്. കേവലം ദിവാസ്വപ്നങ്ങളല്ല, പ്രത്യുത നമ്മുടെ വ്യക്തിജീവിതത്തെപ്പറ്റിയും സമൂഹജീവിതത്തെപ്പറ്റിയും സഭാജീവിതത്തെപ്പറ്റിയും മറ്റും ഉള്ള പുരോഗമന ചിന്തകളാണവ. സ്ഥിരോത്സാഹവും കഠിനാദ്ധ്വാനവും ഉണ്ടെങ്കിൽ നമ്മുടെ സ്വപ്നങ്ങളെ യാഥാർത്ഥ്യങ്ങളാക്കി മാറ്റാൻ നമുക്ക് ബുദ്ധിമുട്ടുണ്ടാകുകയില്ല. നമ്മുടെ യുവജനങ്ങൾ സ്വപ്നം കാണുന്നവരും അവ യാഥാർത്ഥ്യമാക്കാൻ കഠിനാദ്ധ്വാനം ചെയ്യുന്നവരുമാകണം. അതിന് നാമവരെ പ്രാപ്തരാക്കണം. കെ.സി.വൈ.എം. അതാണ് ലക്ഷ്യം വയ്ക്കുന്നത്.

കെ.സി.വൈ.എം. മാനന്തവാടി രൂപതായൂണിറ്റ് ഈ വർഷം സംഘടനാ ശാക്തീകരണ വർഷമായി ആചരിയ്ക്കുകയാണ്. യുവജനം വിശ്വാസതീക്ഷ്ണതയോടെ രാഷ്ട്രസേവനത്തിന് എന്ന പഠനവിഷയവുമായി പ്രവർത്തനരംഗത്തിറങ്ങുന്ന ഈ യുവജന പ്രസ്ഥാനം മനുഷ്യമഹത്വം, മതേതരത്വം, സന്നദ്ധസേവനം എന്നീ മേഖലകളിൽ ഊന്നൽ കൊടുത്ത് ഈ വർഷം രൂപതയിൽ സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തുവാനും ക്രിയാത്മകമാക്കാനും ആയിട്ടാണ് ഇപ്രകാരമൊരു വർഷാ

ചരണം പ്രഖ്യാപിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ ഏവരുടേയും പ്രത്യേകിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ ശ്രദ്ധ കൂടുതൽ ഉണ്ടാകണം എന്ന് ഓർമ്മപ്പെടുത്തട്ടെ. അതുപോലെതന്നെ മാതാപിതാക്കളും തങ്ങളുടെ യുവാക്കളായ മക്കൾ ഈ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിന് സർവ്വാത്മനാ സഹകരിക്കുകയും സഹായിക്കുകയും ചെയ്യണം. മിക്ക ഇടവകകളിലും സംഘടന വളരെ നന്നായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇനിയും യൂണിറ്റുകൾ സ്ഥാപിക്കപ്പെടാത്ത ഇടവകകളുണ്ട് എന്നറിയുന്നു. അവിടെയെല്ലാം എത്രയും വേഗം യൂണിറ്റുകൾ സ്ഥാപിക്കാൻ ബന്ധപ്പെട്ടവർ ഉത്സാഹിക്കണം. ഈ വർഷാവസാനത്തോടെ കെ.സി.വൈ.എം. യൂണിറ്റുകൾ ഇല്ലാത്ത ഒറ്റ ഇടവകയും ഉണ്ടാകാതിരിക്കട്ടെ.


യുവജനങ്ങളേ, ഇന്നത്തെ സമൂഹത്തെ നവീകരിക്കാൻ യേശുവിന് നിങ്ങളെ ആവശ്യമുണ്ട് എന്ന് പരിശുദ്ധപിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ പറഞ്ഞത് നമുക്കോർക്കാം. പ്രിയ യുവജനങ്ങളേ, ക്രിസ്തുവിന് നിങ്ങളുടെ യുവത്വവും ഊർജ്ജസ്വലതയും ആവശ്യമുണ്ട്. സഹോദരർക്ക് നന്മ ചെയ്യാനുള്ള ക്രിസ്തുവിന്റെ വിളിയ്ക്ക് നിങ്ങളുടെ ജീവിതം സമർപ്പിച്ചുകൊണ്ട് നിങ്ങൾ പ്രത്യുത്തരം നൽകണം. കാലത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാൻ മൂല്യാധിഷ്ഠിതവും ധാർമ്മികതയിൽ അടിയുറച്ചതുമായ ശക്തമായ ഒരു യുവതലമുറ ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഇതിലേയ്ക്കാണ് കെ.സി.വൈ.എം. നിങ്ങളെ ക്ഷണിക്കുന്നത്.

1995-ൽ ഫിലിപ്പൈൻസ് സന്ദർശന വേളയിൽ വൈദികരോടായി ഭാഗ്യസ്മരണാർഹനായ ദൈവദാസൻ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പറഞ്ഞു: *യുവജനങ്ങളുടെ പ്രതീക്ഷയ്ക്ക് പ്രത്യുത്തരം നൽകുന്നത് എങ്ങനെ എന്നറിവുള്ള സഭയാണ് ഇന്ന് ആവശ്യം.* പ്രിയപ്പെട്ട വൈദികരേ, യുവജനങ്ങളെ തുറന്ന മനോഭാവത്തോടെ നമുക്ക് സമീപിക്കാം. അവരുടെ പ്രശ്നങ്ങൾ, മാറുന്ന സാമൂഹ്യാവസ്ഥകൾ അവ അവരിൽ ചെലുത്തുന്ന സ്വാധീനങ്ങൾ എന്നിവയെല്ലാം മുൻവിധിയില്ലാതെ നാം മനസ്സിലാക്കണം. മുതിർന്നവർ യുവജനങ്ങളെ സ്നേഹിക്കാനും, ഉൾക്കൊള്ളാനും, കേൾക്കാനും സന്നദ്ധരാകണം.

അപ്പോഴാണ് യുവത്വം ശാന്തവും ദീപ്തവുമായി സമൂഹത്തിലേയ്ക്കിറങ്ങിവരുന്നത്.

ഈ സാഹചര്യത്തിൽ നിങ്ങളുടെ പ്രത്യേക ശ്രദ്ധയും താത്പര്യവും പ്രവർത്തനവും ഈ വർഷം സവിശേഷമായി നിങ്ങളുടെ ഇടവകയിലെ യുവജനങ്ങൾക്ക് നൽകണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. മാനന്തവാടി കെ.സി.വൈ.എം. 2009 സംഘടനാ ശാക്തീകരണ വർഷമായി പ്രഖ്യാപിച്ച് സംഘടനയെ ശക്തിപ്പെടുത്താൻ നടത്തുന്ന പരിശ്രമങ്ങളോട് നമുക്കും സഹകരിക്കാം. 84 ഇടവകകളിൽ മാത്രമാണ് ഇപ്പോൾ കെ.സി.വൈ.എം. ശാഖകൾ ഉള്ളത്. അതു പോരാ. എല്ലാ ഇടവകകളിലും അതുണ്ടാകണം. യുവത്വം സംഘടിതമാകുമ്പോൾ ഇടവകയുടെ ജീവനും കരുത്തും വർദ്ധമാനമാകുന്നു എന്ന വസ്തുത നാം മറക്കാതിരിക്കേണ്ടതാണ്. അതുപോലെതന്നെ ഇടവകകളിൽ പ്രവർത്തിക്കുന്ന സ്ത്രീ-പുരുഷ സന്യസ്ത സമൂഹങ്ങളും ഇക്കാര്യത്തിൽ പ്രത്യേക താത്പര്യം എടുക്കേണ്ടതാണ്. ഇതെല്ലാം വികാരിയച്ചന്മാരുടെ മാത്രം കടമയാണ് എന്ന ചിന്തയോടെ മാറി നിൽക്കുന്നത് ഒട്ടും ശരിയല്ല. രൂപത നേതൃത്വത്തോട് ആത്മാർത്ഥമായി സഹകരിച്ചുകൊണ്ട് നമുക്ക് നമ്മുടെ യുവജനങ്ങളെ രൂപപ്പെടുത്തി വളർത്താം. അങ്ങനെ കെ.സി.വൈ.എമ്മിനെ സംബന്ധിച്ചിടത്തോളം 2009 യഥാർത്ഥ ശാക്തീകരണ വർഷമായി ഭവിക്കട്ടെ എന്നാശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2009 ജനുവരി മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*NB:- ഈ സർക്കുലർ 2009 ഫെബ്രുവരി മാസം 15-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

# സർക്കുലർ

*Circular Letter No. 03/2009*
*Prot. No. 7640/2009*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കത്തോലിയ്ക്കരുടെ ജീവിതം ജനനം മുതൽ മരണംവരേയും അതിനുശേഷവും പൗരോഹിത്യ ശുശ്രൂഷയുമായി അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുന്ന ഒന്നാണല്ലോ. നമ്മുടെ വിശ്വാസജീവിതത്തിന്റെ കേന്ദ്ര ബിന്ദുവായി നിലകൊള്ളുന്ന വിശുദ്ധ കുർബാനയർപ്പണവും മറ്റ് കൂദാശകളുടെ പരികർമ്മവും സാധ്യമാകുന്നത് പൗരോഹിത്യ ശുശ്രൂഷ സഭയിൽ ഉള്ളതുകൊണ്ടാണ്. രക്ഷാകരകർമ്മത്തിന്റെ ഫലം നമുക്ക് മുമ്പേ കടന്നുപോയവർക്കും ഇന്നുള്ള നമുക്കും ഇനി വരാനിരിക്കുന്നവർക്കും അനുഭവിക്കാൻ സാധിച്ചതും സാധിക്കുന്നതും ഇവയിലൂടെയാണ് എന്ന് നാം വിശ്വസിക്കുന്നു. അതിനാൽ പൗരോഹിത്യശുശ്രൂഷയില്ലാത്ത സഭാജീവിതത്തെപ്പറ്റിയോ ക്രൈസ്തവജീവിതത്തെപ്പറ്റിയോ നമുക്ക് ചിന്തിക്കാൻ സാധിക്കുകയില്ല. കർത്താവിന്റെ രക്ഷാകരകർമ്മത്തിന്റെ തുടർച്ച ഇന്നും സാധ്യമാക്കുന്ന ഈ ശുശ്രൂഷയുടെ ആവശ്യവും മഹത്വവും നാം യഥായോഗ്യം തിരിച്ചറിയുന്നുണ്ടോ എന്ന് കൂടുതൽ പരിശോധിച്ചറിയേണ്ട കാലമാണിത്. ഇതുവരെയും മുടക്കം കൂടാതെ അത് കിട്ടിപ്പോരുന്നതുകൊണ്ട് ഇക്കാര്യത്തിന് വേണ്ടി പ്രത്യേകമായി നാമൊന്നും ചെയ്തില്ലെങ്കിലും തുടർന്നും അങ്ങനെ തന്നെ കിട്ടിക്കൊള്ളും എന്ന ചിന്തയിൽ നമുക്ക് കഴിയാൻ സാധിക്കും എന്ന് തോന്നുന്നില്ല. അതിന് കാരണങ്ങൾ പലതാണ്.

ഏതാനും വർഷങ്ങൾ മുമ്പ് വരെ പൗരോഹിത്യ ശുശ്രൂഷയിലേയ്ക്ക് ധാരാളം ചെറുപ്പക്കാർ കടന്നു വന്നിരുന്നു. അവർക്കതിന് പ്രേരണയും പ്രചോദനവുമായിരുന്നത് അവരുടെ മാതാപിതാക്കളുടെ പ്രോത്സാഹനവും പ്രാർത്ഥനയുമായിരുന്നു. എന്നാൽ ഇന്ന് സ്ഥിതി വളരെ വ്യത്യസ്തമായിരിക്കുന്നു. പൗരോഹിത്യ ശുശ്രൂഷ തെരഞ്ഞെടുക്കുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്. മക്കളുടെ എണ്ണത്തിൽ

വന്ന കുറവ്, മതനിരപേക്ഷമായ ആശയങ്ങളുടെ കടന്നു കയറ്റത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള ദൈവവിശ്വാസക്ഷതം, കുടുംബങ്ങളിൽ കുറഞ്ഞുവരുന്ന വിശ്വാസജീവിതം, ഏറി വരുന്ന ജോലിസാധ്യതകൾ, മാധ്യമങ്ങളുടെ തെറ്റായ സ്വാധീനം തുടങ്ങിയവയെല്ലാം ഇതിന് കാരണങ്ങളാണ്. ഈ സ്ഥിതിയ്ക്ക് മാറ്റം വരണമെങ്കിൽ അടിസ്ഥാനമായി കുടുംബങ്ങളിൽ തന്നെ മാറ്റം ഉണ്ടാകണം. പൗരോഹിത്യ ശുശ്രൂഷയെ വിലമതിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന കുടുംബങ്ങളിൽ നിന്നേ ഈ ശുശ്രൂഷയിലേയ്ക്ക് ചെറുപ്പക്കാർ കടന്നു വരികയുള്ളു. മാതാപിതാക്കളാകട്ടെ തങ്ങളുടെ മക്കളിൽ ആരെങ്കിലുമൊക്കെ ഈ ജീവിതം തെരഞ്ഞെടുക്കണമേ എന്ന് ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യണം. ഇടവക സമൂഹവും ഈ യജ്ഞത്തിൽ സജീവ പങ്കാളികളാകണം.

പൗരോഹിത്യശുശ്രൂഷയിലേക്കുള്ള വിളി സ്വീകരിച്ച് പരിശീലനം നടത്തുന്നവരുടെ വിദ്യാഭ്യാസ ചെലവ് മുഴുവൻ തന്നെ വഹിക്കുന്നത് നല്ലവരായ വിശ്വാസികൾ തരുന്ന സംഭാവന കൊണ്ടാണ്. ഇവരിൽ നല്ലൊരു പങ്കും വിദേശത്തുള്ളവരാണ്. വിദേശത്തുള്ള പല ഇടവകകളും സംഘടനകളും വളരെ ഉദാരമായി സഹായിക്കുന്നത് കൊണ്ടാണ് ഇപ്രകാരം സാധിക്കുന്നത്. എന്നാൽ സമീപഭാവിയിൽ അവ നിലയ്ക്കും എന്ന സൂചനകളാണ് കിട്ടികൊണ്ടിരിക്കുന്നത്. ഇപ്പോൾ കിട്ടുന്നതാകട്ടെ ചെലവാകുന്നതിന്റെ ഒരംശം മാത്രമേ ആകുന്നുള്ളു താനും. ഏതാനും വർഷങ്ങൾക്കുള്ളിൽ വൈദികപരിശീലനത്തിനുള്ള മുഴുവൻ തുകയും പ്രാദേശികമായിത്തന്നെ കണ്ടെത്തേണ്ടി വരും. ഈ ആവശ്യത്തിലേയ്ക്ക് ഇപ്പോൾ തന്നെ എല്ലാ വർഷവും നമ്മുടെ രൂപതയിൽ ഒരു പ്രത്യേക സംഭാവന എടുക്കാറുണ്ടല്ലോ. ഫെബ്രുവരി 28 ന് ഞായറാഴ്ചയാണ് ഈ വർഷം അപ്രകാരം ചെയ്യുന്നത്. നമ്മുടെ തന്നെ നല്ല ഭാവിയെ കരുതി അതിലേയ്ക്ക് നിങ്ങൾ ഉദാരമായി സംഭാവന ചെയ്യണം എന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം മുൻകൂട്ടി പള്ളിയിൽ അറിയിക്കുകയും കിട്ടുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണം. അതോടൊപ്പം ഇപ്പോൾ വൈദിക പരിശീലനം നടത്തികൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ നല്ല വൈദികരായി പുറത്തുവരാൻ വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം. നിങ്ങളുടെ സംഭാവനകൾക്കും പ്രാർത്ഥനയ്ക്കും മുൻകൂട്ടി നന്ദി പറയുന്നു.

മാനന്തവാടി രൂപതയിൽ ഇപ്പോൾ ആകെ 209 വൈദികരാണുള്ളത്. ഈ വർഷം ഈസ്റ്ററിന് ശേഷം രണ്ട് പേർ കൂടി വൈദിക പട്ടം സ്വീകിക്കും. ഇവരിൽ 160 പേർ മാത്രമാണ് സജീവമായി രൂപതയിൽ സേവനം ചെയ്യുന്നത്. ശേഷിക്കുന്നവരിൽ 18 പേർ മറ്റ് രൂപതകളിലും മേജർ സെമിനാരി പോലെയുള്ള സ്ഥാപനങ്ങളിലുമായി സേവനം ചെയ്യുന്നു. 15 പേർ ഉപരിപഠനം നടത്തുന്നവരാണ്. ശേഷിക്കുന്നവർ വാർദ്ധക്യം മൂലമോ രോഗം മൂലമോ മറ്റ് കാരണങ്ങളാലോ സജീവ സേവന രംഗത്ത് നിന്ന് പിൻമാറിയവരാണ്.

രൂപതാ വൈദികർ സ്ഥിരതാമസമുള്ള 126 ഇടവകകളാണ് നമ്മുടെ രൂപതയിൽ ഉള്ളത്. അവയിൽ 17 ഇടവകകളിൽ വികാരിമാർക്ക് പുറമേ അസ്തേന്തിമാരും ഉണ്ട്. അങ്ങനെ ഇടവകകളിൽ മാത്രമായി 143 വൈദികർ സേവനം ചെയ്യുന്നു. ശേഷിക്കുന്ന 17 പേർ ബിഷപ്സ് ഹൗസ്, മൈനർ സെമിനാരി, പാസ്റ്ററൽ സെന്റർ, മതബോധനം, വിവിധ ഭക്ത സംഘടനകൾ സാമൂഹ്യപ്രവർത്തനവകുപ്പ്, സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റ്, ആശുപത്രി, ബാലഭവനുകൾ, എസ്റ്റേറ്റുകൾ തുടങ്ങിയവയിൽ സേവനമനുഷ്ഠിക്കുന്നു. ഇവരിൽ മിക്കവർക്കും ഇടവകകളുടെ ഉത്തരവാദിത്വവുമുണ്ട്. 15 ഇടവകകളിൽ സന്യാസ വൈദികരാണ് വികാരിമാരായി സേവനമനുഷ്ഠിക്കുന്നത്. രൂപതാവൈദികർ കുറവുള്ളപ്പോൾ ആ കുറവ് നികത്തുന്നത് സന്യാസസഭാ വൈദികരാണ്. ചുരുക്കത്തിൽ വൈദികരുടെ എണ്ണം ഇനിയും ഗണ്യമായി വർദ്ധിച്ചെങ്കിലേ രൂപതയിലെ അജപാലനം സുഗമമായി മുമ്പോട്ട് പോകുകയുള്ളു.

രൂപതാവൈദികരുടെ കുറവുള്ളപ്പോൾ എന്തിനാണ് മറ്റ് രൂപതകളിലേയ്ക്കും മേജർ സെമിനാരി തുടങ്ങിയ സ്ഥാപനങ്ങളിലേയ്ക്കും വൈദികരെ ഇവിടെ നിന്ന് അയയ്ക്കുന്നത് എന്ന ചോദ്യമുയരാം. നമുക്ക് ഇപ്രകാരം വളരാൻ കഴിഞ്ഞത് രൂപതയുടെ ആരംഭകാലത്തും പിന്നീടും ഇപ്പോഴും മറ്റ് പലരുടേയും ഔദാര്യം കൊണ്ടാണ് എന്നത് മാത്രമാണ് അതേപ്പറ്റി പറയാൻ കഴിയുന്നത്. അതുപോലെ നമ്മുടെ വൈദികരുടെ സേവനം കൊടുക്കാൻ നമുക്കും കടപ്പാടുണ്ട്.

പത്താം ക്ലാസ് കഴിഞ്ഞ് ഇനിയെന്ത് എന്ന ചോദ്യവുമായി കുട്ടികൾ ഒരു നാൽക്കവലയിലെന്ന പോലെ നിൽക്കുന്ന അവസരമാണല്ലോ ഇത്. തങ്ങളുടെ വിളി തിരിച്ചറിയാനും രൂപതാ വൈദികരാകാൻ താൽപ

ര്യമുള്ളവർക്ക് അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുന്നതിനുമായിട്ടുള്ള ദൈവവിളി ക്യാമ്പ് ഏപ്രിൽ മാസം 15 മുതൽ 18 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. അതിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ *വൊക്കേഷൻ പ്രൊമോട്ടർ, മൗണ്ട് മേരി കോളേജ്, പോസ്റ്റ് ബോക്സ് നമ്പർ1, മാനന്തവാടി 670 645* എന്ന മേൽവിലാസത്തിൽ ഏപ്രിൽ മാസം 9-ാം തീയതിക്കു മുമ്പായി ബന്ധപ്പെടേണ്ടതാണ്. കൂടുതൽ വിവരങ്ങൾ അപ്പോൾ ലഭ്യമാക്കുന്നതാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അനുയോജ്യരായ കുട്ടികളെ കണ്ടെത്തി ക്യാമ്പിലേയ്ക്ക് പറഞ്ഞു വിടാൻ പ്രത്യേകം ശ്രദ്ധിക്കണം എന്നഭ്യർത്ഥിക്കുന്നു. അപേക്ഷകർ പത്താം ക്ലാസ് ജയിച്ചവരോ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവരോ ആയ ആൺകുട്ടികൾ ആയിരിക്കണം.


സന്യാസ സമൂഹങ്ങളിൽ അർത്ഥികളായി ചേരാൻ താൽപര്യപ്പെടുന്നവരും ഈ ക്യാമ്പിൽ സംബന്ധിച്ചിരിക്കണം. അതുപോലെ തന്നെ സന്യാസസഭകളിൽ ചേരുന്നതിന് മുമ്പായി രൂപതാ വൊക്കേഷൻ ബ്യൂറോയിൽ നിന്ന് അനുമതിപത്രവും വാങ്ങിയിരിക്കണം. അനുമതിപത്രത്തിന് വരുമ്പോൾ സ്ഥലത്തെ വികാരിയച്ചന്റെ കത്ത് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. അതുപോലെ തന്നെ സന്യാസസമൂഹങ്ങളുടെ വൊക്കേഷൻ പ്രൊമോട്ടർമാർ യാതൊരു കാരണവശാലും ഇടവകവികാരിയുടേയും രൂപതാ വൊക്കേഷൻ പ്രൊമോട്ടറുടേയും അനുമതിയില്ലാതെ കുട്ടികളെ അർത്ഥികളായി കൊണ്ടുപോകാൻ പാടുള്ളതുമല്ല.

പെൺകുട്ടികൾക്കുള്ള ദൈവവിളി ക്യമ്പ് മാർച്ച് മാസം 31 മുതൽ ഏപ്രിൽ 3 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. പത്താം ക്ലാസ് പാസ്സായവരോ പത്താംക്ലാസ് പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവരോ ആയ പെൺകുട്ടികൾ മാർച്ച് മാസം 23-ാം തീയതിക്കുമുമ്പായി മുകളിൽ കൊടുത്ത വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്. ആൺകുട്ടികളുടെ കാര്യത്തിൽ പറഞ്ഞ എല്ലാ നിബന്ധനകളും പെൺകുട്ടികളുടെ കാര്യത്തിലും പാലിയ്ക്കപ്പെടേണ്ടതാണ് എന്ന കാര്യം ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഏപ്രിൽ 20 – 23 തീയതികളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മണിമൂളി റീജണൽ പാസ്റ്ററൽ സെന്ററിൽ വച്ചും ക്യാമ്പ് നടത്തപ്പെടുന്നതാണ്.

മാനന്തവാടി രൂപതയിൽ ഭവനങ്ങൾ ഇല്ലാത്ത സന്യാസ സമൂഹങ്ങളുടെ വൊക്കേഷൻ പ്രൊമോട്ടർമാർക്ക് ക്യാമ്പുകളുടെ സമയത്ത് കുട്ടികളെ കാണാനും തങ്ങളുടെ സമൂഹങ്ങളെപ്പറ്റി പറയാനും വേണമെങ്കിൽ സമയം ആവശ്യപ്പെടാവുന്നതാണ്. അക്കാര്യത്തിനായി രൂപതാ വൊക്കേഷൻ പ്രൊമോട്ടറേയാണ് സമീപിക്കേണ്ടത്. തനിയേ ഇടവകകളിലും സ്കൂളുകളിലും പോയി കുട്ടികളെ കാണുന്നത് ഒഴിവാക്കേണ്ടതാണ്. അതുപോലെ തന്ന സന്യാസസമൂഹങ്ങൾ തമ്മിൽ ഇക്കാര്യത്തിൽ അനാശാസ്യമായ മത്സരങ്ങളും ഉണ്ടാകരുത് എന്നോർമ്മിപ്പിക്കട്ടെ.

പ്രിയപ്പെട്ട കുട്ടികളേ, സഭയുടെ ഭാവി നിങ്ങളുടെ തീരുമാനത്തെ ആശ്രയിച്ചാണിരിക്കുന്നത്. സഭയിലൂടെ യേശുവിന്റെ രക്ഷാകര ദൗത്യം തുടർന്നുകൊണ്ട് പോകണമെങ്കിൽ നിങ്ങളുടെ സഹകരണം കൂടിയേ തീരു. വൈദികനില്ലാത്ത ഇടവകയും സമർപ്പിതരില്ലാത്ത മഠങ്ങളും നമ്മുടെ ക്രൈസ്തവജീവിതത്തിന്റെ ആക്കം കുറയ്ക്കും എന്ന കാര്യം നമുക്ക് മറക്കാതിരിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2009 ജനുവരി മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*NB:- ഈ സർക്കുലർ 2009 ഫെബ്രുവരി മാസം 22-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

***Prot. No. 7375/2008***

## സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തിക്കൊണ്ടുള്ള ഡിക്രി

മാനന്തവാടി രൂപതയുടെ മെത്രാനായ മാർ ജോസ് പൊരുന്നേടം മംഗളം (കുറ്റിയാംവയൽ) നല്ലയിടയൻ ഇടവകയുടെ കീഴിലുള്ള പന്തിപ്പൊയിൽ അമലോത്ഭവമാതാവിന്റെ നാമത്തിലുള്ള കുരിശുപള്ളിയെ സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

മാനന്തവാടി രൂപതയുടെ ആരംഭകാലം മുതൽ നിലവിലുള്ള മംഗളം ഇടവകയുടെ കുരിശുപള്ളിയാണ് പന്തിപ്പൊയിൽ. പരി. അമലോത്ഭവമാതാവാണ് ഇതിന്റെ മധ്യസ്ഥ. 13-7-2008 ന് പന്തിപ്പൊയിലിൽ ആ പ്രദേശത്തുള്ള 79 പേർ പങ്കെടുത്ത യോഗവും, 20-7-2008 ന് മംഗളം ഇടവകയിൽ 131 പേർ പങ്കെടുത്ത പൊതുയോഗവും പന്തിപ്പൊയിൽ കുരിശുപള്ളിയെ ഒരു സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. 1-7-2008 ന് മംഗളം ഇടവകയുടെ വികാരി ബഹു. തോമസ് പ്ലാശനാൽ അച്ചനും ഇടവകയുടെ പ്രത്യേക സാഹചര്യങ്ങൾ പഠിച്ച് മംഗളം ഇടവകയിലെ 7-ാം വാർഡിൽപ്പെടുന്ന 36 കുടുംബങ്ങൾ ഉൾപ്പെടുന്ന പന്തിപ്പൊയിൽ കുരിശുപള്ളിയെ ഒരു സ്വതന്ത്രകുരിശുപള്ളിയായി ഉയർത്തണമെന്ന് ശുപാർശ ചെയ്തിരുന്നു. നിലവിൽ പന്തിപ്പൊയിലിൽ അവിടുത്തുകാരുടെ ആത്മാർത്ഥമായ അദ്ധ്വാനഫലമായി 2000 ചതുരശ്ര അടി വിസ്തീർണ്ണവും 300 പേരെ ഉൾക്കൊള്ളാൻ കഴിയുന്നതുമായ ഒരു പള്ളി നിർമ്മിക്കപ്പെടുകയും, 2004 ഒക്ടോബർ 27-ാം തീയതി മാനന്തവാടി രൂപതയുടെ ഇടയനായ മാർ ജോസ് പൊരുന്നേടം പിതാവ് അതു വെഞ്ചരിക്കുകയും ചെയ്തിരുന്നു. കൂടാതെ ഈ പ്രദേശം മംഗളത്തു നിന്ന് 6 കിലോമീറ്റർ അകലെയുമാണ് സ്ഥിതി ചെയ്യുന്നത്.

ഈ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് 2008 ഡിസംബർ 8 മുതൽ പന്തിപ്പൊയിൽ അമലോത്ഭവമാതാ കുരിശുപള്ളിയെ സ്വതന്ത്ര മായ പൊതുയോഗവും കൈക്കാരന്മാരും, കണക്കുമുള്ള ഒരു സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തുന്നു. ഒരു സ്വതന്ത്ര കുരിശുപള്ളിയുടെ എല്ലാ അവകാശങ്ങളും അധികാരങ്ങളും കടമകളും അന്നുമുതൽ പന്തി പ്പൊയിൽ കുരിശുപള്ളിക്കുണ്ടായിരിക്കും. ഇനിമുതൽ താഴെ പറയുന്ന അതിർത്തികൾക്കുള്ളിൽ താമസിക്കുന്ന 36 കുടുംബങ്ങളുടെയും ഭാവി യിൽ ഈ സ്വതന്ത്ര കുരിശുപള്ളിയുടെ അതിർത്തിയിൽ കുടിയേറി പാർക്കുന്നവരുടെയും ആദ്ധ്യാത്മിക സംരക്ഷണവും, എല്ലാ കൂദാശ കളും പരികർമ്മം ചെയ്യുന്നതിനും ആദ്ധ്യാത്മിക ശുശ്രൂഷ നിർവ്വഹി ക്കുന്നതിനുമുള്ള അധികാരവും കടമയും ഇപ്പോൾ സ്ഥാപിതമായിരി ക്കുന്ന പന്തിപ്പൊയിൽ സ്വതന്ത്ര കുരിശുപള്ളിയുടെ ബഹു. വികാരിക്കും അദ്ദേഹം നിയമാനുസൃതം അധികാരപ്പെടുത്തുന്നവർക്കും മാത്രമായി രിക്കും. അപ്രകാരം അധികാരപ്പെടുത്താതെ നടത്തുന്ന കൂദാശകളു ടെ, വിശിഷ്യ വിവാഹത്തിന്റെ സാധുത ചോദ്യം ചെയ്യപ്പെടുന്നതായി രിക്കും.

**അതിർത്തികൾ** - മംഗളം ഇടവകയുടെ 7-ാം വാർഡിൽ

1. കിഴക്ക് - ശ്രീ. മലേക്കണ്ടം ചാക്കോയുടെ ഭവനം മുതൽ ശ്രീ. മലേ ക്കണ്ടം വർഗ്ഗീസിന്റെ ഭവനം ഉൾപ്പെടെ.
2. വടക്ക് - ശ്രീ. പുത്തൻപുര ഫിലിപ്പിന്റെ ഭവനം മുതൽ ശ്രീ. വേലി ക്കകത്ത് ബിജുകുര്യന്റെ ഭവനം ഉൾപ്പെടെ.
3. പടിഞ്ഞാറ് - ശ്രീ. കാഞ്ഞിരത്തിങ്കൽ പൈലിയുടെ ഭവനം മുതൽ ശ്രീ. പരക്കുന്നേൽ മാത്യുവിന്റെ ഭവനം ഉൾപ്പെടെ.
4. തെക്ക് - ശ്രീ. ഇലവുംകുന്നേൽ ജോസഫിന്റെ ഭവനം മുതൽ ശ്രീ. പുന്നക്കാക്കുഴി വർഗ്ഗീസിന്റെ ഭവനം ഉൾപ്പെടെ.

ഈ സ്വതന്ത്ര കുരിശുപള്ളിയുടെ സാമ്പത്തിക നടത്തിപ്പിനായി മാസവരിയിലൂടെ പണം കണ്ടെത്താനുള്ള ഇടവകക്കാരുടെ തീരുമാനം അംഗീകരിക്കുന്നു.

സ്വതന്ത്രമായി ഒരു സിമിത്തേരി ഉണ്ടാകുന്നതുവരെ മംഗളം പള്ളി സിമിത്തേരി ഉപയോഗിക്കാൻ പന്തിപ്പൊയിലുകാർക്ക് അവകാശ മുണ്ടായിരിക്കുന്നതാണ്. പുതുതായി പന്തിപ്പൊയിൽ കുരിശുപള്ളിയുടെ അതിർത്തിയിൽ താമസമാക്കുന്നവർ മംഗളം പള്ളിയുടെ സിമിത്തേരി ഉപയോഗിക്കുമ്പോൾ മംഗളം പള്ളി നിശ്ചിച്ചിരിക്കുന്ന ന്യായമായ ഒരു തുക സിമിത്തേരി നിർമ്മാണ ഫണ്ടിലേയ്ക്ക് നൽകേണ്ടതാണ്. ഒരു

പുതിയ ഇടവക രൂപം കൊള്ളുമ്പോൾ മാതൃ ഇടവകയിൽ നിന്ന് ന്യായ മായ ഒരു ഓഹരി കൊടുക്കുന്ന പതിവുണ്ട്. മംഗളം ഇടവകയുടെ സാമ്പ ത്തിക സ്ഥിതി ഭദ്രമല്ലാത്തതിനാൽ പന്തിപ്പൊയിൽ കുരിശുപള്ളിയുടെ അതിർത്തിയിൽപെട്ടവർ മംഗളം പള്ളിയിൽ അടയ്ക്കാത്ത കുടിശ്ശിക പന്തിപ്പൊയിലിൽ തന്നെ പിരിച്ചെടുത്ത് അനുഭവിക്കാവുന്നതാണ്.

പുതിയ സ്വതന്ത്ര കുരിശുപള്ളിയുടെ വികാരിയായി, മംഗളം പള്ളി വികാരി ബഹു. തോമസ് പ്ലാശ്ശനാൽ അച്ചനെത്തന്നെ നിയമി ക്കുന്നു. ബഹു. പ്ലാശ്ശനാൽ അച്ചനും മുൻ വികാരിമാരും കൈക്കാര ന്മാരും കമ്മിറ്റിക്കാരും പന്തിപ്പൊയിലിനുവേണ്ടി ചെയ്ത സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. പുതിയ സ്വതന്ത്ര കുരിശുപള്ളിയേയും, ബഹു. വികാരിയച്ചനേയും, ഭരണസമിതി അംഗങ്ങളേയും മറ്റെല്ലാവ രേയും നമ്മുടെ ഇടയനായ ക്രിസ്തു ധാരാളമായി അനുഗ്രഹിക്കുകയും വഴി നടത്തുകയും ചെയ്യട്ടെ. പരി. അമലോത്ഭവ മാതാവിന്റെ മാദ്ധ്യസ്ഥം ധാരാളമായി ഉണ്ടാകട്ടെ.

മാനന്തവാടി രൂപത കാര്യാലയത്തിൽനിന്നും രണ്ടായിരത്തി എട്ടാ മാണ്ട് നവംബർ മാസം ഇരുപതാം തീയതി നൽകപ്പെട്ടത്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

*Prot. No. 7549/2008*

## ഇടവക സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി

മാനന്തവാടി രൂപതയുടെ മെത്രാനായ മാർ ജോസ് പൊരുന്നേടം പ്രശാന്തഗിരി വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിലുള്ള പുതിയ ഇടവക സ്ഥാപിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

പോരൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽനിന്ന് 5-ലധികം കിലോമീറ്റർ ദൂരത്ത് താമസിക്കുന്ന ഇടവകാഗംങ്ങൾക്ക് സ്വന്തമായി ഒരു ഇടവക സ്ഥാപിക്കണമെന്ന ആശയം ഉണ്ടായത് 15-01-1990 - ൽ പോരൂർ ഇടവകയുടെ അന്നത്തെ 8-ാം വാർഡിൽ പ്രാർത്ഥനാ കൂട്ടായ്മയ്ക്ക് വികാരിയായിരുന്ന ബഹുമാനപ്പെട്ട വിൻസെന്റ് താമരശ്ശേരിലച്ചൻ സന്നിഹിതനായിരുന്ന അവസരത്തിലാണ്. തുടർന്ന് അനുയോജ്യമായ നാലേക്കർ പതിനാറു സെന്റു സ്ഥലം രൂപതയുടെ സഹായത്തോടെ വാങ്ങുകയും ആ വർഷംതന്നെ തറ നിരത്തി അവിടെ പന്തൽ കെട്ടി മാർച്ച് 19-ന് വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിക്കുകയും ചെയ്തു. 1992-ൽ ഒരു താൽക്കാലിക ഷെഡ് ഉണ്ടാക്കി ഇടയ്ക്കൊക്കെ വി. കുർബാന അർപ്പിച്ചുപോന്നു. 20-10-1996-ൽ ബഹുമാനപ്പെട്ട മാത്യു അത്തിക്കലച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗമാണ് സ്ഥിരമായ ഒരു സംവിധാനത്തെക്കുറിച്ച് ചിന്തിക്കുകയും അതിനായി തീരുമാനമെടുക്കുകയും ചെയ്തത്. 14-05-1998 ന് ബഹുമാനപ്പെട്ട അത്തിക്കലച്ചന്റെയും അസ്തേന്തിയായിരുന്ന ബഹുമാനപ്പെട്ട കളപ്പുര അലക്സച്ചന്റെയും നേതൃത്വത്തിൽ പുതുതായി നിർമ്മിച്ച കപ്പേളയിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു. അതിനുശേഷം ആഴ്ചയിൽ ഒരു കുർബാന ചൊല്ലുവാനുള്ള സംവിധാനമായി. അതുപോലെതന്നെ ക്രിസ്തുമസ്,

വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ, 8 നോമ്പാചരണം, ഒക്ടോബർ മാസത്തിലെ കൊന്തനമസ്ക്കാരം തുടങ്ങിയവയും പ്രശാന്തഗിരിയിൽ ആചരിച്ചുപോന്നു. ബഹുമാനപ്പെട്ട ചാണ്ടി പുനക്കാട്ടച്ചൻ വികാരി ആയി രിക്കവെ 08-06-2002 മുതൽ ഞായറാഴ്ച കുർബാന രാവിലെ 7.30-ന് അർപ്പിക്കുവാൻ തുടങ്ങി. 26-06-2002 മുതൽ ഒന്നുമുതൽ മൂന്നുവരെ യുള്ള കുട്ടികൾക്ക് വേദപാഠം ആരംഭിച്ചു. തുടർന്ന് മാമ്മോദീസ, വിവാഹം എന്നീ കൂദാശകൾ പ്രശാന്തഗിരി പള്ളിയിൽവെച്ച് തന്നെ നട ത്തിവരുന്നു. 18-08-2004 ന് ഞാൻ പ്രശാന്തഗിരി സന്ദർശിച്ച അവസര ത്തിലാണ് ഒരു സ്വതന്ത്ര ഇടവകയാകുന്നതിനെക്കുറിച്ചുള്ള ആശയം ഉണ്ടാകുന്നതും സിമിത്തേരി, പള്ളിമുറി എന്നിവ പണിയുവാനും ഒരു വികാരിയെ നിയമിക്കുവാൻ അനുഭാവപൂർണ്ണമായ തീരുമാനമുണ്ടാകു ന്നതും.

ഇപ്രകാരം സ്വതന്ത്രമായ അജപാലനപ്രവർത്തനങ്ങളുമായി മുൻമ്പോട്ടുപോകുന്ന പ്രശാന്തഗിരിയെ ആ പ്രദേശത്തെ ദൈവജന ത്തിന്റെ താല്പര്യം പരിഗണിച്ചും, 16-12-2008 ന് ചേർന്ന വൈദികരുടെ സെനറ്റി (Presbyteral Council) ന്റെ അഭിപ്രായം കണക്കിലെടുത്തും, എന്നാൽ രൂപതാ മെത്രാൻ എന്ന നിലയിൽ എനിക്കുള്ള അധികാര മുപയോഗിച്ചും 2008 ഡിസംബർ 25- നമ്മുടെ കർത്താവിന്റെ പിറവിത്തി രുന്നാൾമുതൽ സ്വതന്ത്ര ഇടവകയായി ഉയർത്തുന്നു. സെന്റ് ജോസഫ്സ് ചർച്ച് എന്നതായിരിക്കും ഈ ഇടവകയുടെ ഔദ്യോഗിക നാമം. ഈ രൂപതയിലുള്ള മറ്റ് ഇടവകകൾക്കുള്ള എല്ലാ അവകാശാ ധികാരങ്ങളും കടമകളും അന്നുമുതൽ പ്രസ്തുത ഇടവകയ്ക്ക് ഉണ്ടാ യിരിക്കുന്നതാണ്.

താഴെ പറയുന്ന അതിർത്തിക്കുള്ളിൽ താമസിക്കുന്നവരും ഇനി താമസക്കാരായി വരുന്നവരുമായ സീറോ-മലബാർ സഭാംഗങ്ങൾ ഇനി മുതൽ മേൽ ഇടവകയുടെ അംഗങ്ങൾ ആയിരിക്കും.

**അതിർത്തികൾ**

തെക്ക് വാളാട് അങ്ങാടി, കിഴക്ക് വാളാട് - നാഗത്താൻകുന്ന്- ചുള്ളി റോഡ് തുടങ്ങി ശ്രീ. കൊച്ചുകുടി കുര്യൻ, പുളിക്കൽ ശ്രീ. ജോസ്, ശ്രീ. ജോണി, ശ്രീ. ദേവസ്യ എന്നിവരുടെ വീടുകൾ ഉൾപ്പെടുത്തി

വെൺമണി റോഡ്, വടക്ക് ചേന്നാട്ട്-ആലക്കൽ റോഡ് മന്നത്ത് കവല വരെ, പടിഞ്ഞാറ് വാളാട്-പേരിയ പുഴ എന്നിവയായിരിക്കും.

ഈ അതിർത്തിയിൽപ്പെടുന്ന എന്നാൽ വിവിധ കാരണങ്ങളാൽ പോരൂർ പള്ളിയിൽത്തന്നെ തുടരാൻ താൽപര്യപ്പെടുന്ന ചുവടെ കൊടുക്കുന്ന 13 വീട്ടുകാർമാത്രം പോരൂർ ഇടവകാംഗങ്ങളായി തുടരുന്നതാണ്. എന്നാൽ ഈ കുടുംബങ്ങളിൽനിന്ന് ആരെങ്കിലും വീടുവച്ച് പ്രശാന്തഗിരി ഇടവകാതിർത്തിയിൽ മാറി താമസിച്ചാൽ അവർ പ്രശാന്തഗിരി ഇടവകക്കാരായിരിക്കും. ഈ ഇടവകാതിർത്തിയിൽപ്പെടുന്ന വാളാട് ടൗണിലുള്ള കുരിശടി പ്രശാന്തഗിരി ഇടവകയുടെ കീഴിലായിരിക്കും.

**പോരൂർ ഇടവകയിൽ തുടരുന്ന കുടുംബങ്ങൾ**

1. തോട്ടുചാലിൽ മത്തായി
2. വട്ടംകണ്ടത്തിൽ ജോസഫ് (ബെന്നി)
3. പീക്കുന്നേൽ ജോണി
4. മണ്ണാപറമ്പിൽ ചാണ്ടി
5. മണ്ണാപറമ്പിൽ മാത്യു
6. മടത്തോട്ടത്തിൽ അബ്രാഹം
7. പീക്കുന്നേൽ ജോസഫ്
8. വാതല്ലൂർ ആഗസ്തി
9. മോണോത്ത് സെബാസ്റ്റ്യൻ
10. കവിയിൽ ആഗസ്തി
11. പാറയ്ക്കൽ ഉലഹന്നൻ
12. പുത്തൻപുരയിൽ ജോസഫ്
13. മണ്ണാപറമ്പിൽ ബേബി

ഇടവകയുടെ പ്രഥമവികാരിയായി ബഹുമാനപ്പെട്ട പോൾ ഇടയക്കൊണ്ടാട്ടച്ചനെ ഞാൻ നിയമിക്കുന്നു. അതുപോലെ തന്നെ തങ്ങളുടെ ഇടയനും ആത്മീയപിതാവുമായി അച്ചനെ സ്വീകരിച്ച് സ്നേഹിക്കുകയും ബഹുമാനിക്കുകയും എല്ലാകാര്യങ്ങളിലും യഥായോഗ്യം അനുസരിക്കുകയും അദ്ദേഹത്തോട് സഹകരിക്കുകയും ഇടവകയുടെ നന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണെന്ന കാര്യം അവിടുത്തെ പ്രിയപ്പെട്ട ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

പുതിയ ഇടവകയുടെ ബഹുമാനപ്പെട്ട വികാരിയച്ചനെയും,

ഇടവക ജനങ്ങളേയും നല്ല ഇടയനായ ഈശോ, ഇടവക മദ്ധ്യസ്ഥ നായ വിശുദ്ധ യൗസേപ്പിന്റെ മദ്ധ്യസ്ഥയിലൂടെ ധാരാളമായി അനുഗ്ര ഹിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാ വായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2008 ഡിസംബർ മാസം 23-ാം തീയതി നൽകപ്പെട്ടത്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# രൂപതാകച്ചേരി വാർത്തകൾ

**2009 - 2010 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ്**

നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടേയും ബഡ്ജറ്റ് തയ്യാറാക്കാനുള്ള അവസരമാണല്ലോ ഇത്. ബഹു. ഇടവക വികാരിമാർ കൈക്കാരന്മാരെയും കണക്കനേയും വിളിച്ചുചേർത്ത് ബഡ്ജറ്റിന്റെ കരടുരൂപം തയ്യാറാക്കുകയും പാരിഷ് കൗൺസിലിൽ ചർച്ച ചെയ്ത് വ്യക്തമായ രൂപം നൽകി വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കി ആണ്ടുതിരട്ടിനോടൊപ്പം രൂപതാ കേന്ദ്രത്തിലെത്തിക്കേണ്ടതാണ്. കഴിഞ്ഞവർഷം മുതൽ ചാർട്ടേഡ് അക്കൗണ്ടന്റിനെകൊണ്ട് രൂപതയിലെ എല്ലാ ഇടവകകളുടെയും സ്ഥാപനങ്ങളുടേയും കണക്കുകൾ ഓഡിറ്റു ചെയ്യിച്ച് വരികയാണല്ലോ? കഴിഞ്ഞവർഷം ഓഡിറ്റേഴ്സ് നൽകിയ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാനും കണക്കുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കാനും പ്രത്യേകം ശ്രദ്ധിക്കണമെന്ന് മുൻകൂട്ടി ഓർമ്മിപ്പിക്കുന്നു. ഒരുകാര്യംകൂടി പ്രത്യേകം ശ്രദ്ധിക്കുമല്ലോ ഇടവകയിലെ/സ്ഥാപനത്തിലെ സാധന വിവര (Inventary) ബുക്കും കാലോചിതമായി നവീകരിച്ച് അതിന്റെ ഒരു കോപ്പികൂടി രൂപതാ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

**സ്നേഹസ്മരണ**

ഫെബ്രുവരി 15-ാം തീയതി ബഹു. ജെയിംസ് കരോട്ടച്ചന്റെ ചരമവാർഷികദിനമാണ്. അച്ചനെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും സ്നേഹപൂർവ്വം ഓർക്കാം.

**തിരുബാലസഖ്യദിനം**

അടുത്ത 8-ാം തീയതി ഞായറാഴ്ച തിരുബാലസഖ്യദിനമാണ്. അന്ന് പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് തിരുബാലസഖ്യ പ്രസ്ഥാ

നത്തിന് അയച്ചുകൊടുക്കുന്നതിനുവേണ്ടി രൂപതാകേന്ദ്രത്തിൽ എത്തിച്ച് തരേണ്ടതാണ്.

**Announcement**

Rev. Fr. Paul Kachappilly, a priest belonging to the eparchy of Mananthavady and who is now under suspension has maintained no contact with the eparchial authorities since August 2008. All the efforts to contact him were in vain. Hence, if anybody comes to know about his whereabouts, kindly inform the eparchial authorities of Mananthavady as early as possible.

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## അറിയിപ്പ്

പുതുതായി ഒരു കുടുംബം ഇടവക ചേരുവാൻ വരുമ്പോൾ പൂരിപ്പിച്ച് സമർപ്പിക്കേണ്ട ഒരു അപേക്ഷ ഫോറവും ബഹു. വികാരിയച്ചന്റെ പ്രത്യേക സേവനവും സമയവും തീയതിയും രേഖപ്പെടുത്തുവാനുള്ള ഒരു ഫോറവും തയ്യാറാക്കിയിട്ടുണ്ട്. ഇവ ബിഷപ്സ് ഹൗസിൽ ലഭ്യമാണ്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# *വിദ്യാഭ്യാസ സഹായനിധി*

മാനന്തവാടി രൂപത വിദ്യാഭ്യാസ സഹായനിധിയിലേക്കുള്ള ഈ വർഷത്തെ അപേക്ഷകൾ 2009 ഫെബ്രുവരി മാസം മുതൽ സ്വീകരിക്കുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2009 മാർച്ച് 31 ആണ്. അതിനുശേഷം യാതൊരു കാരണവശാലും അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ഈ ബുള്ളറ്റിനൊപ്പമുള്ള അപേക്ഷാഫോറം ലഭിക്കാതെ വന്നാൽ വികാരിയച്ചന്മാർ ബിഷപ്സ് ഹൗസിൽ നിന്ന് പ്രസ്തുത ഫോറം വാങ്ങിക്കുമല്ലോ.

**അപേക്ഷകൾ അയയ്ക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക**

1) ഈ ബുള്ളറ്റിനോടൊപ്പം അയയ്ക്കുന്ന ഫോറമാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കോപ്പിയെടുത്ത് ഓരോ കുട്ടിക്കും, ഓരോ ഫോറമാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്.
2) വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ഇടവക കമ്മറ്റിയാണ് കുട്ടികളെ തിരഞ്ഞെടുക്കേണ്ടത്.
3) 2009-2010 അധ്യയനവർഷത്തിൽ 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവരും പഠനത്തിൽ മികവു പുലർത്തുന്നവരുമായവരുടെ ലിസ്റ്റാണ് അയയ്ക്കേണ്ടത്.
4) കുട്ടിയുടെ പേര്, മാമ്മോദീസ പേര്, വീട്ടുപേര്, എന്നിവ ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം.
5) ഓരോ ഇടവകയിൽ നിന്നും അഞ്ചു കുട്ടികളുടെ പേരുകൾ മുൻഗണനാക്രമത്തിൽ ബഹു. വികാരിയച്ചന്റെ ഒപ്പോടു കൂടിയാണ് നൽകേണ്ടത്. അപേക്ഷിക്കുന്ന എല്ലാവർക്കും സ്കോളർഷിപ്പ് ലഭിക്കണമെന്നില്ല. പണലഭ്യത അനുസരിച്ച് മാത്രമായിരിക്കും സഹായിക്കുക.

6) 12-ാം ക്ലാസ് കഴിയാത്ത വിദ്യാർത്ഥികളെ പരിഗണിക്കുമ്പോൾ മുൻവർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ചവരെ ഉൾപ്പെടുത്താവുന്നതാണ്.

അയയ്ക്കേണ്ട വിലാസം : The Secretary
Diocesan Education Aid Fund
Bishop's House, P. B. No.1
Mananthavady - 670 645

NB:- Education Aid Fund -ലേക്കുള്ള പിരിവ് എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## START COURSE ലേക്ക് സ്കോളർഷിപ്പ്

താമരശ്ശേരി രൂപതയുടെ കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന START (St. Thomas Academy for Research and Training) എന്ന പരിശീലന കേന്ദ്രത്തിൽ ഉപരിപഠനത്തിന് ഒരുക്കമായിട്ടുള്ള ഒരു വർഷത്തെ അടിസ്ഥാന പരിശീലനത്തിൽ സംബന്ധിക്കുവാൻ രൂപതാ വിദ്യാഭ്യാസ സഹായനിധിയുടെ സഹായത്തോടെ പഠിക്കുകയും ഈ വർഷം പ്ലസ് ടു പാസ്സാകുകയും ചെയ്യുന്ന 10 പേർക്ക് അവസരമൊരുക്കുന്നു. ഇംഗ്ലീഷ്, കണക്ക്, ധനതത്വശാസ്ത്രം, ലോകചരിത്രം, സോഷ്യോളജി, പരിസ്ഥിതി പഠനം, വ്യക്തിത്വ വികാസം, നിയമം എന്നീ വിഷയങ്ങളിലാണ് പ്രധാനമായും പരിശീലനം. അതോടൊപ്പം ധാർമ്മികതയിലും, ക്രിസ്ത്യൻ മൂല്യങ്ങളിലും അധിഷ്ഠിതമായ പരിശീലനമാണ് ഇവിടെ ലഭിക്കുന്നത്. ഈ കോഴ്സിനുശേഷം ലോ യൂണിവേഴ്സിറ്റികൾ, കേന്ദ്ര ഗവൺമെന്റിന്റെ ഹൈദരാബാദിലും, പോണ്ടിച്ചേരിയിലുമുള്ള സെൻട്രൻ യൂണിവേഴ്സിറ്റികൾ, മൈസൂറിലുള്ള ഓഡിയോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഫുഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഇൻടഗ്രേറ്റഡ് BEd, എന്നീ കോഴ്സുകൾക്കുള്ള എൻഡ്രൻസ് പരീക്ഷകൾ, NDA, NID, IIT, VIT, IAS, IPS, ICAR, മെഡിസിൻ, എൻജിനിയറിംഗ് ജേർണ്ണലിസം എന്നിവയുടെ എൻഡ്രൻസുകൾക്കും ഈ കോഴ്സ് ഉപകരിക്കുന്നു. താൽപര്യമുള്ളവർ താഴെ പറയുന്ന നിബന്ധനകൾ വായിച്ച് മാർച്ച് 15-ന് മുൻപായി


വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുടെ പേരിൽ ബിഷപ്സ് ഹൗസിലേയ്ക്ക് അപേക്ഷ അയയ്ക്കുകയും കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക.

മേൽവിലാസം :- Secretary
Diocesion Education Aid Fund
Bishop's House, P.B. No. 1
Mananthavady - 670 645

**നിബന്ധനകൾ:**

1. അപേക്ഷകർ മാനന്തവാടി രൂപതാ വിദ്യാഭ്യാസ സഹായനിധിയുടെ സ്കോളർഷിപ്പ് സ്വീകരിച്ച് പഠിച്ചവരായിരിക്കണം.
2. ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾ എളുപ്പമുള്ളവരും പ്ലസ് ടു പാസ്സാകുമെന്ന് ഉറപ്പുള്ളവരുമായിരിക്കണം.
3. 10-ാം ക്ലാസ് മതബോധന ഡിപ്ലോമ കരസ്ഥമാക്കിയവരോ, പ്ലസ് ടു കഴിയാത്തവരാണെങ്കിൽ ഇപ്പോൾ പ്ലസ് ടു പഠിച്ചുകൊണ്ടിരിക്കുന്നവരോ ആയിരിക്കണം.
4. ബഹു. വികാരിയച്ചന്റെ ശുപാർശ നിർബന്ധമാണ്.
5. അപേക്ഷകർക്ക് interview ഉണ്ടായിരിക്കുന്നതാണ്.

**ഫാ. പോൾ ഇടയക്കൊണ്ടാട്ട്**
രൂപതാ വിദ്യാഭ്യാസ സഹായനിധി സെക്രട്ടറി




# റീജിയണൽ വാർത്തകൾ

## എച്ച്. ഡി. കോട്ട

മാനന്തവാടി രൂപതയിലെ മിഷൻ കേന്ദ്രമായ ജ്യോതി വികാസ് സെന്റർ, ഹെന്നമ്മനകട്ടെ യിലെ സെന്റ് തോമസ് യു.പി. സ്കൂളിന്റെ പുതുതായി പണികഴിപ്പിച്ച സ്കൂൾ കെട്ടിടത്തിന്റെ ആശീർവ്വാദവും ഉദ്ഘാടനവും ഡിസംബർ 23-ാം തീയതി ചൊവ്വാഴ്ച മാനന്തവാടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ. ജോസ് പൊരുന്നേടം പിതാവ് നിർവ്വഹിച്ചു. അന്തരസന്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഡമ്മി പുല്ലാഖാൻ പരിപാടിയുടെ അധ്യക്ഷത വഹിച്ചു. മൈസൂർ മിഷൻ ഡയറക്ടർ റവ.ഫാ. പോൾ കൂട്ടാല, എച്ച്. ഡി. കോട്ടാ ബ്ലോക്ക് എഡ്യുക്കേഷൻ ഓഫീസർ ശ്രീ. രവികുമാർ, ഗ്രാമതലവൻ ശ്രീ. ഹാജിസാബ് എന്നിവർ ആശംസകൾ അർപ്പിച്ചു. സെന്ററിന്റെ സ്ഥാപക ഡയറക്ടർ റവ.ഫാ. ജോസ് മുണ്ടക്കാമറ്റം, മുൻ ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴ, മാനന്തവാടി രൂപതാ കോർപ്പറേറ്റ് മാനേജർ റവ. ഫാ. റോബിൻ, ഗ്രാമതലവൻ ശ്രീ. കൃഷ്ണശെട്ടി, ശ്രീ. ദേവശെട്ടി, കാവേരി കൽപ്പതരു ബ്രാഞ്ച് മാനേജർ ശ്രീ. അംരനാഥ് എന്നിവർ സന്നിഹിതരായിരുന്നു. സെന്ററിന്റെ കീഴിൽ സജീവമായി പ്രവർത്തിക്കുന്ന 40 അയൽക്കൂട്ടങ്ങളിലെ 600-ൽ പരം സ്ത്രീ പുരുഷൻമാരും, 2 Tailoring Centre - ലെ വിദ്യാർത്ഥിനി-വിദ്യാർത്ഥികളും, സെന്ററിന്റെ സാമൂഹ്യ പ്രവർത്തനങ്ങൾ നടത്തപ്പെടുന്ന 20 ഗ്രാമങ്ങളിലെ ജനങ്ങളും, മൈസൂർ ഇടവകയിലെ ഇടവകാംഗങ്ങളും, മാനന്തവാടിയിൽനിന്നും സമീപപ്രദേശങ്ങളിൽനിന്നും എത്തിച്ചേർന്ന വൈദികരുടെയും സന്യാസിനികളുടേ സാന്നിധ്യവും പരിപാടിയുടെ മാറ്റ് കൂട്ടി.

1997-ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ ഇപ്പോൾ LKG മുതൽ 6-ാം ക്ലാസ് വരെയുള്ള ക്ലാസുകളിലായി 225 കുട്ടികൾ പഠി

ക്കുന്നു. തികച്ചും പാവപ്പെട്ടവരും പിന്നോക്ക വർഗ്ഗക്കാരും ആദിവാസികളും തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് യാതൊരുവിധ സൗകര്യവുമില്ലാത്ത വിദ്യാലയത്തിൽ അധ്യയനവർഷം തള്ളി നീക്കുന്ന പാവപ്പെട്ട കുട്ടികളെ കണ്ട് അലിവ് തോന്നിയ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഇവർക്കായി പലരുടെയും സഹായത്തോടെ ഒരു സ്കൂൾ കെട്ടിടം നിർമ്മിക്കാൻ 2005-ൽ ആരംഭം കുറിച്ചതായിരുന്നു. എന്നാൽ ഗ്രാമവാസികളുടെയും അധികാരികളുടെയും എതിർപ്പ്മൂലം പ്രവർത്തനം നിർത്തിവയ്ക്കുകയും തുടർന്ന് അവിടെ സ്കൂൾ നിർത്തലാക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. എന്നാൽ പിന്നീട് ഗ്രാമതലവൻമാരും അധികാരികളും പിതാവിനെ നേരിൽകണ്ട് തങ്ങളുടെ സഹകരണം വാഗ്ദാനം ചെയ്യുകയും പാവപ്പെട്ട കുട്ടികൾക്കുള്ള ഈ സ്കൂൾ തുടരണം എന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അതേ തുടർന്നാണ് 2008 ജൂൺ മാസം സ്കൂളിന്റെ നിർമ്മാണം പുനരാരംഭിച്ചത്.

ഉദ്ഘാടന പ്രസംഗത്തിൽ അഭിവന്ദ്യപിതാവ് വി. യോഹന്നാന്റെ സുവിശേഷം 6-ാം അധ്യായത്തിൽ അപ്പം വർദ്ധിപ്പിക്കുന്ന സംഭവം വിവരിച്ചുകൊണ്ട് എവിടെ സഹകരണമുണ്ടോ അവിടെ അത്ഭുതം നടക്കും എന്ന് പറഞ്ഞുവച്ചു. തുടർന്ന് ഇന്ന് ഈ മനോഹരമായ സ്കൂൾ കെട്ടിടം ഈ നാടിന്റെ പ്രകാശമായി ഉയർന്ന് നിൽക്കുന്നത് ഇവിടെയുള്ള ഗ്രാമവാസികളുടെയും അധികാരികളുടേയും സഹകരണം ഒന്നുകൊണ്ട് മാത്രമാണ് എന്ന് പറഞ്ഞ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവരെ നന്ദിയോടെ ഓർക്കുകയും അഭിനന്ദിക്കുകയും ചെയ്തു. അധ്യക്ഷപ്രസംഗം നിർവ്വഹിച്ച ശ്രീ. ഡമ്മിപുല്ലാഖാൻ ഈ പ്രദേശത്ത് ഇത്രയും സൗകര്യങ്ങൾ ഉള്ള മനോഹരമായ ഒരു സ്കൂൾ സ്ഥാപനം കാണാൻപോലും സാധിക്കുകയില്ല. ഇത് ക്രിസ്തുമസ്സിന്റെ ഒരു സമ്മാനമായി കരുതുന്നു എന്ന് അഭിപ്രായപ്പെട്ടു. പ്രസ്തുത ചടങ്ങിൽ സെന്ററിന്റെ ഡയറക്ടർ ഫാ. ബാബു ചക്കിയാത്ത് സ്വാഗതം ആശംസിച്ചു. തുടർന്ന് ഈ സെന്ററിന്റെ സ്ഥാപക ഡയറക്ടർ റവ. ഫാ. ജോസ് മുണ്ടക്കാമറ്റം, മുൻ ഡയറക്ടർമാരായ റവ.ഫാ. ജോൺ ചൂരപ്പുഴ, റവ.ഫാ. ജോബി MST, റവ. ഫാ. ജോസ് MST എന്നിവരെ ഓർക്കുകയും അഭിനന്ദിക്കുകയും ചെയ്തു. നിർമ്മാണ പ്രവർത്തനം വളരെ മനോഹരമായി നിർവ്വഹിച്ച ശ്രീ. സെബാസ്റ്റ്യനെ പ്രത്യേകം അഭിനന്ദിച്ചു. സെന്റ് തോമസ് സ്കൂളിന്റെ ഹെഡ്മിസ്ട്രസ് സി. ബിജി മാത്യു FCC ഏവർക്കും നന്ദിയർപ്പിച്ചു.

**ക്രിസ്തുമസ് ആഘോഷം**

പുതിയ സ്കൂൾ കെട്ടിടത്തിന്റെ ആശീർവ്വാദ ചടങ്ങിനോടനുബന്ധിച്ച് ക്രിസ്ത്യാനികൾ ആരുമില്ലാത്ത ഈ പ്രദേശത്ത് ക്രിസ്തുമസ് വളരെ വർണ്ണാഭമായി കൊണ്ടാടി. മാനന്തവാടി രൂപതയിലെ മൈനർ സെമിനാരിയിൽനിന്നും എത്തിയ ബ്രദേഴ്സ് അനേകദിനരാത്രങ്ങൾക്കൊണ്ട് നിർമ്മിച്ച ഏറെ മനോഹരമായ പുൽക്കൂട് ഈ പ്രദേശത്തെ അക്രൈസ്തവർക്ക് ഒരു തുറന്ന ക്രിസ്തുമസ് സന്ദേശമായിരുന്നു. ഗ്രാമവാസികൾ പുൽക്കൂടിന്റെ പരിസരമൊക്കെ കുരുത്തോലകൾക്കൊണ്ടും ഇല്ലികൊണ്ടും ഉണ്ടാക്കിയ പ്രത്യേക കലാരൂപങ്ങളാൽ അലങ്കരിച്ചു. മൈസൂർ മിഷൻ ഡയറക്ടർ ഫാ. പോൾ കൂട്ടാല ക്രിസ്തുമസ് സന്ദേശം നൽകി. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഡമ്മിപ്പുല്ലാഖാൻ ക്രിസ്തുമസ് കേക്ക് മുറിച്ചു. ഗ്രാമതലവൻമാർ ഫലപുഷ്പാധികൾ നൽകി അഭിവന്ദ്യ പിതാവിന് ക്രിസ്തുമസ് ആശംസകൾ അർപ്പിച്ചു. തുടർന്ന് സെന്റ് തോമസ് സ്കൂളിലെ അധ്യാപകരും കുട്ടികളും ഒരുക്കിയ ക്രിസ്തുമസ് സന്ദേശമടങ്ങുന്ന കലാപരിപാടികൾ ഏവരെയും സന്തോഷിപ്പിച്ചു. സ്വാശ്രയ ഗ്രൂപ്പുകളും Tailoring വിദ്യാർത്ഥികളും കലാപരിപാടികൾ അവതരിപ്പിച്ചു. സന്നിഹിതരായ എല്ലാവർക്കും ക്രിസ്തുമസിന്റെ മധുരം നൽകി. രാത്രി 8 മണിയോടെ പരിപാടികൾ അവസാനിച്ചു.

**സി. ബിജി മാത്യു FCC**



## മതബോധനരംഗം

**HCC (+1, +2) പരീക്ഷ**

കഴിഞ്ഞ മാസങ്ങളിലെ ബുള്ളറ്റിനിലൂടെ അറിയിച്ചിരുന്നതു പോലെ ഫെബ്രുവരി 8 -ാം തീയതി ഞായറാഴ്ച രാവിലെ 10.00 മുതൽ 1.00 വരെ നിശ്ചയിച്ച പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് പരീക്ഷ നടത്തുന്നതാണ്. പരീക്ഷയ്ക്ക് വേണ്ട ക്രമീകരണങ്ങൾ ഇടവകയിലും പരീക്ഷാകേന്ദ്രങ്ങളിലും ഫൊറോനാ ടീം അംഗങ്ങളും, പരീക്ഷാ സെന്ററിലുള്ളവരും ചെയ്യുമല്ലോ. കുട്ടികൾക്ക് പരീക്ഷ എഴുതുവാൻ ഹാൾ ടിക്കറ്റ് നിർബന്ധമാണ്.

**ചോദ്യപേപ്പർ**

ചോദ്യപേപ്പർ, Answer Book, Additional sheet... എന്നിവ ഫെബ്രുവരി 6 -ാം തീയതി രൂപതാ മതബോധന ഓഫീസിൽ നിന്നും ഫൊറോന സെക്രട്ടറിമാർ കൊണ്ടുപോകേണ്ടതാണ്.

**HCC ഉത്തരക്കടലാസ് മൂല്യനിർണ്ണയക്യാമ്പ്**

ഫെബ്രുവരി 8 ന് HCC പരീക്ഷാപേപ്പർ മൂല്യനിർണ്ണയ ക്യാമ്പ് കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർ പോർ ക്രിസ്റ്റ്യൻ സ്റ്റഡീസിന്റെ നേതൃത്വത്തിൽ മാർച്ച് 13-15 ദിവസങ്ങളിൽ രൂപതാ മതബോധന ഓഫീസിൽ നടത്തുന്നു. +1, +2 ക്ലാസുകൾ പഠിപ്പിക്കുന്ന പരിചയസമ്പന്നരായ അദ്ധ്യാപകരെ പ്രസ്തുത ക്യാമ്പിലേയ്ക്ക് ക്ഷണിക്കുന്നു. ഫെബ്രുവരി 25 ന് മുമ്പായി അവരുടെ പേരുകൾ ഹെഡ്മാസ്റ്റർമാർ രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

**HDC പരീക്ഷ**

HDC യുടെ എഴുത്തു പരീക്ഷ ഫെബ്രുവരി മാസം 11 -ാം തീയതി

രാവിലെ 10.00 മുതൽ 1.00 മണിവരെ ദ്വാരക യു.പി. സ്കൂളിൽ വച്ച് നടത്തുന്നു. പങ്കെടുക്കേണ്ടവർ സമയവും സ്ഥലവും ശ്രദ്ധിക്കുമല്ലോ.

**HDC കോൺടാക്ട് ക്ലാസ്സ്**

HDC യുടെ മൂന്നാമത്തെ കോൺടാക്ട് ക്ലാസ്സ് (I$^{st}$ years) മാർച്ച് 21, 28 തീയതികളിൽ നടത്തുന്നതാണ്.

**ആദ്യകുർബാന പരിശീലകർക്ക് പരിശീലനം**

മുൻകൂട്ടി അറിയിച്ചിരുന്നതുപോലെ ഫെബ്രുവരി 27, 28 ദിവസങ്ങളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ആദ്യകുർബാന സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്നവർക്കുള്ള പരിശീലനം നടത്തുന്നു. പങ്കെടുക്കുവാൻ പേര് തന്നവർ കൃത്യസമയത്ത് എത്തിച്ചേരണം.

**പരീക്ഷകൾ**

ഈ അദ്ധ്യയന വർഷത്തെ വാർഷിക പരീക്ഷകളുടെ തീയതി ശ്രദ്ധിക്കുമല്ലോ.

ഏപ്രിൽ 4 -ാം തീയതി ശനിയാഴ്ച രാവിലെ 10 മണിമുതൽ 12 മണി വരെ I -ാം ക്ലാസ്സ് മുതൽ IX -ാം ക്ലാസ്സു വരെയുള്ള കുട്ടികളുടെ പരീക്ഷ. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ X -ാം ക്ലാസ്സ് ഡിപ്ലോമ പരീക്ഷയും, IV, VII ക്ലാസുകളിലെ സ്കോളർഷിപ്പ് പരീക്ഷയും നടത്തും.

**ഗൂഡല്ലൂർ റീജിയനിൽ** മേൽപറഞ്ഞ സമയങ്ങളിൽ അതാത് പരീക്ഷകൾ നടത്തും. എന്നാൽ, തീയതിയിൽ മാറ്റമുള്ളത് ശ്രദ്ധിക്കുക. ഏപ്രിൽ മാസം 5 -ാം തീയതിയായിരിക്കും എല്ലാ പരീക്ഷകളും.

**വിശ്വാസോത്സവം**

ഈ വർഷത്തെ കുട്ടികളുടെ വിശ്വോസോത്സവം വചനഢയറി അടിസ്ഥാനമാക്കിയായിരിക്കും. വാർഷിക പരീക്ഷയ്ക്ക് മുമ്പുള്ള മൂന്നു ദിവസങ്ങളാണ് വിശ്വാസോത്സവത്തിനായി ക്രമീകരിക്കേണ്ടത്. തിരുവചന ആഘോഷമാണ് വിശ്വാസോത്സവ ദിവസങ്ങളിൽ ഇടവകയിൽ നടക്കേണ്ടത്. ഇതിന് പ്രത്യേക പുസ്തകം ഉണ്ടായിരിക്കില്ല. വി. ഗ്രന്ഥവും, വചനഢയറിയുമാണ് ഉപയോഗിക്കേണ്ടത്. അതോടൊപ്പം ഓരോ വിഭാഗത്തിനും അദ്ധ്യാപകർക്ക് സഹായിയായി ഒരു മാർഗ്ഗരേഖ പ്രധാനാദ്ധ്യാപകന്റെ കൈവശം എത്തും. അത് അദ്ധ്യാപകർ ഗ്രൂപ്പ്

തിരിഞ്ഞ് ചർച്ച ചെയ്ത് ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കണം. വിശ്വാസോത്സവം മൂന്നു ദിവസങ്ങളിലായി ക്രമീകരിക്കുക.

*ഒന്നാം ദിവസം :-* തിരുവചനാധിഷ്ഠിത ആഘോഷം പള്ളിയിൽ

*രണ്ടാം ദിവസം :-* തിരുവചന സന്ദേശം ജീവിതത്തിൽ പകർത്തിയത്, ഇടവകയിലെ/ഇടവകയ്ക്ക് പുറത്തുള്ള ഭവനങ്ങളിൽ പങ്കുവെയ്ക്കുക.

*മൂന്നാം ദിവസം :-* വാർഷിക പരീക്ഷയ്ക്കുള്ള ഒരുക്കം.

## ഇന്റേണൽ അസ്സസ്സ്മെന്റ്

X, XI, XII ക്ലാസുകളിലെ Internal Assessment വചനഡയറി അടിസ്ഥാനമാക്കി രൂപതാ ഓഫീസിൽ എത്തിക്കണം. വാർഷികപരീക്ഷയുടെ വിജയത്തിന് ഇത് ബാധകമാണ്.

ആകെ 20-മാർക്കാണ് Internal Assessment. H.M. കോൺഫ്രൻസിൽ പറഞ്ഞതു പ്രകാരം നിശ്ചിത തീയതിയിൽ മാർക്ക് ലിസ്റ്റ് എത്തിക്കുവാൻ ശ്രദ്ധിക്കണം.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

നാൽപത് ദിനരാത്രങ്ങളിലെ തപശ്ചര്യ- ആത്മാവിന്റെ നിറവിലുള്ള പ്രാർത്ഥനയുടെ നിമിഷങ്ങൾ. ദൈവപിതാവിനോടുള്ള ആത്മസ്നേഹത്തിന്റെ നിറവിൽ കഴിച്ചുകൂട്ടിയ പുണ്യദിനങ്ങൾ. അന്ധർക്ക് കാഴ്ചയേകാൻ......അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യമേകാൻ... ബന്ധിതർക്ക് മോചനമേകാൻ...വേണമായിരുന്നു യേശുവിന് ഈ നാൽപത് ദിവസങ്ങളിലെ ഉപവാസം. ദൗത്യനിർവ്വഹണത്തിനുള്ള മുന്നൊരുക്കം. അതായിരുന്നു യേശുവിന്റെ മരുഭൂമി അനുഭവം.

നാമോരോരുത്തരും ആത്മീയമായ കരുത്താർജിക്കുന്ന പുണ്യദിനങ്ങളാണ് അൻപത് നോമ്പ്. ആത്മീയതയിൽ ഊന്നിയ പ്രവർത്തനങ്ങൾ മാത്രമേ ഫലം ചൂടുകയുള്ളൂ. ആത്മീയതയിൽ അധിഷ്ഠിതമല്ലാത്ത പ്രവർത്തനങ്ങൾ ഫലരാഹിത്യത്തിന്റെ മരുഭൂമികളാകും. പ്രേഷിത പ്രവർത്തനം നടത്താൻ വിളിക്കപ്പെട്ട ഒരു മിഷൻലീഗ് പ്രവർത്തകൻ നോമ്പിന്റെ ചൈതന്യം മുഴുവൻ സ്വന്തമാക്കണം. ഭക്ഷണ പദാർത്ഥങ്ങൾ ഉപേക്ഷിക്കുന്നതും, ഉപവാസം അനുഷ്ഠിക്കുന്നതും, ദാനധർമ്മങ്ങൾ ചെയ്യുന്നതും കൂടുതൽ കരുത്തോടെ ദൗത്യനിർവ്വഹണം നടത്താൻ നമ്മെ സഹായിക്കും. യേശുവിന്റെ മരുഭൂവാസം അനേകരുടെ രക്ഷയ്ക്ക് കാരണമായെങ്കിൽ നമ്മുടെ നോമ്പും അനേകർക്ക് രക്ഷയുടെ അനുഭവം പ്രദാനം ചെയ്യാൻ ഇടയാകണം. ഈ കല്ലുകളോട് അപ്പമാകാൻ കൽപ്പിക്കുക എന്ന പ്രലോഭനത്തെ യേശു ജയിച്ചതുപോലെ വിശക്കുന്നവർക്ക് - അനാഥാലയത്തിലോ, രോഗികൾക്കോ, പാവങ്ങൾക്കോ, ഒരു നേരത്തെ ഭോജനം നൽകി നമുക്കും നോമ്പ് അർത്ഥവത്താക്കാം. ദേവാലയത്തിന്റെ അഗ്രത്തിൽ നിന്നും താഴേയ്ക്ക് ചാടി തന്റെ മഹത്വം പ്രകടിപ്പിക്കുവാനുള്ള പ്രലോഭനത്തെ യേശു വിജയിച്ചതുപോലെ നമുക്കും ഈ ചെറിയവരിൽ ഒരുവന് നന്മ

ചെയ്ത്- നമുക്കും കർമ്മനിരതരാകാം. സാത്താനെ ആരാധിക്കുവാനുള്ള പ്രലോഭനത്തിൽ വീഴാതെ യേശു സ്വയം സംരക്ഷിച്ചതുപോലെ ദൈവത്തിൽ നിന്നും നമ്മെ അകറ്റുന്ന എല്ലാ ബാഹ്യശക്തികളിൽ - പാപം, നിരീശ്വരവാദം, മദ്യം, മയക്കുമരുന്ന് - നിന്നും അകന്നു നിൽക്കാം. അങ്ങനെ ഈ നോമ്പ് ഉത്തമ ക്രൈസ്തവ ജീവിതത്തിന്റെ സാക്ഷ്യമായിരിക്കട്ടെ.

സ്നേഹപൂർവ്വം,

**ടോമിയച്ചൻ**

## തിരുശേഷിപ്പ് പ്രയാണം സമാപനം മാർച്ച് 3 ന് ദ്വാരക വി. അൽഫോൻസാ ദേവാലയത്തിൽ

ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായി വി. അൽഫോൻസാമ്മ പ്രഖ്യാപിക്കപ്പെട്ട ദിനത്തിൽ ഒക്ടോബർ 12 -ന് രൂപത വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ ഉദ്ഘാടനം ചെയ്ത തിരുശേഷിപ്പ് പ്രയാണം മാനന്തവാടി രൂപതയിലെ വിവിധ ഇടവകകളിലൂടെ പ്രയാണം പൂർത്തിയായി മാർച്ച് 3 ന് ബുധനാഴ്ച ദ്വാരക അൽഫോൻസ ദേവാലയത്തിൽ എത്തിച്ചേരും. മാനന്തവാടി രൂപതയുടെ പിതാവ് മാർ ജോസ് പൊരുന്നേടത്തിന്റെ കാർമ്മികത്വത്തിൽ 5 p.m ന് നടക്കുന്ന സമൂഹബലിയോടെയാണ് തിരുശേഷിപ്പ് പ്രയാണത്തിന് സമാപനം കുറിക്കുന്നത്. തിരുശേഷിപ്പ് പ്രയാണത്തിന്റെ സമാപനത്തിലേയ്ക്ക് ശാഖകളിൽ നിന്ന് കഴിയുന്നത്ര പേർ പങ്കെടുക്കുവാൻ ശ്രമിക്കേണ്ടതാണ്.

## തിരുശേഷിപ്പ് പ്രയാണം ഫെബ്രുവരിയിൽ

വി. അൽഫോൻസാമ്മയുടെ തിരുശേഷിപ്പ് പ്രയാണത്തിന് ഓരോ ഇടവകയിലും ആവേശകരവും ഭക്തിനിർഭരവുമായ സ്വീകരണം സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകുന്ന വൈദികർക്കും, ഇടവക പ്രതിനിധികൾക്കും, സംഘടനാ ഭാരവാഹികൾക്കും മിഷൻലീഗിന്റെ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

## പ്രയാണ വഴിത്താരയിൽ ഓരോ ശാഖയുടെയും ദിനം

**ഫെബ്രുവരി:** 1. ശാന്തിഗിരി, 2. ചുങ്കക്കുന്ന്, 3. ഒറ്റപ്ലാവ്, 4. കൊട്ടിയൂർ, 5. നെല്ലിയോടി, 6. അമ്പായത്തോട്, 7. പാൽച്ചുരം. 8. ബോയ്സ് ടൗൺ, 9. പാറത്തോട്ടം, 10. പുതിയിടം, 11. തലപ്പുഴ, 12. കുറ്റിമൂല, 13. കത്തീഡ്രൽ, 14. തോണിച്ചാൽ, 15. ദീപ്തിഗിരി, 16. കല്ലോടി, 17. ജൂഡ്സ് മൗണ്ട്, 18. പുതുശ്ശേരി, 19. മക്കിയാട്, 20. നിരവിൽപ്പുഴ, 21. കുഞ്ഞോം,

22. കരിമ്പിൽ, 23. വഞ്ഞോട്, 24. മംഗലശ്ശേരി, 25. വെള്ളമുണ്ട, 26. മൊതക്കര, 27. പുതിയിടംകുന്ന്, 28. കൊമ്മയാട്.

**മാർച്ച്:** 1. കാരക്കാമല, 2. ചുള്ളിയാന, 3. ദ്വാരക സമാപനം: സമൂഹ ബലി 5 p.m - മാർ ജോസ് പൊരുന്നേടം.

ഓരോ ഇടവകയും തിരുശേഷിപ്പ് യഥോചിതം സ്വീകരിക്കുവാനും ഇടവകയിൽ അറിയിക്കുവാനുമുള്ള ക്രമീകരണം ചെയ്യുമല്ലോ. ഒരു ഇടവകയിൽ നിന്ന് അടുത്ത ഇടവകയിലേക്ക് തിരുശേഷിപ്പ് എത്തിക്കുവാനുള്ള സജ്ജീകരണങ്ങൾ നടത്തുമല്ലോ. അൽഫോൻസാമ്മയുടെ തിരുശേഷിപ്പ് വണങ്ങി അവിടുത്തെ ജീവിത മാതൃക സ്വായത്തമാക്കാം. അനുഗ്രഹനിറവ് സ്വന്തമാക്കാം.

**രോഗി സന്ദർശനവാരം ഫെബ്രുവരിയിൽ 4-11 വരെ**

ഓരോ ശാഖയും ശാഖകളിലെ രോഗികളെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

05 വ്യാഴം :- മാനന്തവാടി, കൊട്ടിയൂർ മേഖലയിലെ ശാഖകൾ
06 വെള്ളി :- പയ്യമ്പള്ളി, ബത്തേരി മേഖലയിലെ ശാഖകൾ
07 ശനി :- കല്ലോടി മേഖലയിലെ ശാഖകൾ
08 ഞായർ :- നടവയൽ, കൽപ്പറ്റ മേഖലയിലെ ശാഖകൾ
09 തിങ്കൾ :- പുൽപ്പള്ളി മേഖലയിലെ ശാഖകൾ
10 ചൊവ്വ :- ഗൂഡല്ലൂർ, മണിമൂളി മേഖലയിലെ ശാഖകൾ
11 ബുധൻ :- തരിയോട്, നിലമ്പൂർ മേഖലയിലെ ശാഖകൾ

**മലബാർ റീജിണൽ സംഗമത്തിന് മാനന്തവാടി രൂപത ആതിഥ്യം ഏകി**

ചെറുപുഷ്പ മിഷൻലീഗ് മലബാർ രൂപതകളിലെ ഭാരവാഹികളുടെ സംഗമം ജനുവരി 7 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. മിഷൻലീഗ് സംസ്ഥാന പ്രസിഡണ്ട് ശ്രീ. ബിനോയി പള്ളിപറമ്പിൽ പതാക ഉയർത്തിയതോടെ ചടങ്ങിന് തുടക്കമായി, തുടർന്ന് മാനന്തവാടി രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ ബൈബിൾ പ്രതിഷ്ഠ നടത്തി. സംസ്ഥാന പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ നടന്ന സംഗമം ദേശീയ ഡയക്ടർ റവ. ഫാ. ബെന്നി മുതിരക്കാലായിൽ ഉദ്ഘാടനം ചെയ്തു. സിയോൻ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ മുഖ്യ പ്രഭാഷണം നടത്തി. അന്തർദേശീയ ഓർഗനൈസർ ശ്രീ. തോമസ് ഏറനാട്ട്, സംസ്ഥാന ഓർഗനൈസർ ശ്രീ. ഷൈജു മഠത്തിൽ, സംസ്ഥാന സെക്രട്ടറി ശ്രീ. ജോസ് പുതിയാ

പറമ്പിൽ, മലബാർ റീജിയണൽ ഓർഗനൈസർ ശ്രീ. ജോർജ് പൈക യിൽ, മാനന്തവാടി രൂപത പ്രസിഡണ്ട് ശ്രീ. ജോൺസൺ ചിറായിൽ ദേശീയ എക്സിക്യൂട്ടീവ് അംഗം ശ്രീ. സെബാസ്റ്റ്യൻ കരിമാക്കി യിൽ, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ശ്രീ. ബിനു മാങ്കൂട്ടത്തിൽ, ശ്രീ. ബാബു ചെട്ടിപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു. മാനന്തവാടി രൂപതാഭാരവാഹികൾ മലബാർ റീജിയണൽ സംഗമത്തിന് നേതൃത്വം നൽകി.

**രൂപത ടീം യോഗം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ടീം അംഗങ്ങളുടെ യോഗം ഡിസംബർ 28 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. ശ്രീ. ബാബു ചിറപ്പുറം, ശ്രീ. ജയ്മോൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**ക്രിസ്മസ്- പുതുവത്സര ആഘോഷം**

ക്രിസ്തുമസ് ആശംസകൾ നേരുവാനും പ്രാർത്ഥിക്കുവാനും രൂപത എക്സിക്യൂട്ടീവും ടീം അംഗങ്ങളും ഡിസംബർ - 28 ന് രൂപത മിഷൻലീഗ് ഓഫീസിൽ ഒത്തുചേർന്നു. രൂപത പ്രസിഡണ്ട് ശ്രീ. ജോൺസൺ ചിറായിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം വചന പ്രതിഷ്ഠയോടെ ആരംഭിച്ചു. പ്രവർത്തനവർഷത്തിലെ മിഷൻലീഗ് വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും ഭാവിപ്രവർത്ത നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. രൂപതാ സെക്രട്ടറി ശ്രീ. സജി തറപ്പുതൊട്ടിയിൽ യോഗത്തിൽ അംഗങ്ങൾക്ക് നന്ദി നേർന്നു.

**രൂപതാ ബൈബിൾവാക്യപഠന മത്സര വിജയികൾ**

**ജൂണിയർ വിഭാഗം**

I. ആഗ്നസ് അഴകനാൽ - നെടുമ്പാല - 110

II. അഭിന മൂലക്കര - ചെന്നലോട് - 90

III. ജാസ്മിൻ കുഴിപ്പള്ളിൽ - നടവയൽ - 87

**സീനിയർ വിഭാഗം**

I. അമ്പിളി മൂലക്കര - ചെന്നലോട് - 125

II. അനിക അഴകനാൽ - നെടുമ്പാല - 103

III. അലീന ആലുങ്കൽകരോട്ട് - നടവയൽ- 102

വിജയികൾക്ക് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു. പങ്കെടുത്ത എല്ലാവർക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു.

**ശാഖാ വാർത്തകൾ**

*പാടിച്ചിറ :-* കരോൾ ഗാന മത്സരം നടത്തി

*പട്ടാണികൂപ്പ് :-* ജാഗരണ പ്രാർത്ഥന നടത്തി

*പുൽപ്പള്ളി :-* നിർദ്ദനകുടുംബങ്ങൾക്ക് ക്രിസ്തുമസ് കിറ്റ് നൽകി

*മാർട്ടിൻ നഗർ :-* ക്രിസ്തുമസ് കിറ്റ് വിതരണം ചെയ്തു

*പയ്യമ്പള്ളി :-* ജ്യോതിനിവാസ് സന്ദർശിച്ചു. ക്രിസ്തുമസ് കിറ്റ് വിതരണം ചെയ്തു,

*പനവല്ലി :-* കുട്ടികൾക്ക് ജന്മദിനാശംസകൾ നേർന്നു

*മംഗളം :-* തിരുബാലസഖ്യം കുട്ടികൾക്ക് കലാമത്സരം നടത്തി. കോളനി സന്ദർശനം നടത്തുകയും അരി വിതരണം ചെയ്യുകയും ചെയ്തു

*ചെന്നലോട് :-* മഞ്ഞൂറ സ്നേഹഭവൻ സന്ദർശിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു. ബൈബിൾ സർവ്വേ നടത്തി

*ഞാറപ്പാടം :-* രോഗിസന്ദർശനം നടത്തി

*മുണ്ടേരി :-* രോഗി സന്ദർശനം നടത്തി, പുൽക്കൂട്, നക്ഷത്ര മത്സരം നടത്തി, ഭവന നിർമ്മാണത്തിന് സഹായിച്ചു

*റൂബിനഗർ :-* നിർദ്ദനകുടുംബത്തിന് സാമ്പത്തിക സഹായം നൽകി

*മുട്ടിയേൽ :-* രോഗിസന്ദർശനം നടത്തി

*കണിയാമ്പറ്റ :-* നടവയൽ ഓസ്സാനാംഭവൻ സന്ദർശിച്ചു

*അമ്പലവയൽ :-* അൽഫോൻസാമ്മയുടെ ആൽബം തയ്യാറാക്കി, പുൽക്കൂട്, കരോൾഗാന മത്സരം നടത്തി

*ചുണ്ടക്കര :-* സിമിത്തേരി സന്ദർശനം നടത്തി, രോഗി സഹായത്തിന് കൂപ്പൺ തയ്യാറാക്കി

*വലിയകൊല്ലി :-* ബൈബിൾ ക്വിസ് നടത്തി

*പോരൂർ :-* സ്നേഹാലയം സന്ദർശിച്ചു ഭക്ഷണവിതരണം ചെയ്തു

*യവനാർകുളം :-* പൂന്തോട്ടം വൃത്തിയാക്കി, സൺഡേ സ്കൂളിലെ കുട്ടികൾക്ക് കേക്ക് മുറിച്ച് വിതരണം ചെയ്തു

*പ്രശാന്തഗിരി :-* നിർദ്ദനകുടുംബത്തിന് സാമ്പത്തിക സഹായം നൽകി, ജാഗരണ പ്രാർത്ഥന നടത്തി

*കുറ്റിമൂല :-* വചനവൃക്ഷം സ്ഥാപിച്ചു, മിഷൻ ഗ്രാമത്തിന് ആശംസകൾ നേർന്നു. ഡയറക്ടറച്ചന് ക്രിസ്തുമസ് ഗിഫ്റ്റ് നൽകി

*മച്ചികൊല്ലി :-* ക്രിസ്റ്റീൻ ധ്യാനം നടത്തി

*കുന്നലാടി :-* ക്രിസ്തുമസ് ട്രീ മത്സരം നടത്തി

*പനംചിറ :-* രോഗിസന്ദർശനം നടത്തി

*ബെക്കി :–* ബൈബിൾ വാക്യപഠന മത്സരം നടത്തി, ക്രിസ്തുമസ്ട്രീ മത്സരം നടത്തി, വചനകൂടാരം നിർമ്മിച്ചു
*കൽപ്ര :–* അൾത്താര ബാലസംഘം സെമിനാർ നടത്തി
*ഒലിവുമല :–* ഭവനസന്ദർശനം നടത്തി, വചനകൂടാരം നിർമ്മിച്ചു,
*പാൽച്ചുരം :–* ബൈബിൾവാക്യപഠന മത്സരം നടത്തി, ബൈബിൾ സ്കിറ്റ് അവതരിപ്പിച്ചു
*വെള്ളൂന്നി :–* ക്രിസ്തുമസ് കിറ്റ് നൽകി, വൃദ്ധരായ മാതാപിതാക്കൾക്ക് കുമ്പസാരത്തിന് സൗകര്യം ഒരുക്കി
*നെടുമ്പാല :–* വസ്ത്രശേഖരണം നടത്തി
*തോണിച്ചാൽ :–* ജാഗരണ പ്രാർത്ഥന നടത്തി
*വെള്ളമുണ്ട :–* സിമിത്തേരി സന്ദർശനം നടത്തി
*വഞ്ഞോട് :–* രോഗിസന്ദർശനം നടത്തി
*കൊട്ടിയൂർ :–* പരിസരശുചീകരണം നടത്തി
*ജൂഡ്സ്മൗണ്ട് :–* കരോൾ ഗാന മത്സരം നടത്തി, ക്രിസ്തുമസ് കിറ്റ് വിതരണം ചെയ്തു
*വിമലഗിരി :–* ജനകീയലേലത്തിലൂടെ ക്രിസ്തുമസ് ഗിഫ്റ്റ് നൽകി.

**മേഖല വാർത്തകൾ**

*കൊട്ടിയൂർ :–* കരോൾഗാന മത്സരം നടത്തി. രൂപത ഓഡിറ്റർ ബിജു പുത്തൻപുരക്കലിന് വിവാഹ ആശംസകൾ നേർന്നു.
*കല്ലോടി :–* അൾത്താരബാലസംഗമം നടത്തി. റവ. ഫാ. തോമസ് കാട്ടു തുരുത്തിയിൽ നേതൃത്വം നൽകി. കരോൾഗാന മത്സരം നടത്തി.
*തരിയോട് :–* വചന ആൽബ മത്സരം നടത്തി. ഫാമിലി ബൈബിൾ ക്വിസ് നടത്തി. ഡിസംബർ 15–23 വരെ വൃദ്ധസംഗമം നടത്തി.
*പുൽപ്പള്ളി :–* കരോൾഗാന മത്സരം നടത്തി.
*മണിമൂളി :–* എയ്ഞ്ചൽമീറ്റ് നടത്തി. ശാഖാ വിസിറ്റ് നടത്തി.
*ഗൂഡല്ലൂർ :–* അൾത്താരബാലസംഗമം നടത്തി. റവ. ഫാ. ടോമി പുത്തൻ പുരയ്ക്കൽ, സജി വേങ്ങത്തടത്തിൽ നേതൃത്വം നൽകി.
*കല്പറ്റ :–* വസ്ത്രശേഖരണം നടത്തി.

**സംസ്ഥാന പ്രവർത്തക അംഗത്വഫീസ് 1 രൂപ തന്ന ശാഖകൾ**

റൂബിനഗർ, ഒറ്റപ്ലാവ്, പുതുശ്ശേരി, പുൽപ്പള്ളി, പാലാങ്കര, തല ഞ്ഞി, ഞാറപ്പാടം, കുറ്റിമൂല, മാർട്ടിൻനഗർ, പാൽച്ചുരം, കൊട്ടിയൂർ, അമ്പലവയൽ, മീനങ്ങാടി, മുണ്ടേരി, ഭൂദാനം, നടവയൽ.

**ഒറീസ സഹായനിധി തന്ന ശാഖകൾ**

റൂബിനഗർ, ഇടിവണ്ണ, പുൽപ്പള്ളി, പുതുശ്ശേരി, കാവുംമന്ദം, പാലാങ്കര, തലഞ്ഞി, ഞാറപ്പാടം, ആലാറ്റിൽ, മംഗളം, മാർട്ടിൻനഗർ, പനംചിറ, പാൽച്ചുരം, കൊട്ടിയൂർ, മീനങ്ങാടി, വലിയകൊല്ലി, നടവയൽ.

**മിഷൻഞായർ വിഹിതം തന്ന ശാഖകൾ**

റൂബിനഗർ – 200, കമ്മന – 400, ഒറ്റപ്ലാവ് – 100, പുതുശ്ശേരി – 200, ഇടിവണ്ണ – 250, പുൽപ്പള്ളി – 700, പേരിയ – 150, കാവുംമന്ദം – 150, ചുങ്കക്കുന്ന് – 1250, പറളിക്കുന്ന് – 150, പാലാങ്കര – 350, യവനാർകുളം – 500, ഞാറപ്പാടം – 100, വള്ളിക്കെട്ട് – 125, ആലാറ്റിൽ – 250, മംഗളം – 300, മാർട്ടിൻനഗർ – 150, പനംചിറ – 200, പാൽച്ചുരം – 100, മീനങ്ങാടി – 100, വലിയകൊല്ലി – 100, മുണ്ടേരി – 200, പാതിരിപ്പാടം – 250, ഭൂദാനം – 100, നടവയൽ – 900

**ഫെബ്രുവരിയുടെ ചിന്തകളും പ്രവർത്തനങ്ങളും**

പ്രാർത്ഥനാനിയോഗം : പരീക്ഷയ്ക്ക് ഒരുങ്ങുന്നവർക്ക്
ചിന്താവിഷയം : "വചനം പ്രാർത്ഥനാ ജീവിതത്തിൽ"
സുകൃതജപം : ബോധജ്ഞാനത്തിന്റെ സിംഹാസനമേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
ഫെബ്രുവരി 4–11 : രോഗിസന്ദർശന വാരം.
– മിഷൻഗ്രാമത്തിലേയ്ക്ക് ഒരു കത്ത്

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**
രൂപതാസെക്രട്ടറി

## കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളേ,

പുണ്യസുകൃതങ്ങളോടെ, യുവത്വത്തിന്റെ കരുത്തും ശക്തിയും നിർഗ്ഗളിച്ച് വഴിത്താരകൾ സൃഷ്ടിച്ചവർഷം - 2008. ഒരായിരം നന്മകളുടെ പൂക്കൾ വിതറി, സമൂഹത്തിന്റെ വിരിമാറിലേയ്ക്ക് ചുടും ചോരയും നൽകി കെ.സി.വൈ.എം. എന്ന യുവജനപ്രസ്ഥാനത്തെ വർണ്ണരഥത്തിലേറ്റിയ അഭിമാനപുളകിതമായ 2008-ലെ പ്രവർത്തന വർഷത്തിന് തിരശ്ശീലയായി... ആത്മഹർഷങ്ങളോടെ, പ്രസ്ഥാനത്തെ സ്വന്തം ഹൃദയത്തോട് ചേർത്ത് നിർത്തിയ അഭിമാനത്തോടെ, സ്വപ്നങ്ങളും മോഹങ്ങളും ബാക്കിവരാതെ, യുവത്വത്തിന്റെ തിളക്കം ബുദ്ധിയിലും ചിന്തയിലും ദർശനങ്ങളിലും പ്രവർത്തികളിലും പ്രശോഭിപ്പിച്ച യുവമനസ്സുകളുടെ മുമ്പിൽ, കൃതജ്ഞതയുടെയും നന്ദിയുടെയും ഹിമകണങ്ങൾ തങ്ങിനിൽക്കുന്ന കൊച്ചുറോസാപൂക്കൾ ഹൃദയപൂർവ്വം സമർപ്പിക്കുന്നു...

കഴിഞ്ഞ ഒരുവർഷം പ്രസ്ഥാനത്തിന്റെ കരുത്തും ശക്തിയുമായി മുന്നോട്ടുനയിച്ച ശ്രീ. ജോജിൻ ടി ജോയി, ലിറ്റി വെണ്ടർമ്യാലിൽ, ഷിബു പുതിയവീട്ടിൽ, നിഷിത പുതിയകുന്നത്ത്, അനീഷ് ഓമക്കര, ഷംജിത്ത് ചേലയ്ക്കൽ, ഷിൽജോ പള്ളയ്ക്കൽ എന്നിവരെയും ഒപ്പം കൂടെനിന്ന് ആവേശവും പ്രസരിപ്പും പകർന്നുതന്ന സിൻഡിക്കേറ്റ് അംഗങ്ങൾക്കും - ഹൃദയം നിറഞ്ഞ നന്ദി...

2009 പുതിയൊരു പ്രവർത്തനവർഷം... പ്രതീക്ഷയോടെ നമ്മുടെ ഹൃദയത്തിലേക്ക് ഏറ്റ് വാങ്ങാം... പ്രസ്ഥാനത്തെ നയിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട കരുത്തരായ തേരാളികൾക്ക് വിജയാശംസകൾ... പുതു

ദർശന വൈഭവത്തോടെ, യുവമനസ്സുകളുടെ ആവേശമാകാൻ തിരഞ്ഞെടുക്കപ്പെട്ട ശ്രീ. അനീഷ് ഓമക്കര, ലിജി കളരിക്കൽ, സജിൻ ജോസ് ചാലിൽ, റിൻസി കൊച്ചുകുടിയിൽ, സന്തോഷ് ഞാറക്കുളം, ഷിന്റോ മുള്ളംകുഴിയിൽ, ജെസ്സോയി മൂങ്ങനാനിയിൽ എന്നിവർക്കും ഒപ്പം പ്രചോദനവും പ്രോൽസാഹനവും നൽകി മുന്നിൽനിൽക്കുന്ന എല്ലാ പുതിയ സിൻഡിക്കേറ്റ് അംഗങ്ങൾക്കും പ്രവർത്തന വിജയാശംസകൾ സ്നേഹപൂർവ്വം നേരുന്നു.

പ്രിയ സുഹൃത്തുക്കളേ,

2009, പുതിയൊരു പഠനവിഷയവുമായി നാം യാത്ര ആരംഭിക്കുന്നു... "യുവജനം വിശ്വാസ തീഷ്ണതയോടെ രാഷ്ട്രസേവനത്തിന്" എന്ന വിഷയം പ്രധാന ഊന്നൽ മേഖലകളായി മനുഷ്യമഹത്വം - മതേതരത്വം - സന്നദ്ധസേവനം തിരഞ്ഞെടുത്തിരിക്കുന്നു. മാനന്തവാടി രൂപത-2009 കെ.സി.വൈ.എം. യുവജന ശാക്തീകരണവർഷമായി - പ്രഖ്യാപിച്ചിരിക്കുകയാണ്. രൂപത മുഴുവനും നിറഞ്ഞുനിൽക്കുന്ന യുവജന പ്രസ്ഥാനമായി മാറ്റിയെടുക്കുവാൻ ഈ വർഷം കൂടുതൽ ഊർജ്ജസ്വലതയോടെ എല്ലാവരും പ്രവർത്തിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ആധുനികതയുടെയുഗം, വിപ്ലവങ്ങളുടെയുഗം, ശാസ്ത്രത്തിന്റെയുഗം, സ്വാതന്ത്ര്യത്തിന്റെയുഗം എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന 21-ാം നൂറ്റാണ്ട് ഭാരതചരിത്രത്തിൽ കറുത്ത അധ്യായങ്ങൾ എഴുതിചേർത്തുകൊണ്ടാണ് കടന്നുപോകുന്നത്... ഇവിടെ മതമൗലികവാദവും, തീവ്രവാദവും, ഫാസിസവും, ആയുധങ്ങൾക്ക് മൂർച്ചകൂട്ടുകയാണ്. മനുഷ്യമഹത്വം ഹിംസിക്കപ്പെട്ട്, വെട്ടിവീഴ്ത്തുന്ന ശവശരീരങ്ങളുടെ മറവിൽ വിജയകാഹളം മുഴക്കി, സംഹാരതാണ്ഡവമാടുന്ന ഛിദ്രശക്തികൾ വീണ്ടും വീണ്ടും ഉറഞ്ഞ് തുള്ളുന്നു... 'വസുധൈവ കുടുംബകം' ലോകം തന്നെ തറവാട് എന്നതാണ് ഭാരതീയ വേദചിന്തയുടെ സാരം... പക്ഷെ മാനവരാശിയുടെ നന്മയും ഐക്യവും, ക്ഷേമവും.. ആഗ്രഹിച്ച വേദവാക്യങ്ങൾക്ക് മുറിവേറ്റിരിക്കുന്നു. വേദങ്ങളും ഉപനിഷത്തുക്കളും പുതന്നങ്ങളും ഇതിഹാസങ്ങളും നൽകിയ സമ്പന്നമായ ഒരു സംസ്കാരത്തിന് ഇന്ന് ചോരയുടെ മണം. ഇവിടെ ഹിന്ദുവും മുസൽമാനും വിശ്വാ

സത്തിന്റെ പേര് പറഞ്ഞ് കലാപങ്ങൾക്ക് തിരികൊളുത്തുന്നു. അർത്ഥം അറിയാതെ തത്വംസംഗ്രഹിച്ച് ദ്വേഷം വളർത്തി, മനുഷ്യസാഹോദര്യത്തെ മതഭ്രാന്തിൽ മുക്കിക്കൊല്ലുന്ന നാട്ടിൽ – മുതലെടുക്കാൻ ആഗ്രഹിച്ച് കക്ഷിരാഷ്ട്രീയത്തിന്റെ പിൻബലത്തിൽ വർഗ്ഗീയവികാരം ആളിക്കത്തിച്ച് അധികാരം ഉറപ്പിക്കാൻ ശ്രമിക്കുന്നവർ വേറൊരുവശത്ത്.

മതേതരത്വം നമ്മുടെ ദേശീയഘടനയിലെ ഊടുംപാവുമാണ്. നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിന്റെ മേന്മയേറിയ മുത്താണ് അത്. ഈ മണ്ണിൽ പിറന്ന ഹിന്ദുക്കളും, മുസ്ലിംങ്ങളും, ക്രിസ്ത്യാനികളും, സിക്കുകാരും, ബുദ്ധജൈനന്മാരും, മറ്റ് മതവിഭാഗങ്ങളും, 'നാം ഇന്ത്യക്കാർ' എന്ന പ്രയോഗത്തിൽ ഉൾച്ചേർന്നവരാണ്. ഈ മതനിരപേക്ഷതയ്ക്ക് അതിരില്ല... മനുഷ്യമഹത്വത്തെ ഹനിക്കുന്ന ദയാവധം, സന്താനനിയന്ത്രണം എന്നീ നിയമപരിഷ്കാരങ്ങളിലൂടെ സമൂഹത്തിന്റെ മനസ്സാക്ഷിയെ ധാർമ്മികതയുടെ ശിരസിന് നേരെ കോടാലി വച്ചിരിക്കുന്നു... ഈ പശ്ചാത്തലത്തിൽ യുവജനങ്ങൾ ശക്തിമത്തായി വിശ്വാസ തീഷ്ണതയോടെ, മാതൃരാജ്യത്തിന്റെ അഭിമാനം കാത്തുസൂക്ഷിക്കാൻ കർമ്മനിരതയോടെ, ധാർമ്മികവീര്യത്തോടെ, ഉള്ളിൽ കത്തുന്ന തീഷ്ണതയുടെ, നന്മയുടെ കനലുകൾ പങ്കിട്ടുകൊണ്ട് മുന്നിട്ടിറങ്ങണം.

2009 കെ.സി.വൈ.എം. ശാക്തികരണവർഷമായി നാം പ്രഖ്യാപിച്ചിരിക്കുകയാണ്. മാനന്തവാടി രൂപതയിലെ ഓരോ ഇടവകയിലും, യുവജനപ്രസ്ഥാനത്തിന്റെ കരുത്തുറ്റ ഒരു യൂണിറ്റ് ഉണ്ടാകുവാനും – കർമ്മധീരതയോടെ, സഭയുടെ ശബ്ദവും ശക്തിയുമായി പ്രവർത്തിക്കുവാൻ കർമ്മോത്സുകരായ ഒരു യുവജനസമൂഹത്തെ വളർത്തിയെടുക്കാൻ – എല്ലാ വൈദികരും, സിസ്റ്റേഴ്സും, യുവജനനേതാക്കളും പരിശ്രമിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു... കർമ്മധീരമായ പ്രവർത്തനമേഖലകളിൽ വിജയങ്ങൾ... വിജയങ്ങൾമാത്രം ആശംസിക്കുന്നു.

സ്നേഹപൂർവ്വം,
**സണ്ണിയച്ചൻ**

## 'സദ്ഗമയ-08' -14-ാം രൂപതാവാർഷികം

ഇരുളിന്റെ പാതയിൽ എന്നെന്നും പ്രകാശംപരത്തുന്ന യുവജന പ്രസ്ഥാനമാണ് കെ.സി.വൈ.എം. കഴിഞ്ഞ 14 വർഷങ്ങളായി സമൂഹത്തിന്റെ പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പൊതുജനശ്രദ്ധയിൽ അവയെ അവതരിപ്പിക്കുവാനും പരിഹാരം കാണുവാനും കെ.സി.വൈ.എം. ന് കഴിഞ്ഞിട്ടുണ്ട് എന്നത് ഏറെ ശ്രദ്ധേയമാണ്. 2008 പ്രവർത്തനവർഷം സമാപനവും വാർഷികവും ഡിസംബർ 27-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. രൂപത പ്രസി. ശ്രീ. ജോജിൻ ടി. ജോയി പതാക ഉയർത്തി. രൂപത ഡയറക്ർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം വി. കുർബാന അർപ്പിച്ചു. തുടർന്ന് മിജാർക്ക് സൊളിഡാരിറ്റി സമിതി ഏഷ്യൻ ചെയർമാൻ ശ്രീ. ജോസ് പള്ളത്ത് 'മതേതരത്വം വെല്ലുവിളിക്കപ്പെടുന്ന നാളുകൾ' എന്ന വിഷയത്തിൽ ക്ലാസ് നടത്തി. ശേഷം നടന്ന പൊതുസമ്മേളനത്തിൽ രൂപത ജന.സെക്രട്ടറി ബിജു പുതിയവീട്ടിൽ സ്വാഗതം ആശംസിക്കുകയും പ്രസിഡന്റ് ജോജിൻ ടി. ജോയി അധ്യക്ഷത വഹിക്കുകയും ചെയ്തു. രൂപത ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖപ്രഭാഷണം നടത്തി 14-ാം രൂപതാ വാർഷികസമ്മേളനം മുൻ എം.പി. ജനാബ്: അബ്ദുൾ സമദ് സമദാനി ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപതയുടെ അഭിവന്ദ്യപിതാവ് മാർ ജോസ് പൊരുന്നേടം അനുഗ്രഹ പ്രഭാഷണം നടത്തി. സംസ്ഥാന പ്രസി. ശ്രീ. എജി പാറപ്പാട്ട് പ്രവർത്തനവർഷത്തെ വിവിധ അവാർഡുകൽ വിതരണം ചെയ്തു. സംസ്ഥാന വൈസ്പ്രസി. ശ്രീ. ബിജു മാത്യു അരീക്കാട്ട്, രൂപതാ ആനിമേറ്റർ സി. മോളി ജോസഫ് SJL എന്നിവർ ആശംസകൾ അർപ്പിച്ചു. രൂപതാ വൈസ്.പ്രസി. കുമാരി ലിറ്റി വെണ്ടർമ്യാലിൽ നന്ദി അർപ്പിച്ചു.

## വാർഷിക സെനറ്റ് - 2008

2008-ലെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും 2009-ലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുമായി ഡിസംബർ 27, 28 തീയതികളിലായി ദ്വാരക പാസ്റ്ററൽസെന്ററിൽ വാർഷിക സെനറ്റ് നടന്നു. പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ.ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ സെനറ്റ് ഉദ്ഘാടനം ചെയ്തു. നേതൃത്വ ധർമ്മങ്ങളെക്കുറിച്ചും പ്രവർത്തനലക്ഷ്യ

ങ്ങളെക്കുറിച്ചും ശ്രീ. ജോസ് പള്ളത്ത് ക്ലാസ് നയിച്ചു. സിയോൻ ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ പാറയിൽ ആത്മീയമായി നേതൃത്വത്തിന് ഒരുങ്ങുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകി. വി.കുർബാനയുടെ ആരാധനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് വിവിധ മേഖലകൾ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സംഘടനാ ചർച്ചകൾ സജീവമായി നടന്നു. 28-ന് രാവിലെ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം (രൂപതാഡയറക്ടർ) വിശുദ്ധബലി അർപ്പിച്ചു. തുടർന്ന് ജനറൽ സെക്രട്ടറി ഷിബു പുതിയ വീട്ടിൽ രൂപത റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ഷംജിത്ത് ചേലയ്ക്കൽ കണക്ക് അവതരിപ്പിച്ചു. തുടർന്നുള്ള ചർച്ചകൾക്ക്ശേഷം, 2008 പ്രവർത്തനവർഷ റിപ്പോർട്ടും, വാർഷികകണക്കും രൂപതാസെനറ്റ് അംഗീകരിച്ചു. അതിനുശേഷം ബഹു. ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന രൂപതാ ഇലക്ഷന് മുൻ രൂപതാ പ്രസി. ശ്രീ. റജിമോൻ പുന്നോലിൽ നേതൃത്വം നൽകി.

**2009-ലെ രൂപതാ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | : | അനീഷ് ഓമക്കര - കേണിച്ചിറ യൂണിറ്റ് |
| വൈസ് പ്രസിഡന്റ് | : | ലിജി കളരിക്കൽ - വിളമ്പുകണ്ടം |
| ജനറൽ സെക്രട്ടറി | : | സജിൻ ജോസ് ചാലിൽ - പയ്യംപള്ളി |
| സെക്രട്ടറിമാർ | : | റിൻസി കൊച്ചുകുടിയിൽ - പ്രശാന്തഗിരി, |
| | | സന്തോഷ് ഞാറക്കുളം - ചെന്നലോട് |
| ട്രഷറർ | : | ഷിന്റോ മുള്ളംകുഴിയിൽ - കരിമ്പിൽ |
| കോർഡിനേറ്റർ | : | ജെസ്സോയി മൂങ്ങനാനിയിൽ - വാഴവറ്റ |

**2009-സംഘടനാ ശാക്തീകരണവർഷത്തിന്റെ വിജയത്തിനായി ചില നിർദ്ദേശങ്ങൾ നൽകട്ടെ**

- +1, +2 മുതൽ 35 വയസ്സുവരെ പ്രായമുള്ള യുവജനങ്ങളെ ഉൾപ്പെടുത്തി എല്ലാ ഇടവകകളിലും കെ.സി.വൈ.എം. ന്റെ യൂണിറ്റുകൾ സ്ഥാപിക്കുക
- യൂണിറ്റുകൾ ഉള്ള സ്ഥലങ്ങളിൽ മെമ്പർഷിപ്പ് പുതുക്കുകയും കൂടുതൽ പേരെ ഉൾപ്പെടുത്തുകയും ചെയ്യുക.
- ശക്തമായ നേതൃനിരയെ തിരഞ്ഞെടുക്കുക.

- സമയബന്ധിതമായി മാർഗ്ഗരേഖയ്ക്ക് അനുസരിച്ചുള്ള പ്രവർത്തനം ആരംഭിക്കുക.
- ബഹു. വികാരിയുടെ നേതൃത്വത്തിൽ മാസത്തിലൊരിക്കൽ ഇടവകയിലെ യുവജനങ്ങൾ ഒരുമിച്ചുകൂടുക.
- ഇടവകയിൽ നിന്നും പഠനത്തിനായി, ജോലിക്കായി പുറത്തുപോയിരിക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കുക,
- അവധിക്കാലങ്ങളിൽ അവരുടെ സംഗമം സംഘടിപ്പിക്കുക.
- രൂപതാ മാർഗ്ഗരേഖയായ വഴി–2009 ലെ രൂപരേഖയനുസരിച്ച് സാമൂഹിക ആത്മീയ-ഭൗതീക-സംഘടനാതല രംഗങ്ങളിൽ വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
- വഴി–2009 ലെ പ്രവർത്തന വിഷയങ്ങൾക്ക് ഊന്നൽകൊടുത്തുകൊണ്ട് പഠനസദസ്, ചർച്ച, സംവാദം, ഡിബെയ്റ്റ് എന്നിവ സംഘടിപ്പിക്കുക.
- അഭിവന്ദ്യ പിതാവ് കഴിഞ്ഞവർഷത്തെ പ്രീസ്റ്റ് കോൺഫ്രൻസിൽ സൂചിപ്പിച്ചതുപോലെ ഇടവകയുടെ വരുമാനത്തിന്റെ 5% സംഘടനാ പ്രവർത്തനങ്ങൾക്കായി മാറ്റിവെയ്ക്കുക.
- മേഖലാ രൂപതാ സമിതിയുമായി ബന്ധപ്പെട്ട് ക്ലാസുകൾ, സെമിനാറുകൾ, ക്യാമ്പുകൾ, മറ്റുവിവിധ പ്രതികരണ പ്രവർത്തനങ്ങൾ എന്നിവ നടത്തുക.
- ഓരോ യൂണിറ്റിലും ആവശ്യമായ റിക്കോഡുകളും, ഫയലുകളും സൂക്ഷിക്കുകയും സന്ദർശനത്തിന് വരുമ്പോൾ കാണിക്കുകയും ചെയ്യുക.
- 2009–ലെ പഠനവിഷയങ്ങൾക്ക് ആസ്പദമായി യൂണിറ്റ് തലത്തിലോ മേഖലാ തലത്തിലോ യുവജനസംഗമങ്ങൾ സംഘടിപ്പിക്കുക.

**Meghala Promoters**

വിവിധ മേഖലകളെ രൂപതാസമിതിയുമായി ബന്ധിപ്പിച്ച്, പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജസ്വലത നൽകാൻ ഓരോ മേഖലയ്ക്കും ഓരോ സിൻഡിക്കേറ്റ് പ്രൊമോട്ടർമാരെ രൂപത തിരഞ്ഞെടുത്തു. ബത്തേരി:– മാത്യുതറയിൽ, ഗൂഡല്ലൂർ:– ബെന്നി പച്ചിക്കൽ,

കല്ലോടി:– ജോജിൻ ടി. ജോയി, കൽപ്പറ്റ:– സന്തോഷ് ഞാറക്കുളം, കൊട്ടിയൂർ:– ഷംജിത്ത് ചേലയ്ക്കൽ, മാനന്തവാടി:– ഷിബു പുതിയവീട്ടിൽ, മണിമൂളി, നിലമ്പൂർ:– അനീഷ് ഓമക്കര, ബിജു പാലത്തിങ്കൽ, നടവയൽ:– ബിജു അരീക്കാട്ട്, പയ്യംപള്ളി:– ഷിന്റോ മുള്ളങ്കുഴിയിൽ, പുൽപ്പള്ളി:– സണ്ണി ജോസ് ചാലിൽ, തരിയോട്:– ജെസ്സോയി മൂങ്ങനാനിയിൽ.

**സംസ്ഥാന സെനറ്റ് & സിൻഡിക്കേറ്റ് അംഗങ്ങൾ**

2008 ഡിസംബർ 28–ന് ചേർന്ന സംയുക്ത സിൻഡിക്കേറ്റിൽ വച്ച് സംസ്ഥാന സിൻഡിക്കേറ്റംഗങ്ങളായി ജോജിൻ ടി ജോയി, ലിറ്റി ജോസ് വെണ്ടർമ്യാലിൽ എന്നിവരെയും സംസ്ഥാന സെനറ്റംഗങ്ങളായി മാത്യു തറയിൽ, സണ്ണി ജോസ് ചാലിൽ, ബിനോയി പാനികുളം, നിഷിത പുതിയകുന്നത്ത് എന്നിവരെയും തിരഞ്ഞെടുത്തു.

**കെ.സി.വൈ.എം. – പേൾ ജൂബിലി – കോട്ടയം**

കെ.സി.വൈ.എം. ന്റെ പേൾ ജൂബിലിയോടനുബന്ധിച്ചിട്ടുള്ള സംസ്ഥാന കൺവെൻഷനിലും, റാലിയിലും, രൂപതയിൽനിന്ന് ബഹു. ഡയറക്ടർ, സി. മോളി ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ 10 കുട്ടികൾ പങ്കെടുത്തു.

**സംസ്ഥാന ഇലക്ഷൻ – ആലപ്പുഴ**

ആലപ്പുഴ കർമ്മസദൻ പാസ്റ്ററൽ സെന്ററിൽ വച്ച് കെ.സി.വൈ.എം. ന്റെ സംസ്ഥാന സെനറ്റിലും, ഇലക്ഷനിലും രൂപതയിൽ നിന്ന് ബഹു. ഡയറക്ടറച്ചനും, ആനിമേറ്റർ സി. മോളി ജോസഫ്, ജോജിൻ ടി. ജോയി, ലിറ്റി വെണ്ടർമ്യാലിൽ, നിഷിത പുതിയകുന്നത്ത്, സണ്ണി ജോസ് ചാലിൽ എന്നിവർ പങ്കെടുത്തു. സെനറ്റിൽ വച്ച് പുതിയ സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തു. നിയുക്ത ഭാരവാഹികൾക്ക് മാനന്തവാടി രൂപതാ കെ.സി.വൈ.എം. കുടുംബത്തിന്റെ വിജയാശംസകൾ.

**സംയുക്ത സിൻഡിക്കേറ്റ് – ഉത്തരവാദിത്വ കൈമാറ്റം**

2008 വർഷത്തെയും 2009 വർഷത്തെയും സിൻഡിക്കേറ്റംഗങ്ങളുടെ സംയുക്തയോഗം ഡിസംബർ 28–ന് ഉച്ചയ്ക്ക് പാസ്റ്ററൽ സെന്ററിൽ കൂടി. ബഹു. ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടത്തിന്റെ

സാന്നിധ്യത്തിൽ 2009 വർഷത്തെ ഭാരവാഹികൾ ഉത്തരവാദിത്തം ഏറ്റെടുത്തു. അഭിനന്ദനങ്ങൾ അർപ്പിച്ചുകൊണ്ട് സിൻഡിക്കേറ്റ് അംഗങ്ങൾ സംസാരിച്ചു.

**ഉപന്യാസ മത്സരവിജയികൾ**

വചനവർഷത്തോടനുബന്ധിച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപത 'വചനാധിഷ്ഠിത യുവത്വം സാമൂഹിക നവോത്ഥാനത്തിന്' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ഉപന്യാസ മത്സരത്തിൽ പങ്കെടുത്തവർക്ക് അഭിനന്ദനങ്ങൾ. യഥാക്രമം I-ാം സ്ഥാനം മനു ആരിപ്പിള്ളി- ആറാട്ടുതറ, II-ാം സ്ഥാനം മനു തടത്തിൽ - വിളമ്പുകണ്ടം, III-ാം സ്ഥാനം ഷാജി ചെറിയകുന്നേൽ - കരിമ്പിൽ എന്നിവർ കരസ്ഥമാക്കി. വിജയികൾക്ക് അനുമോദനങ്ങൾ.

**പ്രവർത്തക അവാർഡുകൾ**

**2008-ലെ മികച്ച മേഖല - കൽപ്പറ്റ മേഖല**

2008-ലെ The Track എന്ന മാർഗ്ഗരേഖക്കനുസൃതമായി കൽപ്പറ്റ മേഖല കെ.സി.വൈ.എം. പ്രവർത്തകർ നടത്തിയ വിവിധ കർമ്മപദ്ധതികളുടെ അടിസ്ഥാനത്തിൽ 2008 ലെ മികച്ച മേഖലയ്ക്കുള്ള ഫലകവും ബഹു. മാത്യു കൊല്ലിത്താനം അച്ചന്റെ പേരിലുള്ള ക്യാഷ് അവാർഡും കൽപ്പറ്റ മേഖലക്ക് ലഭിച്ചു. സ്തുത്യർഹമായ പ്രവർത്തനങ്ങൾ മേഖലാ ഡയറക്ടർ റവ.ഫാ. ബിനു പൈനുങ്കൽ, സി. ലീല SCJL, ബിനുരാജ്, ജെസ്സോയി, ടീമംഗങ്ങൾ എന്നിവർക്ക് അഭിനന്ദനങ്ങൾ.

**2008-ലെ മികച്ച യൂണിറ്റ് - പ്രശാന്തഗിരി യൂണിറ്റ്**

ബഹു. പോൾ ഇടയക്കൊണ്ടാട്ടച്ചന്റെയും, സി. നിർമ്മല SH ന്റെയും, കെ.സി.വൈ.എം. പ്രവർത്തകരുടെയും നേതൃത്വത്തിൽ 2008 -ൽ പ്രശാന്തഗിരി ഇടവകയിൽ ചെയ്ത സ്തുത്യർഹമായ പ്രവർത്തനങ്ങൾക്ക് അംഗീകാരമായി 2008-ലെ മികച്ച കെ.സി.വൈ.എം. യൂണിറ്റായി പ്രശാന്തഗിരി തിരഞ്ഞെടുക്കപ്പെട്ടു. അവാർഡ് ഫലകവും ബഹു. മാത്യു കൊല്ലിത്താനം അച്ചന്റെ പേരിലുള്ള ക്യാഷ് അവാർഡും രൂപതാസംഗമത്തിൽ വച്ച് നൽകി. ബഹു. പോൾ ഇടയക്കൊണ്ടാട്ടച്ചനും, കെ.സി.വൈ.എം. പ്രവർത്തകർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ.

**2008-ലെ ഏറ്റവും മികച്ച കെ.സി.വൈ.എം. പ്രവർത്തകൻ - ശ്രീ. ജെസ്സോയി മൂങ്ങനാനിയിൽ, വാഴവറ്റ**

2008 വർഷത്തിലെ മികച്ച പ്രവർത്തകനുള്ള അവാർഡിന് കൽപ്പറ്റ മേഖലയിലെ വാഴവറ്റ യൂണിറ്റിലെ അംഗമായ ശ്രീ. ജെസ്സോയി മൂങ്ങനാനിയിൽ അർഹനായി. വിവിധങ്ങളായ പ്രവർത്തനങ്ങളുടെ മികവിൽ, കഴിഞ്ഞ വർഷത്തിൽ കെ.സി.വൈ.എം. പ്രസ്ഥാനത്തെ വളർത്തിയ ജെസ്സോയിക്ക് രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ. അവാർഡ് ഫലകവും, റവ.ഫാ. മാത്യു കൊല്ലിത്താനം അച്ചന്റെ പേരിലുള്ള ക്യാഷ് അവാർഡും രൂപതാ സംഗമത്തിൽവച്ച് നൽകി.

**സംസ്ഥാന അവാർഡുകൾ**

2008 വർഷത്തിലെ പ്രവർത്തനങ്ങളോടനുബന്ധിച്ച്, റിസോഴ്സ് പേഴ്സൺസിനുള്ള അവാർഡുകൾ - സംസ്ഥാന അർദ്ധവാർഷിക സെനറ്റ് മികവുറ്റതാക്കിയതിനുള്ള അവാർഡ് മാനന്തവാടി രൂപത കെ.സി.വൈ.എം. സമിതിയ്ക്ക് സംസ്ഥാന സെനറ്റിൽ വച്ച് നൽകപ്പെട്ടു. ശ്രീ. ജോസ് പള്ളത്ത്, സെബാസ്റ്റ്യൻ പാലംപറമ്പിൽ, ജോൺസൺ തൊഴുത്തുങ്കൽ, റെജിമോൻ പുന്നോലിൽ എന്നിവർക്കും അവാർഡുകൾ നൽകി ആദരിച്ചു.

**നേതൃസംഗമം-2009**

2009-ൽ പ്രസ്ഥാനത്തെ നയിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ്, മേഖല, രൂപതാ ഭാരവാഹികളുടെ സംഗമവും പ്രവർത്തന വർഷ ഉദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും ഫെബ്രുവരി-14 ന് ശനിയാഴ്ച ദ്വാരക എ.യു.പി. സ്കൂളിൽവെച്ച് രാവിലെ 9.30 മുതൽ 3.30 വരെ നടത്തുന്നു. സംഘടനാ ചർച്ചകൾ, പഠനവിഷയ വിശകലനം, മാർഗ്ഗരേഖ വിശകലനം എന്നിവ ഉൾപ്പെടുന്നതാണ് നേതൃസംഗമം.

**അംഗത്വമാസം**

കെ.സി.വൈ.എം. സംഘടനാ ശാക്തീകരണവർഷമായി ആചരിക്കുന്ന ഈ വർഷം ജനുവരി മാസം അംഗത്വമാസമായി ആചരിച്ച് കാണുമല്ലോ. കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ അംഗങ്ങളാകുവാൻ ആഗ്രഹിക്കുന്നവരെ പുതുതായി ചേർക്കുവാനും പഴയ അംഗങ്ങളുടെ അംഗത്വം പുതുക്കുവാനും ലഭിക്കുന്ന അവസരമാണിത്. രൂപതയിലെ

മുഴുവൻ ഇടവകകളിലെയും +1, +2 കുട്ടികളും, മുതിർന്ന യുവജനങ്ങളും ഉൾപ്പെടുന്ന യുവജനകൂട്ടായ്മ ഉണ്ടാക്കുവാൻ ശ്രദ്ധിക്കുമല്ലോ. ബഹുമാനപ്പെട്ട അച്ചൻമാരും സിസ്റ്റേഴ്സും യുവജനങ്ങൾക്ക് ആവശ്യമായ നേതൃത്വവും മാർഗ്ഗനിർദ്ദേശവും നൽകി ഇടവകകളിൽ സംഘടനയെ സജീവവും ഊർജ്ജസ്വലവുമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ആത്മദർശൻ**

ലോകസമാധാനം ലക്ഷ്യംവച്ച് എല്ലാവർഷവും നാം നടത്തുന്ന 'ആത്മദർശൻ' മലയാറ്റൂർ തീർത്ഥാടന പദയാത്രയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഫെബ്രുവരി 14-ന് മുമ്പായി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. മാർച്ച് 6, 20, ഏപ്രിൽ 3 തീയതികളിലായി വൈകുന്നേരങ്ങളിൽ പ്രാർത്ഥനാസംഗമങ്ങൾ നടത്തുന്നതാണ്. 'ആത്മദർശനിൽ' പങ്കെടുക്കുന്നവർക്ക് തിരികെയുള്ള യാത്രയുടെ റ്റി.എ. നൽകുന്നതായിരിക്കും.

**അഭിനന്ദനങ്ങൾ - ആശംസകൾ**

2008 വർഷം കെ.സി.വൈ.എം. സംസ്ഥാന സമിതിയിൽ വൈസ്പ്രസിഡന്റായി നിസ്തുല സേവനം അനുഷ്ഠിച്ച ശ്രീ. ബിജു മാത്യു അരീക്കാട്ടിന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. 2009 പ്രവർത്തനവർഷം സംസ്ഥാന ഓഡിറ്ററായി തെരഞ്ഞെടുക്കപ്പെട്ട സണ്ണിജോസ് ചാലിൽ-ന് അഭിനന്ദനങ്ങൾ.

**അനുശോചനം**

മുൻരൂപത പ്രസിഡന്റും സംസ്ഥാന സിൻഡിക്കേറ്റംഗവുമായിരുന്ന ശ്രീ. റജിമോൻ പുന്നോലിന്റെ പിതാവിന്റെ നിര്യാണത്തിൽ കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

2009 വർഷം കെ.സി.വൈ.എം. ന്റെതായിരിക്കട്ടെ. അതിനുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ആശംസകളോടെ

സ്നേഹപൂർവ്വം,

**സജിൻ ജോസ് ചാലിൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ച് ഡിസംബർ 29 മുതൽ ജനുവരി 1 വരെ നടന്ന കോഴ്സിൽ 96 ഉം ജനുവരി 10 മുതൽ 14 വരെ നടന്ന കോഴ്സിൽ 106 പേരും പങ്കെടുത്തു. ആദ്യാവസാനം വരെ കോഴ്സിന്റെ വിജയത്തിനായി ക്ലാസുകളിലൂടെയും വി. കുർബാനയിലൂടെയും അനുരഞ്ജന ശുശ്രൂഷയിലൂടെയും മറ്റും സഹായിച്ച എല്ലാ വൈദികരെയും കുടുംബ പ്രേഷിതത്വ ടീമംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**2009 വർഷത്തെ വിവാഹ ഒരുക്ക കോഴ്സുകൾ**

| MONTH | DATE | Starting Time | Closing Time | VENUE |
|---|---|---|---|---|
| January | Dec. 29- Jan.1 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 10-14 | 4.00 pm | 10.00 am | Pastoral Centre, Dwaraka |
| | 30-Feb.2 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| February | 14-17 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 27-Mar.2 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| March | 19-23 | 6.00 pm | 8.30 am | Manimooly |
| | 27-30 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| April | 4-8 | 4.00 pm | 10.00 am | Pastoral Centre, Dwaraka |
| | 19-22 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 27-30 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| May | 9-12 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 28-31 | 9.30 am | 2.00 pm | Pastoral Centre, Dwaraka |

| | | | | |
|---|---|---|---|---|
| June | 26-29 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| July | 23-27 | 4.00 pm | 10.00 am | Pastoral Centre, Dwaraka |
| August | 14-17 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 20-23 | 6.00 pm | 8.30 am | Manimooly |
| September | 5-9 | 4.00 pm | 10.00 am | Pastoral Centre, Dwaraka |
| | 26-29 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| October | 10-13 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 23-26 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| November | 14-17 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 21-25 | 4.00 pm | 10.00 am | Pastoral Centre, Dwaraka |
| December | 12-15 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 17-21 | 6.00 pm | 8.30 am | Manimooly |
| | 28-31 | 9.30 am | 2.00 pm | Pastoral Centre, Dwaraka |

**വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

ആദ്യമായി തന്നെ പുതുവർഷാശംസകൾ ഹൃദയപൂർവ്വം നേരുന്നു. ഈ പുതിയ വർഷത്തിൽ അച്ചന്റെ എല്ലാ ശുശ്രൂഷകളിലും ധാരാളമായ ദൈവാനുഗ്രഹങ്ങളും വിജയങ്ങളും ആശംസിക്കുന്നു.

കുടുംബപ്രേഷിതത്വപ്രവർത്തനങ്ങൾക്ക് അച്ചൻ നൽകിവരുന്ന സ്നേഹപ്രോത്സാഹനങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. സ്തുത്യർഹമായി സേവനം നൽകുന്ന കുടുംബപ്രേഷിതത്വ ടീം അംഗങ്ങളേയും, മാതൃസംഘടന, ഏകസ്ഥ കൂട്ടായ്മ എന്നിവകളുടെ ഭാരവാഹികളെയും പ്രവർത്തകരെയും, ഓഫീസിൽ സ്തുത്യർഹമായി സേവനം അനുഷ്ഠിക്കുന്ന സി. അമലയേയും എന്നോടൊത്ത് സഹകരിച്ച് പ്രവർത്തിക്കുന്ന സി. സബീന, സി. പോൾ മരിയ എന്നീ ആനിമേറ്റർമാരേയും, അസി. ഡയറക്ടർ ജോഷി പെരിയപ്പുറത്തച്ചനേയും ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഇത്തവണ 2009 ലെ വിവാഹഒരുക്കകോഴ്സുകളുടെ തീയതികൾ നിശ്ചയിച്ച് അറിയിക്കുവാൻ അല്പം വൈകി പോയി. നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുവാൻ പാകത്തിന് കാർഡ് രൂപത്തിലാണ് കോഴ്സുകളുടെ തീയതികൾ അച്ചടിച്ചിട്ടുള്ളത്. അതിന്റെ കോപ്പികൾ ഇതോടൊപ്പം ഉണ്ട്. കോഴ്സിന്റെ തീയതികൾ മുൻകൂട്ടി അറിയുന്നതുകൊണ്ട് ആവശ്യകാർക്ക് യഥാസമയം മറ്റു കാര്യങ്ങൾ ക്രമീകരിച്ച് കോഴ്സിന് രജിസ്റ്റർ ചെയ്യാൻ സാധിക്കുമല്ലോ.

ഓരോ കോഴ്സിനും 100 പേർക്ക് വീതമാണ് പ്രവേശനം നൽകുന്നത്. അതിൽ കൂടുതൽ പേർക്ക് പ്രവേശനം നൽകുവാൻ സൗകര്യങ്ങൾ മതിയാവുകയില്ല. 2009 ൽ ദ്വാരക പാസ്റ്ററൽ സെന്ററിലും മണിമൂളി റീജിയണൽ സെന്ററിലുമായി 25 കോഴ്സുകൾ മുൻകൂട്ടി കാണുന്നുണ്ട്. ഓരോ കോഴ്സും തുടങ്ങുന്ന സമയവും അവസാനിക്കുന്ന സമയവും ദൈർഘ്യവും വ്യത്യസ്തമാണ് എന്നത് ശ്രദ്ധിക്കുമല്ലോ.

വൈകി കോഴ്സിൽ ചേരുന്നതും കോഴ്സ് തീരുന്നതിനു മുമ്പ് തിരികെ പോകാൻ ആവശ്യപ്പെടുന്നതും കോഴ്സിന്റെ നടത്തിപ്പിൽ ചില്ലറ പ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ട്. അതുകൊണ്ട് അത്തരത്തിലുള്ള ശുപാർശകൾ ചെയ്യാതിരിക്കുന്നതാണ് സന്തോഷകരം.

കോഴ്സുകളിൽ പങ്കെടുക്കുന്നവരിൽ ഭൂരിഭാഗം പേരും അഭിപ്രായപ്പെടുന്നത്, വിവാഹം നിശ്ചയിക്കുന്നതിനു മുമ്പുതന്നെ കോഴ്സിൽ പങ്കെടുക്കുന്നതാണ് നല്ലത് എന്നാണ്. നിശ്ചയശേഷം രണ്ടുപേരും കൂടി പങ്കെടുക്കുന്നതിന്റെ നന്മയും എടുത്ത് പറയാറുണ്ട്. എന്നാൽ ഏത് സാഹചര്യത്തിലായാലും വിവാഹശേഷം കോഴ്സിൽ വരുന്നവരുടെ (വിരളമായേ വരാറുള്ളു എന്നിരുന്നാലും) കോഴ്സിലുള്ള ഭാഗഭാഗിത്വം വളരെ അശ്രദ്ധവും മറ്റുള്ളവർക്ക് അസ്വസ്ഥത ഉളവാക്കുന്നതുമാണ്.

മാമോദീസ സ്വീകരിക്കാത്തവർ, പുതുതായി മാമ്മോദീസ സ്വീകരിച്ചവർ, അകത്തോലിക്കർ, വിവാഹം രജിസ്റ്റർ ചെയ്തിട്ടോ അല്ലാതെയോ ഒരുമിച്ച് വസിക്കുന്നവർ തുടങ്ങിയവരെ കോഴ്സിന് അയക്കുമ്പോൾ ഓഫീസിൽ അറിയുവാൻ തക്കവിധം പ്രത്യേകം കുറിപ്പ് കൊടുത്തയച്ചാൽ ഉപകാരമായിരുന്നു. ഇവരുടെ കുമ്പസാരം, കുർബാന എന്നീ കൂദാശകളുടെ സ്വീകരണത്തെ കുറിച്ചും പ്രത്യേകം പരാമർശനങ്ങൾ ലഭിച്ചിരുന്നുവെങ്കിൽ നല്ലതായിരുന്നു.

കോഴ്സ് സർട്ടിഫിക്കറ്റിന്റെ സാധുതയ്ക്ക് ഒരു നിശ്ചിത കാലപരിധി ഒന്നും നിർണ്ണയിച്ചിട്ടില്ല എന്ന് ഒരിക്കൽ കൂടി അനുസ്മരിക്കട്ടെ.

കേരളത്തിനു പുറത്തും വിദേശരാജ്യങ്ങളിലും വച്ച് നടത്തപ്പെടുന്ന വിവാഹകോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ, എല്ലായ്പ്പോഴുംതന്നെ അത്തരം കോഴ്സുകൾ അർദ്ധദിനം, ഏകദിനം, ദ്വിദിനം മാത്രം ദൈർഘ്യമുള്ളതും നിർദ്ദേശിക്കപ്പെട്ട വിഷയങ്ങളെല്ലാം പഠിപ്പി

ക്കാത്തവയും ആയതുകൊണ്ട്, സാധുവായി പരിഗണിക്കേണ്ടതില്ല എന്ന കെ. സി. ബി. സി ഫാമിലി കമ്മീഷന്റെ നിർദ്ദേശമുണ്ട് എന്ന കാര്യവും ഒരിക്കൽ കൂടി അനുസ്മരിക്കുന്നു.

വിവാഹ ഒരുക്കകോഴ്സിന്റെ കാര്യത്തിൽ 2009 ഏപ്രിൽ മുതൽ നടപ്പാക്കേണ്ട രണ്ട് പുതിയ നിർദ്ദേശങ്ങൾ കൂടി മുൻകൂട്ടി കാണുന്നുണ്ട്. ചിലവുകളുടെ വർദ്ധനവ് പരിഗണിച്ച് ഫീസിൽ 50 രൂപയുടെ വർദ്ധനവ് വരുത്തി 400 രൂപ ആക്കുക എന്നതാണ് ഒന്നാമത്തേത്. വളരെ അർഹമായ സന്ദർഭങ്ങളിൽ ഫീസ് ഇളവ് അനുവദിക്കുന്നുമുണ്ട്. രണ്ടാമത്തെ നിർദ്ദേശം കോഴ്സിൽ പങ്കെടുക്കുന്ന വ്യക്തിയുടെ ഇടവക സീൽ പതിച്ച പാസ്പോർട്ട് സൈസ് ഫോട്ടോയോടുകൂടി വികാരിയുടെ ശുപാർശയുള്ള അപേക്ഷാ ഫോറങ്ങൾ ഉപയോഗിച്ച് മാത്രം പ്രവേശനം നൽകുകയും, അതേ ഫോട്ടോ പതിച്ച് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുക എന്നതാണ്. ഇക്കാര്യങ്ങൾ ഒക്കെ യഥാസമയം ഇടവകസമൂഹത്തെ അറിയിച്ച് സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു.

കുടുംബപ്രേഷിതത്വം, മാതൃസംഘം, ഏകസ്ഥസംഘം എന്നിവയുടെ പ്രവർത്തനങ്ങളിൽ പ്രത്യേകമായ സഹകരണവും പ്രോത്സാഹനവും അപേക്ഷിക്കുകയും, ഒരിക്കൽ കൂടി നന്ദി പറയുകയും, നന്മകൾ നേരുകയും ചെയ്യുന്നു.

## കത്തോലിക്കാ മാതൃസംഘടന

രൂപതാ ഡയറക്ടർ ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചന്റെ നേതൃത്വത്തിൽ ജനുവരി 13 ചൊവ്വാഴ്ച രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. ഭാവി പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ വാർഷിക ജനറൽ ബോഡി ചർച്ചാവിഷയമാക്കി. ഏപ്രിൽ 25-ന് മാതൃസംഘടനാ നേതൃസംഗമവും വാർഷികാഘോഷവും ദ്വാരക സ്കൂൾ ഹാളിൽവെച്ച് നടത്തുവാൻ തീരുമാനിച്ചു. ശാഖാഭാരവാഹികളും മേഖലാ ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്. 2009-ലെ രൂപതാ വിഹിതമായ 100 രൂപയും മേഖലാ പ്രവർത്തന റിപ്പോർട്ടും കൊണ്ടുവരേണ്ടതാണ്. വിശദവിവരങ്ങൾ കത്ത്മുഖേന മേഖലകളിൽ അറിയിക്കുന്നതാണ്. മീറ്റിംഗിന് ശേഷം സ്നേഹവും സൗഹൃദവും പ്രാർത്ഥനയും പങ്കുവെച്ചതിന്റെ ഭാഗമായി ക്രിസ്തുമസ് സമ്മാനം പരസ്പരം കൈമാറി. അടുത്ത എക്സിക്യൂട്ടീവ് മാർച്ച് 31-ന് ചേരുന്നതാണ്.

**പയ്യമ്പള്ളി മേഖല**

13-ാം തീയതി ഒണ്ടയങ്ങാടി ദേവാലയത്തിൽ വച്ച് മേഖലാ വാർഷികവും വചനവർഷ സമാപനവും ക്രിസ്തുമസ് ആഘോഷവും സംയുക്തമായി നടത്തപ്പെട്ടു. മേഖലാ ഡയറക്ടർ ബഹു. തോമസ് ഒറ്റപ്ലാക്കലച്ചൻ ദിവ്യബലിയർപ്പിച്ചു. തുടർന്ന് രൂപതാഡയറക്ടർ ബഹു. മാത്യുമാടപ്പള്ളിക്കുന്നേൽ അച്ചന്റെ അധ്യക്ഷതയിൽ പൊതു സമ്മേളനവും നടത്തി. പൗരോഹിത്യ സിൽവർ ജൂബിലി ആഘോഷി ക്കുന്ന മാത്യുഅച്ചന് ബഹു. തോമസ് അച്ചൻ, ഫൊറോന വികാരി ബഹു. ജോസ് മുണ്ടക്കൽ അച്ചൻ, ഒണ്ടയങ്ങാടി വികാരി, സി. റ്റിൽസി, ഫിലോ എന്നിവർ ആശംസകളർപ്പിക്കുകയും പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു. തുടർന്ന് നടന്ന മത്സരങ്ങളുടെ വിജയികൾക്ക് മേഖലഡയറക്ടർ തോമസച്ചൻ സമ്മാനദാനം നിർവ്വ ഹിച്ചു. ആനിമേറ്റർ സി. റ്റിൽസി ഏവർക്കും കൃതജ്ഞതയുമർപ്പിച്ചു.

**കൽപ്പറ്റ മേഖല**

കൽപ്പറ്റ മേഖലയിലെ റിപ്പൺ ശാഖയിൽ മാതൃസംഘടന ഡിസംബർ 21-ന് ബഹു. വിൻസെന്റ് പുതുശ്ശേരിയച്ചന്റെ നേതൃത്വ ത്തിൽ യോഗം ചേർന്നു. 2009 ലേക്കുള്ള പുതിയ ഭാരവാഹികളെ തിര ഞ്ഞെടുത്തു.

പ്രസിഡണ്ട് - ബീനാ തോമസ് ഇലവുംമൂട്ടിൽ, സെക്രട്ടറി - ബിജി താഴുങ്കൽ, ട്രഷറർ - മേരി കുറ്റിക്കാട്ടിൽ, വൈസ് പ്രസിഡണ്ട് - ലീലാമ്മ പാണാപ്പറമ്പിൽ, ജോയിന്റ് സെക്രട്ടറി - സെലിൻ പുതു ശ്ശേരി.

**മാനന്തവാടി മേഖല**

മാനന്തവാടി മേഖലയിലെ ജനറൽബോഡിയോഗം 20-ാം തീയതി മാനന്തവാടി ടൗൺപള്ളി ഓഡിറ്റോറിയത്തിൽവെച്ച് ബഹു. മേഖലാ ഡയറക്ടർ ഫാ. തോമസ് മണക്കുന്നേലച്ചന്റെ നേതൃത്വ ത്തിൽ ചേർന്നു. ഈ യോഗത്തിൽ 34 പേർ പങ്കെടുത്തു. പുതിയ ഡയ റക്ടർ ഫാ. തോമസ് മണക്കുന്നേലച്ചനും ആനിമേറ്റർ സി. അനില എസ്.എച്ച്.നും സ്വീകരണം നൽകി. കൂടാതെ പൗരോഹിത്യ സിൽവർ ജൂബിലി ആഘോഷിക്കുന്ന ബഹു. ഗർവാസീസ് അച്ചനെ തോമസ ച്ചൻ പൊന്നാട അണിയിച്ചു. ജൂബിലി ആശംസകൾ അർപ്പിച്ചു.

മേഖലാതലത്തിൽ എല്ലാ ശാഖകളേയും ഉൾക്കൊള്ളിച്ചുകൊണ്ട് ബൈബിൾക്വിസ് നടത്താൻ തീരുമാനിച്ചു. ഗ്രേസി വിൻസെന്റ് എല്ലാവർക്കും നന്ദിയർപ്പിച്ചു.

**മരിയൻ സിംഗിൾസ്**

10-1-09 ന് ഏകസ്ഥരുടെ മീറ്റിംഗ് നടത്തി പുതുതായി എടുത്ത തീരുമാനം ജനുവരി 26-ന് പ്രാർത്ഥനാദിനമായി ആചരിക്കാൻ തീരുമാനിച്ചു. കത്തോലിക്കാസഭ അനുഭവിക്കുന്ന പീഢനത്തിന് പരിഹാരമായി പ്രാർത്ഥിക്കുന്നതിന്. അടുത്ത മീറ്റിംഗ് ഫെബ്രുവരി 14-ന് 10 മണിക്ക്.

**ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

മുന്തിരിതോട്ടത്തിൽ വെച്ചു പിടിപ്പിച്ച അത്തിവൃക്ഷം - (ലൂക്കാ 13: 6-9) ഉടമസ്ഥൻ ഫലം തേടി വന്നപ്പോൾ ഒരു ഫലം പോലും ഇല്ലാതെ, തഴച്ചു കൊഴുത്തു നിൽക്കുന്ന അത്തിവൃക്ഷം! മുന്തിരിത്തോട്ടത്തിൽ സാധാരണ ആരും അത്തിമരം നട്ടുപിടിപ്പിക്കാറില്ല. വലിയ പരിചരണം ഒന്നും ആവശ്യം ഇല്ലാത്ത, മാവും, പ്ലാവും പോലെ, വളർന്നു ഫലം തരുന്ന അത്തിമരം! ഇങ്ങനെയൊരു അത്തിമരത്തെ, തോട്ടത്തിന്റെ ഉടമസ്ഥൻ അദ്ദേഹത്തിന്റെ മുന്തിരിതോട്ടത്തിന്റെ നടുവിൽ നട്ടുപിടിപ്പിച്ചെങ്കിൽ, ഉടമസ്ഥന് തീർച്ചയായും ആ മരംകൊണ്ട് വലിയ പ്ലാനും പദ്ധതിയും ഉണ്ട്. ധാരാളം ഫലം കൊയ്യുവാൻ! എന്നാൽ ഒരു ഫലം പോലും കാണാതെ വലിയ വടവൃക്ഷം പോലെ നിൽക്കുന്ന അത്തിമരം കണ്ടുകൊണ്ട് യജമാനൻ പറയുന്നു, “മൂന്നു വർഷമായി ഞാൻ ഈ അത്തിമരത്തിൽ നിന്നും ഫലം അന്വേഷിച്ചുവരുന്നു. ഒന്നും കാണുന്നില്ല. അത് വെട്ടിക്കളയുക, എന്തിന് നിലം പാഴാക്കണം”. കൃഷിക്കാരൻ അവനോടു പറഞ്ഞു, യജമാനനെ ഈ വർഷം കൂടി അതു നിൽക്കട്ടെ. ഞാനതിന്റെ ചുവടുകിളച്ചു വളം ഇടാം, മേലിൽ അതു ഫലം നൽകിയേക്കാം.

ശുശ്രൂഷകർക്കുവേണ്ടി, സിയോൻ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പാറയിലച്ചൻ ജനുവരി 2 ന് നടന്ന സോണൽ മീറ്റിംഗിൽ തന്ന വചന സന്ദേശം രൂപതയിലുള്ള എല്ലാവർക്കുമായി പങ്കുവെയ്ക്കുകയാണ്, ചിന്തിക്കുവാൻ - രൂപാന്തരപ്പെടുവാൻ - ദൈവമക്കളാകുവാൻ. ഏവർക്കും പുതുവത്സരത്തിന്റെ നന്മകളും അനുഗ്രഹങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു.

## ജനുവരി ആദ്യവെള്ളിയാഴ്ച നടന്ന തിരഞ്ഞെടുപ്പിലൂടെ നേതൃത്വനിരയിലേയ്ക്കു കടന്നുവന്നവർ

| | |
|---|---|
| സോണൽ കോ- ഓർഡിനേറ്റർ | - Mr. ജോണി കുന്നുംപുറത്ത്, ആടിക്കൊല്ലി |
| അസി. " " | - Mr. മത്തായി കാരക്കാട്ട്, കമ്മന |
| സോണൽ സെക്രട്ടറി | - സി. ബെന്നറ്റ് FCC, FC. Convent, ദ്വാരക |
| " " | - സി. പ്രമീള, വിൻസെന്റ്ഗിരി, ഒണ്ടയങ്ങാടി |
| വോളണ്ടിയേഴ്സ്-കോ-ഓർഡി. | - Mr. ജോസ് നമ്പ്യാപറമ്പിൽ, കൽപ്പറ്റ |
| " അസി. " + സെക്രട്ടറി | - Mr. ജോണി ആലഞ്ചേരി, മംഗളം |
| " വനിത-കോ-ഓർഡി. | - Mrs. സിസിലി ജോസ് കളപ്പുര, മൊതക്കര |
| കൗൺസിലേഴ്സ് കോ-ഓർഡി. | - Mr.ചാക്കോച്ചൻ പുത്തൻപുരയ്ക്കൽ, മുള്ളൻകൊല്ലി |
| " അസി. " " | - Mr. ബേബി മൂത്തേടത്ത്, ചിത്രഗിരി |
| കൗൺസിലേഴ്സ് സെക്രട്ടറി | - Mr. സിബി വട്ടമറ്റം, മുള്ളൻകൊല്ലി |
| മദ്ധ്യസ്ഥ പ്രാർത്ഥന-കോ-ഓർഡി. | - Mr. ജോർജ് അരഞ്ഞാണിയിൽ, പയ്യമ്പള്ളി |
| " അസി. " | - Mr. ഇമ്മാനുവൽ ആക്കാംതിരി, മുള്ളൻകൊല്ലി |
| " സെക്രട്ടറി " | - Mrs. എത്സി ജോസ് കുളത്തുങ്കൽ, ചെറുകാട്ടൂർ |
| ഇവാഞ്ചലൈസേഷൻ കോ-ഓർഡി. | - Mr. ജോസ് തേനംമാക്കൽ, കൽപ്പറ്റ |
| " അസി. " | - Mr. പൈലി തുറപ്പാട്ട്, ബത്തേരി |
| " സെക്രട്ടറി | - Mr. മാധവൻ കുന്നേത്തോട്ടത്തിൽ, മുതിരേരി |
| ദമ്പതികൂട്ടായ്മ -കോ-ഓർഡി. | - Mr+ Mrs. ജോസഫ് തോട്ടുപുറം, കൽപ്പറ്റ |
| " അസി. " | - Mr+Mrs. ജയിംസ് അമ്പലത്തറ, പോരൂർ |
| " സെക്രട്ടറി | - Mr+ Mrs. സണ്ണി പേരിയക്കോട്ടിൽ, കാരയ്ക്കാമല |
| പ്രോലൈഫ് മിനിസ്ട്രി കോ-ഓർഡി. | - Adv. Mr. കെ. എ. ജോസ് കുറുമ്പാലക്കാട്ട്, കൽപ്പറ്റ |
| " സബ്ബ് " | - Mr. ബേബി കരിമ്പനാൽ,കൽപ്പറ്റ |
| " സെക്രട്ടറി " | - Mr.ഷിബു ചാക്കോ മാവേലിക്കുന്നേൽ, കൽപ്പറ്റ |
| ഉദ്യോഗസ്ഥ കൂട്ടായ്മ-കോ-ഓർഡി | - Mr. ബേബി പി.ജെ പേങ്ങാനത്ത്, ബത്തേരി |
| ഹോസ്പിറ്റൽ മിനിസ്ട്രി കോ-ഓർഡി. | - Mr. മാത്യു നിരപ്പത്ത്, ആടികൊല്ലി |
| " അസി. " | - Mr. വർക്കി വാഴയിൽ, കേണിച്ചിറ |
| " സെക്രട്ടറി | - Mr. ആന്റണി പള്ളത്ത്, ചുണ്ടക്കര |

പ്രാർത്ഥനാഗ്രൂപ്പ് ലീഡേഴ്സ് കോ- ഓർഡി. - Mr. ജോർജ് കൈനിക്കുന്നേൽ, ആടികൊല്ലി

" അസി. " - Mr. ജോസ് മാളോല, മുള്ളൻകൊല്ലി

" സെക്രട്ടറി - Mrs. സിസിലി വൻപുഴ, ചുണ്ടക്കര

മ്യൂസിക് മിനിസ്ട്രി കോ- ഓർഡി.- സി. സുനിത SKD, ദീപ്തിഗിരി

സിസ്റ്റേഴ്സ് കൂട്ടായ്മ കോ- ഓർഡി. - സി. മരിയ ജയിംസ് CMC, കാട്ടികുളം

## ആദ്യശനി- ഏകദിന കൺവെൻഷൻ

ജനുവരി 3, ഏകദിന കൺവെൻഷന് പതിവുള്ള ശുശ്രൂഷകൾക്കുശേഷം രൂപതയുടെ ബഹുമാന്യനായ ജനറാളച്ചൻ മോൺ. ജോർജ് മൂലയിൽ, ഇന്നത്തെ മാധ്യമ സംസ്കാരത്തെക്കുറിച്ച് ദൈവജനത്തെ ബോധ്യപ്പെടുത്തുകയുണ്ടായി. സത്യാവസ്ഥയിൽ നിന്നും വളരെ അകന്നു നിൽക്കുന്ന മാധ്യമ സംസ്കാരം media Age ന്റെ സവിശേഷതയാണ്. വസ്തുതകളും പത്രവാർത്തകളും തമ്മിൽ യാതൊരു പൊരുത്തവുമില്ലാത്ത അവസ്ഥ, സത്യം മറച്ച് ആകർഷകമായ കഥകളാക്കി മാറ്റുന്ന വാർത്താവിനിമയം, വൈദിക-സമർപ്പിതരേയും സഭയെത്തന്നെയും ചെളിവാരിത്തേച്ച് കുറ്റക്കാരായി ചിത്രീകരിച്ച്, അവഹേളിക്കുന്ന ഒരു സംസ്കാരത്തിലാണ് നാം ഇന്നു ജീവിക്കുക. അതുകൊണ്ട് വിവേചിച്ചറിയാതെ മാധ്യമങ്ങളിൽ വിശ്വസിക്കരുതെന്നും, കേൾക്കുന്നതെല്ലാം അതേപടി സ്വീകരിക്കരുതെന്നും, അവതരിപ്പിക്കുന്നതെല്ലാം അതേപടി ഹൃദയത്തിൽ ഉൾകൊള്ളരുത് എന്നും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. 2009 " മാധ്യമ വിചാര വർഷ"മായിരിക്കട്ടെ എന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

ആത്മാർത്ഥതയില്ലാത്ത മാധ്യമ സംസ്കാരത്തിൽ നിന്നും അപ്പത്തിന്റെ ഭവനത്തിലേയ്ക്ക് അതേ, ദിവ്യകാരുണ്യസന്നിധിയിലേക്ക് നമുക്ക് പോകാം എന്നും, അവിടെ സമാധാനവും സന്തോഷവും സ്നേഹവും സുലഭമായി കിട്ടുമെന്നും ദൈവത്തെ സ്വന്തമാക്കിയാൽ എല്ലാം സ്വന്തമായി എന്നും ബഹു. പാറയിലച്ചൻ തുടർന്നുള്ള വി.ബലി മദ്ധ്യേയുള്ള തിരുവചന സന്ദേശത്തിൽ ദൈവമക്കളെ ഉദ്ബോധിപ്പിച്ചുകൊണ്ട് പ്രഭാഷണം നടത്തി.

വഴിമുട്ടിയ ജീവിതങ്ങളിൽ വഴിയൊരുക്കുവാൻ, അടഞ്ഞുപോയ വഴികളെ തുറക്കുവാൻ, പാപത്തിന്റെയും സാത്താന്റെയും അടിമത്വ

ത്തിൽ നിന്നും മോചനം നൽകുവാൻ, യേശുവേ, ദാവീദിന്റെ പുത്രാ ഞങ്ങളിൽ കനിയണമേ എന്നുള്ള ശ്രീ. ചാക്കോച്ചൻ പുത്തൻപുരയുടെ പ്രാർത്ഥനയുടെ മാറ്റൊലി ദിവ്യകാരുണ്യ പ്രദക്ഷിണ സമയത്ത് ഹോളിൽ മുഴങ്ങി നിന്നു. ആ ദിവ്യപ്രഭയിൽ ആയിരങ്ങളുടെ ഹൃദയങ്ങളിൽ, ഈശോനാഥൻ സാന്ത്വനമായി, സമാധാനമായി, സ്നേഹമായി കടന്നു വന്നു.

ജനുവരി മാസത്തിൽ, സിയോൻ സി.ആർ.സി യിലെ പതിവു ശുശ്രൂഷകളും, അതുപോലെ എല്ലാ മിനിസ്ട്രികളിലും ഉള്ള ശുശ്രൂഷകളും മനോഹരമാക്കി അനുഗ്രഹിച്ച നല്ല തമ്പുരാന് നന്ദിയുടെ ഒരായിരം നറുമലരുകൾ അർപ്പിച്ചുകൊണ്ട്,

**സിയോൻ ഫെബ്രുവരി മാസത്തിൽ**

| | | |
|---|---|---|
| ഫെബ്രുവരി | 6 | സോണൽ മീറ്റിംഗ് |
| ,, | 6 | ജാഗരണ പ്രാർത്ഥന |
| ,, | 7 | ഏകദിന കൺവെൻഷൻ |
| ,, | 7 | ക്രിസ്റ്റീൻ കൺവെൻഷൻ |
| ,, | 14 | ദമ്പതി കൂട്ടായ്മ |
| ,, | 14 | യുവജന കൂട്ടായ്മ |
| ,, | 14 | കൗൺസിലിംഗ് ദിനം |
| ,, | 20 | രോഗശാന്തി ശുശ്രൂഷ,<br>മാധ്യസ്ഥ പ്രാർത്ഥനാ ദിനം |
| ,, | 28 | ജാഗരണ പ്രാർത്ഥന - സുവിശേഷമുന്നണി |

**ഫെബ്രുവരി മാസത്തിലെ**
**സിയോൻ ധ്യാനം - ആന്തരിക സൗഖ്യധ്യാനം**
**ഫെബ്രുവരി 22 മുതൽ 26 വരെ**

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരീസഹോദരന്മാരേ,

മിശിഹായുടെ പീഡാനുഭവങ്ങളേയും കുരിശുമരണത്തേയും അനുസ്മരിച്ചുകൊണ്ട് വലിയ നോമ്പാചരണത്തിലേയ്ക്കു നമ്മൾ പ്രവേശിക്കുമ്പോൾ നോമ്പിന്റെ ചൈതന്യത്തോടെ വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ സജീവമാക്കുവാൻ നമുക്ക് ഉത്സാഹിക്കാം.

**I.** സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളോട് അടുത്തുവരുന്ന ഈ സന്ദർഭത്തിൽ സംഘടനയുടെ വാർഷിക റപ്പോർട്ടുകളും കണക്കുകളും ശരിയായി തയ്യാറാക്കുന്നതിനുള്ള ഏതാനും നിർദ്ദേശങ്ങൾ കൂടി നൽകുകയാണ്. കഴിഞ്ഞ മാസങ്ങളിൽ സി.സി പ്രസിഡണ്ടും വൈസ്പ്രസിഡണ്ടും കോൺഫ്രൻസ് റിക്കാർഡുകൾ പരിശോധിച്ചു രേഖപ്പെടുത്തുകയും പറഞ്ഞുതരികയും ചെയ്ത കാര്യങ്ങൾ അനുവർത്തിച്ച് ശരിയായ രീതിയിൽ റിപ്പോർട്ടുകളും കണക്കുകളും തയ്യാറാക്കുക. പ്രധാന ചില കാര്യങ്ങൾ ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. 1). രഹസ്യപിരിവ് ഉൾപ്പെടെയുള്ള എല്ലാ വരവുകൾക്കും രസീത് എഴുതണം. രസീതു നമ്പർ ബുക്കിലും ചേർക്കണം. എല്ലാ ചെലവുകൾക്കും വൗച്ചർ എഴുതുകയും വൗച്ചറിൽ ഭാരവാഹികൾ ഒപ്പിടുകയും വേണം. വൗച്ചറിനെ സാധൂകരിക്കുന്ന ബില്ല്/രസീത്/ചീട്ടുകൾ എന്നിവയിലേതെങ്കിലും ഉണ്ടെങ്കിൽ വൗച്ചറിന്റെ പിൻവശത്ത് ഒട്ടിക്കണം. 2). വിദേശ അക്കൗണ്ടും ലോക്കൽ അക്കൗണ്ടും രണ്ടായിട്ടുതന്നെയാണ് സൂക്ഷിക്കേണ്ടത്. 3). തനതു കണക്കിലെ വരവിനങ്ങൾ രഹസ്യപിരിവ്, പ്രത്യേകാവശ്യങ്ങൾക്കുള്ള സംഭാവനകൾ, പൊതുസംഭാവനകൾ(മറ്റിനങ്ങൾ) എന്നിങ്ങനെ മൂന്നിനങ്ങളായാണ് തിരിക്കേണ്ടത്. ത്രൈമാസ റിപ്പോർട്ടുകൾ നാലും ക്രോഡീകരിച്ചാൽ എളുപ്പത്തിൽ വാർഷിക റിപ്പോർട്ടു തയ്യാറാക്കാം. 2009/10 ലെ വാർഷിക റിപ്പോർട്ടുഫോറം എ.സി കൾ വഴി

നൽകുന്നതായിരിക്കും. പഴയഫോറം ഉപയോഗിക്കരുത്. 4). വിദേശ അക്കൗണ്ടിൽ വരുന്ന ഇനങ്ങൾ ട്വിന്നിംഗ് ഗ്രാന്റ്, അൺട്വിൻഡ് കോൺഫ്രൻസുകൾക്കു നൽകുന്ന ട്വിന്നിംഗ് ഗ്രാന്റ് (T.G for UTC), വിവിധയിനം സ്കോളർഷിപ്പുകൾ (T.T.S, A.A.S, V.T.S,V.J.S, H.E.S) പ്രോജക്ട് ഗ്രാന്റ് എന്നിവയാണ്. സ്കോളർഷിപ്പ് തുകയോടുചേർത്ത് കോൺഫ്രൻസു നൽകുന്ന വിഹിതം ലോക്കൽ അക്കൗണ്ടിലേ ചേർക്കാവൂ.

ഈ നിർദ്ദേശങ്ങൾ എ.സി പ്രസിഡണ്ടുമാർ എല്ലാ കോൺഫ്രൻസുകൾക്കും വിശദീകരിച്ചു കൊടുക്കേണ്ടതാണ്.

**II.** ഏപ്രിൽ ആദ്യംതന്നെ വാർഷിക റിപ്പോർട്ടുകളും വാർഷിക വിഹിതങ്ങളും എ.സി. വഴി നൽകാത്ത കോൺഫ്രൻസുകളെ നിർജ്ജീവമായി കണക്കാക്കി, സി.സി യുടെ 2008-09 ലെ വാർഷിക റിപ്പോർട്ടിൽ നിന്ന് ഒഴിവാക്കുന്നതാണ്.

**III. താഴെപ്പറയുന്നവയാണ് വാർഷിക വിഹിതങ്ങൾ:**

1). ലോക്കൽ അക്കൗണ്ടിൽ നിന്ന് രഹസ്യപിരിവ്, മറ്റിനങ്ങളിലുള്ള വരവ് എന്നിവ കൂട്ടികിട്ടുന്ന തുകയുടെ 5% ഇതിൽ പകുതി എ.സി യിൽ എടുത്തശേഷം ബാക്കി പകുതിയാണ് സി. സി യ്ക്കു നൽകേണ്ടത്. 2). പ്രവർത്തകാംഗങ്ങളുടെ (വാർഷിക റിപ്പോർട്ടിലെ എണ്ണമനുസരിച്ച്) മെമ്പർഷിപ്പ് ഫീ 20 രൂപ പ്രകാരം. 3). നാഷണൽ കൗൺസിൽ ബുള്ളറ്റിൻ റീച്ചൗട്ടിന്റെ വരിസംഖ്യ 25 രൂപ പ്രകാരം. 4). റീജിയനൽ ബുള്ളറ്റിൻ "ഓസ്സാനാ" മിന്റെ വാർഷിക വരിസംഖ്യ 32 രൂപ പ്രകാരം കോൺഫ്രൻസിൽ നിന്നും 16 രൂപ പ്രകാരം എ. സി യിൽ നിന്നും.

**IV.** ഇതിനുപുറമെ സി.സി വർക്കിംഗ് ഫണ്ട് (150 രൂപ) സി.സി. വാർഷികം 2009 (125 രൂപ) എന്നിവയും ഇതോടു ചേർത്ത് (ഇനിയും തരാത്തവർ) നൽകേണ്ടതാണ്.

**V.** രൂപതാ ബുള്ളറ്റിൻ വരിസംഖ്യ 120 രൂപ മാർച്ച് മാസത്തിൽ തന്നെ സി.സി. യിൽ ലഭിച്ചാൽ മാത്രമേ ഏപ്രിൽ ലക്കം കിട്ടുകയുള്ളൂ. നിലവിലുള്ള മേൽവിലാസം മാറ്റണമെങ്കിൽ റാപ്പർ നമ്പറും പുതിയ മേൽവിലാസവും സി.സി. യിൽ മാർച്ച് 20-ാം തീയതിക്കകം ലഭിച്ചിരിക്കണം. മറ്റവസരങ്ങളിൽ അഡ്രസ്സ് മാറ്റം പ്രായോഗികമല്ല.

**VI. ഓസ്സാനാം ഭവൻ ശുശ്രൂഷാസന്ദർശനം**

ഫെബ്രുവരി 1-12: കൽപ്പറ്റ എ.സി, 13-28 കൊട്ടിയൂർ, മാർച്ച് 1-14 : കുറുമ്പാല, 15-31 : മാനന്തവാടി, ഏപ്രിൽ 1-14: നടവയൽ, 15-30: പാടിച്ചിറ. സന്ദർശനം സജീവമാക്കാൻ എ.സി. പ്രസിഡണ്ടുമാർ കോൺഫ്രൻസുകളെ മുൻകൂട്ടി വിവരമറിയിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകണമെന്നഭ്യർത്ഥിക്കുന്നു.

**VI.** പുതിയ നാഷണൽ കൗൺസിൽ പ്രസിഡണ്ട്: ബ്ര. ടി. ജോസഫ് പാണ്ഡ്യന്റെ ഭരണകാലാവധി ഫെബ്രുവരിയിൽ അവസാനിക്കുകയാണ്. പുതിയ പ്രസിഡണ്ട് തെരഞ്ഞെടുപ്പ് ഏകകണ്ഠമായി നടന്നു. ബ്ര. V.M.J. ബാലസ്വാമി പുതിയ പ്രസിഡണ്ടായി 28-2-2009 ന് അധികാരമേൽക്കുന്നതാണ്. 1993 മുതൽ മൂന്നു ബോർഡുകളിലും നാഷണൽ കൗൺസിൽ വൈസ്പ്രസിഡണ്ടായിരുന്നു അദ്ദേഹം. പുതിയ പ്രസിഡണ്ടിന് പ്രാർത്ഥനാപൂർവ്വം മംഗളങ്ങൾ നേരാം.

സ്നേഹപൂർവ്വം,

**ബ്ര. കെ. ജി. ജസ്റ്റിൻ**
സി.സി. പ്രസിഡണ്ട്



# ജയിൽ മിനിസ്ട്രി

**ഡിസംബർ**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ ക്രിസ്തുമസ്സിനോടനുബന്ധിച്ച് ഡിസംബർ 21-ാം തീയതി വൈത്തിരി ജയിൽ സന്ദർശിച്ചു. ജീസസ് ഫ്രട്ടേണിറ്റി ഡയറക്ടർ ബഹുമാനപ്പെട്ട ബിനു പൈനുങ്കൽ അച്ചൻ ജയിലിലെ ക്രിസ്തുമസ്സ് ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. ബഹുമാനപ്പെട്ട ബിനു പൈനുങ്കൽ അച്ചൻ ശ്രീ. കുര്യൻ തോലൻമാക്കിയിൽ, വൈത്തിരി സൺഡേസ്കൂൾ പ്രധാനാധ്യാപിക അന്നമ്മ പുതിയാകുന്നേൽ എന്നിവർ തടവറ സഹോദരങ്ങൾക്ക് ഹൃദയസ്പർശിയായ ക്രിസ്തുമസ് സന്ദേശങ്ങൾ നൽകി. വൈത്തിരി ഇടവകയിലെ സൺഡേസ്കൂൾ കുട്ടികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളും ജയിൽ സഹോദരങ്ങൾക്ക് ആനന്ദവും ആശ്വാസവും പകരുന്നവയായിരുന്നു. ക്രിസ്തുമസ്സ് ദിനത്തിൽ തങ്ങളെ ഓർക്കണമെന്നും ഇനി ഒരിക്കലും ഈ തടവറയിൽ തിരിച്ചെത്താതിരിക്കാൻ കുറ്റകൃത്യങ്ങളിൽനിന്ന് പിൻതിരിഞ്ഞ് നേരിന്റെ മാർഗ്ഗത്തിൽ ജീവിക്കാൻ പ്രാർത്ഥിക്കണമെന്നുള്ള തടവറ മക്കളുടെ യാചന ഏവരുടേയും കണ്ണുകളെ ഈറനണിയിക്കുന്നവയായിരുന്നു. ഏവർക്കും ക്രിസ്തുമസ്സ് മംഗളങ്ങൾ ആശംസിക്കുകയും ക്രിസ്തുമസ്സ് കേക്ക് മുറിച്ചു നൽകുകയും ചെയ്തു.

**ജനുവരി**

ജനുവരി മാസം 18-ാം തീയതിയാണ് ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ തടവറ സന്ദർശനം നടത്തിയത്. വയനാട് ജില്ലയുടെ വിവിധപ്രദേശങ്ങളിലായി ആതുരാലയങ്ങളിലും അനാഥമന്ദിരങ്ങളിലും വൃദ്ധമന്ദിരങ്ങളിലും മറ്റും പ്രശംസാർഹമായ ശുശ്രൂഷകൾ നിർവ്വഹിച്ചുവരുന്ന സന്യസ്തരും അൽമായരും അടങ്ങുന്ന സുവിശേഷമുന്നണിയിലെ ശുശ്രൂഷകർക്കൊപ്പമാണ് തടവറ സന്ദർശനം നടത്തിയത്. മാനന്തവാടി

കമില്ലസ് സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ബഹുമാനപ്പെട്ട റ്റെജി അച്ചന്റെ നേതൃത്വത്തിൽ എത്തിയ ഇവരുടെ സാന്നിധ്യം തടവറസഹോദരങ്ങൾക്ക് ഏറെ ആത്മീയ ചൈതന്യം പകരുന്നതായിരുന്നു. പ്രാർത്ഥനയോടെ ആരംഭിച്ച ശുശ്രൂഷയിൽ ബഹു. റ്റെജി അച്ചൻ പ്രചോദനാത്മകമായ സന്ദേശമാണ് നൽകിയത്. തുടർന്ന് തടവറയിലെ സഹോദരങ്ങളോട് വ്യക്തിപരമായി സംസാരിക്കാനും ക്രൈസ്തവ സഹോദരങ്ങളെ കുമ്പസാരത്തിന് ഒരുക്കാനും അവരുടെ മനസ്സുകളിൽ ആശ്വാസം പകരാനും കഴിഞ്ഞു. ജയിൽസഹോദരങ്ങൾ തങ്ങളുടെ കഴിഞ്ഞകാല ജീവിതാനുഭവങ്ങളും വേദനിപ്പിക്കുന്ന ഓർമ്മകളും ഉൽക്കണ്ഠകളും ഞങ്ങളുമായി പങ്കുവെയ്ക്കുകയുണ്ടായി.

കുറ്റവാളികളെന്ന് സമൂഹം മുദ്രകുത്തിയ ഇവരുടെ ദു:ഖകരമായ ജീവിതാനുഭവങ്ങളുടെ പങ്കുവെയ്ക്കൽ അവരെ അനുകമ്പയോടും സഹിഷ്ണതയോടും കൂടെ സമീപിക്കാനും കൈപിടിച്ചുയർത്താനുമുള്ള ദൗത്യത്തെ അനുസ്മരിപ്പിക്കുന്നവയായിരുന്നു.

**സി. അനിഷ SD**
സെക്രട്ടറി

# സാമൂഹ്യ സേവനരംഗം (WSSS)

**കറവപ്പശു - പരിശീലനം - ധനസഹായം**

WSSS ന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്ന സ്വാശ്രയസംഘങ്ങളുടെ വരുമാന വർദ്ധനവ്, ജൈവകൃഷി പ്രോത്സാഹനം എന്നിവ ലക്ഷ്യം വച്ചുകൊണ്ട് ക്ഷീര കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കി. സോഷ്യൽ വെൽഫയർ സൊസൈറ്റികളുടെ നേതൃത്വത്തിൽ അപേക്ഷ സ്വീകരിക്കുകയും WSSS സ്റ്റാഫ് അപേക്ഷകരെ സന്ദർശിക്കുകയും അർഹതയുള്ള കുടുംബങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു. SWS ഭാരവാഹികളുടെ ഉത്തരവാദിത്വത്തിൽ പദ്ധതി നടപ്പാക്കുകയും ചെയ്തു.

തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് മേഖലാടിസ്ഥാനത്തിൽ പരിശീലനം നൽകി. രണ്ടാംഘട്ടത്തിൽ 232 പേർ പരിശീലന പരിപാടിയിൽ പങ്കെടുത്തു. ഇവർക്കുള്ള ധനസഹായവും വിതരണം ചെയ്തു.

2008 ഡിസംബർ 19 -ാം തീയതി അമരക്കുനി സെന്റ് ജൂഡ്സ് പാരീഷ് ഹാളിൽ നടത്തിയ പരിശീലന പരിപാടി SWS ന്റെ ഡയറക്ടർ റവ. ഫാ. ജോയി പുല്ലൻകുന്നേൽ ഉദ്ഘാടനം ചെയ്തു. ഡോ. നിഷാന്ത് മൃഗചികിത്സയെക്കുറിച്ചും കന്നുകുട്ടി പരിപാലനത്തെക്കുറിച്ചും ക്ലാസ് നൽകി. മേഖലാ കോർഡിനേറ്റർ ജോർജ് ജോസഫ് പരിശീലന പരിപാടിക്ക് നേതൃത്വം നൽകി.

ഡിസം. 27 ന് കൽപ്പറ്റ സെന്റ് വിൻസെന്റ് പാരീഷ് ഹാളിൽ വെച്ച് നടത്തിയ പരിശീലന പരിപാടി SWS ഡയറക്ടർ റവ. ഫാ. ജോസ് കൊച്ചറയ്ക്കൽ ഉദ്ഘാടനം ചെയ്തു. വയനാട് ജില്ലാ വെറ്റിനറി ഹോസ്പിറ്റലിലെ സീനിയർ ഡോ. താര പശു പരിപാലനത്തെ

ക്കുറിച്ചും സി. ഇന്നസെന്റ് പാരമ്പര്യ രീതിയിലുള്ള മൃഗചികിത്സയെക്കുറിച്ചും ക്ലാസ് നൽകി.

ഡിസം. 30 -ാം തീയതി കൊട്ടിയൂർ സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ വെച്ച് നടത്തിയ പരിശീലന പരിപാടിയിൽ അടയ്ക്കാതോട് വെറ്റിനറി ഹോസ്പിറ്റലിലെ ഡോ. മനോജ്, സി. ഇന്നസെന്റ് എന്നിവർ ക്ലാസ് നൽകി.

2009 ജനുവരി 5, 6 തീയതികളിൽ WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ പരിശീലന പരിപാടി പ്രോഗ്രാം ഓഫീസർ ഒ.പി. അബ്രാഹം ഉദ്ഘാടനം ചെയ്തു. സി. ഇന്നസെന്റ് ക്ലാസിന് നേതൃത്വം നൽകി.

**കുറുമണി SWS ഉദ്ഘാടനം**

2009 ജനുവരി 11 -ാം തീയതി കുറുമണി സോഷ്യൽ വെൽഫയർ സൊസൈറ്റി ഉദ്ഘാടനം ചെയ്തു. പാരീഷ് ഹാളിൽ ചേർന്ന സമ്മേളനത്തിൽ SWS ഡയറക്ടർ ഫാ. ബാബു മാപ്ലശ്ശേരി അദ്ധ്യക്ഷത വഹിച്ചു. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ജനറൽ കോ- ഓർഡിനേറ്റർ കെ. ഒ. ജോയി, മേഖലാ കോ- ഓർഡിനേറ്റർ ജോഷി എന്നിവർ ആശംസകൾ നേർന്നു.

**ഭാരത സർക്കാർ ഗ്രാമവികസന പദ്ധതികൾ- ഏകദിനശില്പശാല**

ഭാരതസർക്കാർ നടപ്പിലാക്കിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ്യോജന, ജനനീസുരക്ഷ തുടങ്ങിയ വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് സാധാരണക്കാരിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനും വിശകലനം നടത്തുന്നതിനും കേന്ദ്ര ഗവൺമെന്റിന്റെ ഫീൽഡ് പബ്ലിസിറ്റി ഡയറക്ടറും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സംയുക്തമായി മാനന്തവാടി ബ്രഹ്മഗിരി ഹോട്ടലിൽ വച്ച് ജനുവരി 15 -ാം തീയതി ഏകദിന ശില്പശാല നടത്തി.

പ്രസ്തുത ശിൽപശാല ശ്രീ. കെ.സി. കുഞ്ഞിരാമൻ M.L.A ഉദ്ഘാടനം ചെയ്തു. മാനന്തവാടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.എം. വർക്കി മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം സ്വാഗതം ആശംസിച്ചു. വയനാട് ജില്ലാ കലക്ടർ പി. പി. ഗോപി IAS മുഖ്യാതിഥി ആയിരുന്നു. വയനാട് ജില്ലാ

പഞ്ചായത്ത് അംഗം അഡ്വ. ഒ.വി. സനൽകുമാർ ആശംസകൾ നേർന്നു. ശ്രീ. എൻ.ഡി. ജയചന്ദ്രൻ, ശ്രീ. പി.വി. തോമസ് എന്നിവർ വിഷയാവതരണം നടത്തി. സോഷ്യൽ വെൽഫയർ സൊസൈറ്റികളിലെ പ്രസിഡണ്ടുമാരും സെക്രട്ടറിമാരും പ്രസ്തുത ശില്പശാലയിൽ പങ്കെടുത്തു.

### സ്ത്രീകൾക്കുള്ള വരുമാന വർദ്ധക പദ്ധതികൾ

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ, സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ SPED II പ്രോഗ്രാമിന്റെ ഭാഗമായി അവിവാഹിതരും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവരുമായ 30 അമ്മമാർക്ക് വരുമാന വർദ്ധക സംരംഭങ്ങൾക്കായുള്ള സബ്സിഡി വിതരണം ചെയ്തു. തങ്ങളുടെ ജീവിതത്തിൽ ഏൽക്കേണ്ടി വന്ന ഒറ്റപ്പെടുത്തലിന്റെയും അപമാനത്തിന്റെയും ഭാരിച്ച ഉത്തരവാദിത്വത്തിന്റെയും മധ്യേ ആശ്വാസവും പ്രതീക്ഷയും പകരുന്നതായിരുന്നു ഈ പദ്ധതി. വിവിധ മേഖലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പദ്ധതി ഗുണഭോക്താക്കൾക്ക് 2 ദിവസത്തെ സംരംഭകത്വ പരിശീലനം നൽകിയ ശേഷമാണ് പദ്ധതി വിഹിതമായ 4000 രൂപ വിതരണം ചെയ്തത്. ഗുണഭോക്താക്കൾക്ക് മൃഗപരിപാലനം, തയ്യൽ മുതലായ സംരംഭങ്ങൾക്കു വേണ്ടിയാണ് പ്രസ്തുത തുക ചെലവിട്ടത്.

### ആദിവാസി വികസന പരിപാടികൾ - ആട് വിതരണം

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കിവരുന്ന ആദിവാസി വികസന പരിപാടികളുടെ ഭാഗമായി ആടുകളെ വിതരണം ചെയ്തു. പഴഞ്ചേരിക്കുന്ന്, കിണറ്റിങ്കൽ, കൊമ്മയാട്, ബേഗൂർ, പുതുശ്ശേരിക്കുന്ന്, നടവയൽ എന്നീ കോളനിയിലെ കുടുംബശ്രീ അംഗങ്ങൾക്കാണ് വരുമാന വർദ്ധക പരിപാടിയുടെ ഭാഗമായി 16 ആടുകളെ വിതരണം ചെയ്തത്.

### കോഴി വിതരണം


മാനന്തവാടി താലൂക്കിൽപ്പെട്ട തിരുനെല്ലി, മാനന്തവാടി, തവിഞ്ഞാൽ, വെള്ളമുണ്ട, എടവക എന്നീ പഞ്ചായത്തുകളിൽ തെരഞ്ഞെടുക്കപ്പെട്ട കോളനികളിലെ കുടുംബശ്രീ അംഗങ്ങൾക്കായി കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു. ഓരോ അംഗത്തിനും 5 കോഴികളെ

വീതം 35 അംഗങ്ങൾക്കാണ് നൽകിയത്. വിതരണോദ്ഘാടനം WSSS ന്റെ ജോയിന്റ് ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ ഏലംകുന്നേലച്ചൻ നിർവ്വഹിച്ചു. ട്രൈബൽ ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ കോർഡിനേറ്റർമാരായ ശ്രീ. ജോസ് തൂമുള്ളിൽ, ശ്രീ. അനു ജോൺ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഔഷധ നിർമ്മാണം**

തിരുനെല്ലി പഞ്ചായത്തിൽ WSSS പുതുതായി പ്രവർത്തനമാരംഭിച്ച ബാവലി - മീൻകൊല്ലി കോളനി നിവാസികൾക്കായി ഔഷധ സസ്യങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നടത്തി. തുടർന്ന് പച്ച മരുന്നുകൾ ഉപയോഗിച്ച് പെയിൻ ബാം, മുറിവെണ്ണ എന്നീ ഔഷധങ്ങൾ നിർമ്മിക്കുവാൻ പഠിപ്പിക്കുകയും, നിർമ്മിച്ച ഔഷധങ്ങൾ കോളനിക്കാർക്ക് വിതരണം ചെയ്യുകയും ചെയ്തു.

**റവ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ



# ക്രിസ്റ്റീൻ വാർത്തകൾ

ക്രിസ്റ്റീൻ രൂപതാ ടീമിന്റെ നേതൃത്വത്തിൽ ചിത്രഗിരി ഇടവകയിലും, ഊട്ടി രൂപതയിലെ ചേരമ്പാടി ഇടവകയിലും കുട്ടികൾക്കായി ധ്യാനം നടത്തി. ഡയറക്ടർ ഫാ. ടോമി പുത്തൻപുരയ്ക്കൽ, ഫാ, പ്രിൻസ് തുമ്പിയാംകുഴി, സി. മേരിനിഷ SKD, സി. മരിയ CMC, സി. ആൻമേരി SH, അനീഷ് ഉപ്പുവീട്ടിൽ എന്നിവർ ധ്യാനത്തിന് ക്ലാസുകൾ നയിച്ചു.

**ക്രിസ്റ്റീൻ രൂപത കൺവെൻഷൻ**

ക്രിസ്റ്റീൻ രൂപതാ ടീമിന്റെ നേതൃത്വത്തിൽ ഈ വർഷം അവധിക്കാലത്ത് 2 കൺവെൻഷനുകൾ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തുന്നു. ഹൈസ്ക്കൂൾ, +2 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പങ്കെടുക്കാം. ഏപ്രിൽ 22 മുതൽ 27 വരെയും, മെയ് 22 മുതൽ 27 വരെയും ആയിരിക്കും ധ്യാനങ്ങൾ. രണ്ട് ധ്യാനങ്ങൾക്കും 150 കുട്ടികൾക്ക് വീതം മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്കാണ് അവസരം. താത്പര്യമുള്ളവർ 100 രൂപകൊടുത്ത് സിയോൻ ഓഫീസിൽ നേരത്തെ പേര് രജിസ്റ്റർ ചെയ്യുക.

ഫോൺ: 04935 – 240922

**റവ. ഫാ. മാത്യു പുത്തൻപുരയ്ക്കൽ**
ഡയറക്ടർ

# ദൈവവിളി ക്യാമ്പ്

മാനന്തവാടി രൂപതയിൽനിന്ന് വൈദിക സന്യാസ കുടുംബാന്ത സ്സുകളിലേയ്ക്ക് പ്രവേശിക്കുന്ന കുട്ടികൾക്കായി ദൈവവിളിക്യാമ്പ് 2009 മാർച്ച് 31 മുതൽ നടത്തപ്പെടുകയാണ്. മണിമൂളി ഗൂഡല്ലൂർ മേഖലയി ലുള്ള കുട്ടികൾക്കുവേണ്ടി മണിമൂളി റീജണൽ പാസ്റ്ററൽ സെന്റ റിൽവെച്ച് നടത്തുന്നതാണ്. നമ്മുടെ രൂപതയിൽനിന്ന് സെമിനാരിയിലോ, മഠത്തിലോ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികളെല്ലാവരും ക്യാമ്പിൽ പങ്കെ ടുക്കണം.

**പെൺകുട്ടികൾക്ക്:-** 2009 മാർച്ച് 31, 5.00 p.m. മുതൽ ഏപ്രിൽ 3 രാവിലെ 10.30 a.m.വരെ.

സ്ഥലം :- ദ്വാരക പാസ്റ്ററൽ സെന്റർ.

വൊക്കേഷൻ പ്രൊമോട്ടേഴ്സിന് കുട്ടികളെ കാണാനുള്ള സമയം: ഏപ്രിൽ 2, 2.15 p.m. മുതൽ 4.00 p.m. വരെ.

ക്യാമ്പ് ഫീസ് :- 200 രൂപ.

**ആൺകുട്ടികൾക്ക്:-** 2009 ഏപ്രിൽ 15, 5.00 p.m.മുതൽ ഏപ്രിൽ 18 10.30 a.m. വരെ.

സ്ഥലം:- ദ്വാരക പാസ്റ്ററൽ സെന്റർ.

വൊക്കേഷൻ പ്രൊമോട്ടേഴ്സിന് കുട്ടികളെ കാണാനുള്ള സമയം: ഏപ്രിൽ 17, 2.30 p.m. മുതൽ 4.00 p.m.വരെ.

ക്യാമ്പ് ഫീസ് :- 200 രൂപ

**മണിമൂളി റീജിയണൽ ക്യാമ്പ്**

(ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും)

സ്ഥലം :- മണിമൂളി പാസ്റ്ററൽ സെന്റർ

**റവ. ഫാ. തോമസ് കാട്ടുതുരുത്തിയിൽ**



# അറിയിപ്പുകൾ

## 1) Radio Mattoli

മാനന്തവാടിയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന കേരളത്തിലെ പ്രഥമ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനിൽ (റേഡിയോ മാറ്റൊലി) പ്രൊഡ്യൂസർ, പ്രൊഡ്യൂസർ അസിസ്റ്റന്റ്, അവതാരകർ, (Rjs) ആയി സേവനമനുഷ്ഠിക്കാൻ താൽപര്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ ഫെബ്രുവരി 15 ന് മുമ്പായി ബന്ധപ്പെടുക.

അപേക്ഷയോടൊപ്പം ഫോട്ടോ പതിച്ച വിശദമായ ബയോഡാറ്റ സമർപ്പിച്ചിരിക്കണം. അടിസ്ഥാന യോഗ്യത ഡിഗ്രിയായിരിക്കും. വൈദഗ്ദ്ധ്യം അവകാശപ്പെടുന്ന മേഖലകൾ, അഭിരുചികൾ, മുൻപരിചയം, ഹോബികൾ എന്നിവ ബയോഡാറ്റയിൽ വിശദമായി രേഖപ്പെടുത്തിയിരിക്കണം. കലാരംഗങ്ങളിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ (ഗാനം, അഭിനയം, മിമിക്രി, പ്രസംഗം etc) വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷിപ്പെടുത്തിയ കോപ്പികളും അപേക്ഷയോടൊപ്പം വെച്ചിരിക്കണം.

ലഭിക്കുന്ന അപേക്ഷകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മികവ് വിലയിരുത്താനും ശബ്ദ പരിശോധനക്കുമായി ഫെബ്രുവരി അവസാന ആഴ്ചയിൽ ഒരു ക്യാമ്പ് നടത്തുന്നതാണ്. പ്രസ്തുത ക്യാമ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്കായി മാർച്ച് മാസത്തിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതായിരിക്കും.
അപേക്ഷ അയക്കേണ്ട വിലാസം :

Station Director
Radio Mattoli
Nallurnad Post
Mananthavady - 670645
Email:radiomattoli@gmail.com
Tel: 04935 240066, Mob: 9446420066

## 2) 2009-ലെ വിശുദ്ധ നാടുകളിലേയ്ക്കുള്ള തീർത്ഥാടനം

ഇസ്രായേൽ, ഈജിപ്ത്, ജോർദ്ദാൻ, പാലസ്തീന രാജ്യങ്ങളിലേയ്ക്ക് 2009 ഏപ്രിൽ - മെയ് മാസങ്ങളിലും, വിശ്വപ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രമായ ലൂർദ്ദ്, പാരീസ് നഗരം (വി. വിൻസെന്റ് ഡി പോൾ) വത്തിക്കാൻ, റോം, വെനീസ്, പാദുവ, ഇസ്രായേൽ, ജോർദ്ദാൻ, പാലസ്തീന തുടങ്ങിയ പുണ്യസ്ഥലങ്ങളിലേയ്ക്ക് 2009 സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലുമായി തീർത്ഥയാത്രകൾ ക്രമീകരിച്ചിരിക്കുന്നു. താൽപര്യമുള്ളവർ ഉടനെ ബന്ധപ്പെടുക:

Fr. Vincent Pudussery
St. Joseph's Church
Rippon (P.O), Meppadi 673 577
Ph: 04936 - 280757, Mob: 09388431601
E-mail : vincentpudussery@gmail.com

NB:- ബഹു. വികാരിയച്ചന്മാർ ഈ വിവരം പള്ളിയിൽ അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു.

**ഫാ. വിൻസെന്റ് പുതുശ്ശേരി**


## 3) ജീസസ് മിഷൻ ധ്യാനം

വിൻസെൻഷ്യൻ വൈദിക വിദ്യാർത്ഥികൾ നയിക്കുന്ന
ജീസസ് മിഷൻ ധ്യാനം

മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ഇടവകകൾതോറും നടത്തുന്ന കുട്ടികളുടെ മൂന്നു ദിവസത്തെ **ജീവിതനവീകരണ ധ്യാനവും കൂട്ടായ്മയും**

♦ കുഞ്ഞുമക്കളെ ദൈവാനുഭവത്തിലേയ്ക്കു നയിക്കുന്ന വചനശുശ്രൂഷകൾ ♦ ദൈവീക ജീവനേകുന്ന ദിവ്യബലി ♦ ദൈവ-മനുഷ്യ അനുരഞ്ജന ശുശ്രൂഷ ♦ സ്വർഗ്ഗീയാനുഭൂതി പകരുന്ന ആരാധനാ നിമിഷങ്ങൾ ♦ ബൈബിൾ സന്ദേശമുൾക്കൊള്ളുന്ന Action Songs, Role Play, Audio-visual Programme. ♦ ആത്മീയാനുഭൂതി പകരുന്ന ഗാന ശുശ്രൂഷകൾ ♦ സാക്ഷ്യമേകുന്ന ബൈബിൾറാലി ♦ സൗഹൃദം വളർത്തുന്ന സ്നേഹവിരുന്ന്. ജീസസ് മിഷൻ - ധ്യാനം നടത്തുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക:

Director
Jesus Mission, Vincentian Vidyabhavan, Aluva
Pin 683102, Phone: 0484-2604404



# Programme

## Pastoral Centre, Dwaraka

### *February - 2009*

| | |
|---|---|
| *Jan. 30-Feb.02* | *Marriage Preparation Course* |
| *03-04* | *Students from Changanassery* |
| *06* | *Zion CRC : Night Vigil* |
| *07* | *Zion CRC : Prayer Day,* |
| | *Christeen Prayer Day* |
| *14* | *Jesus Youth : Prayer Day* |
| | *Pastoral Council* |
| *14-17* | *Marriage Preparation Course* |
| *22-26* | *Zion CRC : Retreat* |
| *27 - March 2* | *Marriage preparation Course* |

**Rev. Fr. Mathew Madapallikunnel**
Director, Pastoral Centre



# Bishop's Programme

## 2009 February

| | | |
|---|---|---|
| 1 Sun | .............. | Payyampally : Pastoral Visit |
| 2-3 | ............. | Out of Station |
| 4 Wed | ............. | Visitors' day |
| 5 Thu | ............. | Karackamala : Blessing of Sunday School building |
| 6 Fri | .............. | Out of Station |
| 7 Sat | Morning | Chettappalam: Jubilee of Syro-Malankara Church |
| | Afternoon | Moolankavu : Jubilee of Syro-Malankara Church |
| 8 Sun | ............. | Thrissur : K.C.B.C. Kerala Labour Movement General Convention |
| 9 Mon | Morning | Payyampally : Priestly Ordination of Deacon Sebastian Thazhathukarimpanackal OCD |
| | Afternoon | Thonichal : Blessing of Presbytery |
| 10 Tue | .............. | Edayoorkunnu : Blessing of Church |
| 11 Wed | Afternoon | Kaniyaram : TTI Anniversary |
| 12 Thu | .............. | Koluvally (Archdiocese of Tellichery) First Communion & Confirmation |
| 13 Fri | ............... | Out of Station |

| | | |
|---|---|---|
| *14 Sat* | *...............* | *Pastoral Council* |
| *15-18* | *..............* | *Mysore Mission : Pastoral Visit* |
| *19 Thu* | *Morning* | *Cheriyamkolly : Seminary Mela* |
| | *Afternoon* | *Kottiyoor : Blessing of Presbytery* |
| *20 Fri* | *..............* | *Cathedral : Holy Mass and Eucharistic Procession* |
| *21 Sat* | *..............* | *Becki : Blessing of Presbytery* |
| *22-24* | *..............* | *Bangalore* |
| *25 Wed* | *Afternoon* | *Meenangadi : Blessing of VC Novitiate* |
| *26-28* | *..............* | *Engaged* |

## *2009 March*

| | | |
|---|---|---|
| *1 Sun* | *..............* | *Narivalamunda : Pastoral visit* |
| *2 Mon* | *.............* | *Visitors' day* |
| *3 Tue* | *Morning* | *Thariode : Send off to Teachers* |
| | *Afternoon* | *Dwaraka : St. Alphonsa Church: H.Mass* |
| *4-6* | *.............* | *Engaged* |
| *7 Sat* | *.............* | *Makkiad : Benedictine Ashram* |
| *8-11* | | *Ernakulam : KCBC Kerala Labour Movement programmes* |
| *13 Fri* | *.............* | *Out of station* |
| *15 Sun* | *.............* | *Kurumani : Pastoral visit* |
| *16 Mon* | *.............* | *Visitors' day* |
| *17 Tue* | *.............* | *Engaged* |
| *18 Wed* | *.............* | *Visitors' day* |
| *19 Thu* | *.............* | *Mananthavady : St. Joseph's Hospital* |
| *20 Fri* | *.............* | *Out of station* |
| *22 Sun* | *.............* | *Manimooly : Pastoral visit* |
| *23 Mon* | *.............* | *Visitors' day* |
| *25 Wed* | *.............* | *Visitors' day* |
| *27 Fri* | *.............* | *Out of station* |
| *29 Sun* | *.............* | *Poolapadam : Pastoral visit* |
| *30 Mon* | *.............* | *Visitors' day* |